
# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം


APRIL 2026 | Vol - 6 ● Issue - 4 ● 16 Page Tabloid | www.syromalabarvision.com


# ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട്: അഭിമാനപൂർവം സീറോമലബാർസഭ




**ഫാ. ജയിംസ് കൊക്കവയലിൽ**
സെക്രട്ടറി
സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ

REPORT OF
JUSTICE J. B. KOSHY COMMISSION
ON CHRISTIAN MINORITIES 2023

ക്രിസ്ത്യൻ
ന്യൂനപക്ഷങ്ങൾക്കായുള്ള
ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ
റിപ്പോർട്ട് 2023

**ജെ. ബി. കോശി കമ്മീഷനുവേണ്ടി സീറോമലബാർസഭ ഇത്രയേറെ കഷ്ടപ്പെട്ടെങ്കിലും സഭയ്ക്കു പ്രയോജനപ്രദമായ ശിപാർശകളിൽ വളരെ കുറച്ചു മാത്രമേ നടപ്പിലാക്കാൻ സർക്കാർ തയ്യാറായിട്ടുള്ളൂ. എങ്കിലും കേരളത്തിലെ ക്രിസ്ത്യാനികളുടെ പിന്നാക്കാവസ്ഥ ചൂണ്ടിക്കാണിക്കാൻ ഒരു ആധികാരികരേഖ ലഭിച്ചതിൽ സന്തോഷമുണ്ട്. കൂടാതെ ഈ കമ്മീഷന്റെ നിയമനം സഭയ്ക്ക് സ്വയം വിലയിരുത്തലിനും പഠനത്തിനും നിമിത്തമായി.**

ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടതിൽ സീറോമലബാർ സഭയ്ക്ക് വലിയ അഭിമാനമുണ്ട്, കാരണം അത് സീറോമലബാർ സഭയുടെ സംഭാവനയാണ്. ഇങ്ങനെ പറയുന്നതിൽ ഒരു കടുകിടപോലും അതിശയോക്തിയില്ല. ജസ്റ്റിസ് ജെ. ബി. കോശിയുടെ തന്നെ വാക്കുകൾ ഇപ്രകാരമാണ്, 'സീറോമലബാർ സഭയാണ് ഇങ്ങനെ ഒരു കമ്മീഷൻ വേണമെന്ന് ആവശ്യപ്പെട്ടതും കൂടുതൽ ഇതിനുവേണ്ടി പരിശ്രമിച്ചതും'. ഇത് അദ്ദേഹം പല വേദികളിൽ നടത്തിയിട്ടുള്ള പ്രസ്താവനയാണ്. കൂടാതെ റിപ്പോർട്ടിന്റെ ആരംഭത്തിൽ അദ്ദേഹം 'സീറോമലബാർസഭ ഉൾപ്പെടെ പല സഭകളും' (1.1) എന്നു നമ്മുടെ മാത്രം പേരെടുത്തു പരാമർശിച്ചിരിക്കുന്നു. ഉപസംഹാരത്തിലും ഈ പരാമർശമുണ്ട്.

2019 ഡിസംബർ 20 ന് ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടത്തിന്റെ നേതൃത്വത്തിൽ ബിഷപ്പ് മാർ മാത്യു അറയ്ക്കൽ, ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്, ബിഷപ്പ് മാർ തോമസ് തറയിൽ എന്നിവർ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ സന്ദർശിച്ച് ഒരു ലക്ഷം പേർ ഒപ്പിട്ട ഭീമഹർജി സമർപ്പിച്ചു. ഈ ഹർജിയിലെ ഒന്നാമത്തെ ആവശ്യം കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷത്തിന്റെ പിന്നാക്കാവസ്ഥ പഠിക്കാൻ ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിക്കണം എന്നതായിരുന്നു. ഇപ്രകാരം ഒരു നിവേദനം നൽകി മാസങ്ങൾ കഴിഞ്ഞിട്ടും സർക്കാർ നടപടികൾ ഒന്നും സ്വീകരിക്കാതിരുന്ന സാഹചര്യത്തിൽ സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, കമ്മീഷൻ കൺവീനർ ബിഷപ്പ് മാർ തോമസ് തറയിൽ എന്നിവർ 2020 ഒക്ടോബർ 27 ന് ബഹു. മുഖ്യമന്ത്രിയെ വീണ്ടും സന്ദർശിക്കുകയും പ്രസ്തുത ജുഡീഷ്യൽ കമ്മീഷനെ ഉടൻതന്നെ നിയമിക്കണമെന്ന് ശക്തമായി ആവശ്യപ്പെടുകയും ചെയ്തു. സീറോമലബാർ സഭയുടെ ഭാഗത്തുനിന്ന് സമ്മർദം ശക്തമായതിനെത്തുടർന്ന്, പത്തു ദിവസത്തിനകംതന്നെ, 2020 നവംബർ 05 ന്, കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനെ നിയമിച്ചു.

ജസ്റ്റിസ് ജെ. ബി. കോശി ചെയർമാനായും ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് ഐ.എ.എസ്., ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ്. എന്നിവർ അംഗങ്ങളായും നിയമിക്കപ്പെട്ട കമ്മീഷനിൽ കേരളത്തിലെ ഏറ്റവും വലിയ ക്രൈസ്തവ വിഭാഗമായ സീറോമലബാർ സഭയിൽനിന്നും പ്രതിനിധി ഇല്ലാതെ വന്നത് വലിയ പോരായ്മയായി വിലയിരുത്തപ്പെട്ടു. തുടർന്ന് സഭയുടെ ആവശ്യം അംഗീകരിച്ച്, കോതമംഗലം രൂപതാംഗമായ റിട്ട. ജഡ്ജ് സി.വി. ഫ്രാൻസിസിനെ കമ്മീഷൻ സെക്രട്ടറിയായി നിയമിച്ചു. സമഗ്രമായ ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ അദ്ദേഹം നിസ്തുലമായ സേവനമാണ് നൽകിയതെന്ന് നമുക്ക് റിപ്പോർട്ടിന്റെ താളുകൾ മറിക്കുമ്പോൾ മനസിലാകും.

2021 ഫെബ്രുവരി 08 നാണ് കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ (Terms of Reference) പുറത്തിറക്കിയത്. അന്നു മുതൽ കമ്മീഷന്റെ നടപടികളെക്കുറിച്ച് സമുദായാംഗങ്ങളെ അറിയിക്കാനും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചു പരമാവധി നിവേദനങ്ങൾ സമർപ്പിക്കാനും സീറോമലബാർ സഭ കഠിനമായി പരിശ്രമിച്ചിരുന്നു. സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷനാണ് ഇതിന്റെ ചുമതല നിർവഹിച്ചത്. ജെ.ബി. കോശി കമ്മീഷന് നാലുലക്ഷത്തി നാൽപത്തയ്യായിരത്തി അഞ്ഞൂറിൽപരം (445500) നിവേദനങ്ങളാണ് ലഭിച്ചത്. ഇതിൽ മഹാഭൂരിപക്ഷവും സീറോമലബാർ സഭയിൽ നിന്ന് ലഭിച്ചവയാണ്. ഇരിങ്ങാലക്കുട രൂപതയിൽനിന്ന് ഒരു ജീപ്പു നിറയെ നിവേദനങ്ങൾ കൊണ്ടുവന്നതിന് അന്നു കമ്മീഷൻ ഓഫീസിൽ ഉണ്ടായിരുന്ന ഞാൻ സാക്ഷിയാണ്. അത്രമാത്രം ആവേശവും സഹകരണവുമാണ് സീറോമലബാർ സമുദായാംഗങ്ങളിൽനിന്ന് കമ്മീഷനോട് ഉണ്ടായത്.

നമ്മൾ ഭീമഹർജി പോലെ നിവേദനങ്ങൾ കൊടുക്കുകയായിരുന്നില്ല. ശാസ്ത്രീയ പഠനങ്ങൾ നടത്തി വ്യക്തമായ അപഗ്രഥനങ്ങളാണ് സമർപ്പിച്ചത്. തലശേരി, താമരശേരി, മാനന്തവാടി രൂപതകൾ സമഗ്ര സർവേയും മറ്റു പല രൂപതകളും സാമ്പിൾ സർവേയും നടത്തി. തൃശൂർ അതിരൂപതയുടെ PAROC Institute സഭ മുഴുവനിലും സാമ്പിൾ സർവേ നടത്തി. പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ വൈദികരും അത്മായരുമടങ്ങുന്ന ഒരു വിദഗ്ധസംഘം തൃശൂർ അതിരൂപതാ ആസ്ഥാനത്ത് ദിവസങ്ങളോളം താമസിച്ചാണ് സീറോമലബാർ സഭയുടെ നിവേദനം തയ്യാറാക്കിയത്. ഫാ. നോബിൾ പാറയ്ക്കൽ, ഫാ. സബിൻ തൂമുള്ളിൽ, ഡോ. ചാക്കോ കാളാംപറമ്പിൽ, ഡോ. മേരി റജീന, അഡ്വ. ജോജി ചിറയിൽ, അഡ്വ. അലക്സ് എം സ്കറിയ, റോണി അഗസ്റ്റിൻ, ബിബിൻ കെ. അലക്സ് എന്നിവരും ഞാനുമാണ് ഈ സംഘത്തിൽ ഉണ്ടായിരുന്നത്. ഈ നിവേദനത്തിൽ സമുദായംഗങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളും വിവേചനങ്ങളും സമഗ്രമായും ശാസ്ത്രീയമായും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതിലെ ബഹുഭൂരിപക്ഷം വിഷയങ്ങളും അവയുടെ ചാർട്ടുകളും ടേബിളുകളും സഹിതം ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിൽ അതേപോലെ തന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നത് അഭിമാനകരമാണ്. ഈ നിവേദനം തയ്യാറാക്കുന്നതിൽ പ്രധാന സഹകാരികളിൽ ഒരാളായിരുന്ന യശ:ശരീരനായ അഡ്വ. അലക്സ് എം. സ്കറിയയ്ക്ക് സ്മരണാഞ്ജലി അർപ്പിക്കുന്നു.

ജെ. ബി. കോശി കമ്മീഷൻ ജില്ലാ ആസ്ഥാനങ്ങളിൽ മാത്രമേ സിറ്റിംഗുകൾ നടത്തുകയുള്ളൂ എന്നു തീരുമാനിച്ചിരുന്നെങ്കിലും സീറോമലബാർസഭയ്ക്കുവേണ്ടി രണ്ടു സ്പെഷ്യൽ സിറ്റിംഗുകൾ നടത്താൻ തയ്യാറായി. 2021 നവംബർ 22 ന് സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സിറ്റിംഗ് നടത്തുകയും പബ്ലിക് അഫയേഴ്സ് കമ്മീഷൻ അംഗങ്ങളായ അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ അന്നത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയിൽനിന്ന് നിവേദനം ഏറ്റുവാങ്ങുകയും ചെയ്തു.

2023 മെയ് 17 ന് ജസ്റ്റിസ് ജെ. ബി. കോശി ബഹു. മുഖ്യമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിച്ചു. എന്നാൽ റിപ്പോർട്ട് പുറത്തുവിടാൻ തയ്യാറാകാതെ സർക്കാർ ആയിരത്തിൽപരം ദിവസങ്ങൾ അത് പൂഴ്ത്തിവച്ചു. സീറോമലബാർ സഭ ഇതിനെതിരെ ശക്തമായി ശബ്ദമുയർത്തി. സഭാ സിനഡുതന്നെ ഇക്കാര്യം സർക്കാരിനോട് ആവശ്യപ്പെട്ടു, കൂടാതെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ബഹു. മുഖ്യമന്ത്രിക്ക് റിപ്പോർട്ട് പുറത്തുവിടണമെന്ന് ആവശ്യപ്പെട്ട് കത്തെഴുതി.

2024 ആഗസ്റ്റിൽ പാലായിൽ നടന്ന സഭാ അസംബ്ലിയിൽ പ്രമേയം പാസാക്കി. പബ്ലിക് അഫയേഴ്സ് കമ്മീഷനും വിവിധ രൂപതകളും സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസും എസ്.എം.വൈ.എം.ഉം വി

**ശേഷം പേജ് 3-ൽ**

## എഡിറ്റോറിയൽ

# ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്: നീതിനിഷേധത്തിന്റെ കണക്കെടുപ്പും പ്രത്യാശയുടെ വെളിച്ചവും

കേരളത്തിലെ ക്രൈസ്തവരും വിശിഷ്യ സീറോമലബാർസഭയും കാലങ്ങളായി ഉയർത്തുന്ന നീതിക്കായുള്ള നിലവിളികൾക്കു ഭരണഘടനാപരമായ അംഗീകാരം നല്കിയിരിക്കുകയാണ് ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്. സീറോമലബാർസഭയുടെ ഫലപ്രദമായ ഇടപെടലുകൾ കമ്മീഷൻ രൂപീകരിക്കപ്പെടാൻ പ്രത്യേകം കാരണമായിട്ടുണ്ടെന്നു റിപ്പോർട്ടിന്റെ ആരംഭത്തിൽ എടുത്തുപറയുന്നുണ്ട്. ഈശോയുടെ ശ്ലീഹന്മാരിൽ ഒരുവനും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർത്തോമാശ്ലീഹായിലൂടെ സ്ഥാപിക്കപ്പെട്ടതും സുറിയാനി ആരാധനക്രമപാരമ്പര്യത്തിൽ രൂപപ്പെട്ടതുമായ മാർത്തോമാനസ്രാണികളുടെ പൈതൃകത്തെ ചരിത്രപരമായ വസ്തുതകളുടെ വെളിച്ചത്തിൽ അപഗ്രഥിച്ചാണ് കമ്മീഷൻ ക്രൈസ്തവസമൂഹത്തിന്റെ പ്രതിസന്ധികളെ ഗൗരവപരമായി സർക്കാരിനു മുൻപിലേക്ക് വയ്ക്കുന്നത്. പതിറ്റാണ്ടുകളായി ക്രൈസ്തവസമൂഹം അനുഭവിച്ചുപോരുന്ന വ്യവസ്ഥാപിതമായ വിവേചനങ്ങളെയും പാർശ്വവൽക്കരണത്തെയും അക്കമിട്ടു നിരത്തുന്ന ഈ രേഖ, സമുദായം ഉന്നയിച്ച പരാതികൾ കേവലം അതിശയോക്തിയല്ലെന്ന് അടിവരയിടുന്നു. നാലര ലക്ഷത്തിലധികം നിവേദനങ്ങൾ കമ്മീഷനു ലഭിച്ചു എന്നതുതന്നെ സമുദായം നേരിടുന്ന അരക്ഷിതാവസ്ഥയുടെ ആഴം വ്യക്തമാക്കുന്നു.

സീറോമലബാർ നസ്രാണിസമുദായത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും നിർണ്ണായകമായത് നമ്മുടെ യുവതലമുറയുടെ ഭാവിയാണ്. റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം, വിദ്യാഭ്യാസമേഖലയിൽ സഭ നല്കിയ മഹത്തായ സംഭാവനകൾക്കിടയിലും നമ്മുടെ കുഞ്ഞുങ്ങൾ ഉന്നത വിദ്യാഭ്യാസമേഖലയിൽനിന്നു പുറന്തള്ളപ്പെടുന്നു. ന്യൂനപക്ഷ സ്കോളർഷിപ്പുകളിൽ നിലനിന്നിരുന്ന 80:20 എന്ന അനുപാതം തിരുത്തപ്പെടണമെന്ന കമ്മീഷൻ നിർദ്ദേശം വൈകിയെത്തിയ നീതിയാണ്. അതോടൊപ്പം, സഭ നടത്തുന്ന എയ്ഡഡ് സ്കൂളുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ഗ്രാന്റുകൾ നൽകണമെന്ന ശുപാർശ സഭയുടെ വിദ്യാഭ്യാസദൗത്യം തുടരാൻ അത്യന്താപേക്ഷിതമാണ്.

മലയോര കർഷകർ നേരിടുന്ന ദുരിതങ്ങൾ കമ്മീഷൻ കൃത്യമായി അടയാളപ്പെടുത്തിയിട്ടുണ്ട്. വന്യമൃഗശല്യം മൂലമുള്ള കൃഷിനാശവും ജീവാപായവും, പതിറ്റാണ്ടുകളായിട്ടും ലഭിക്കാത്ത പട്ടയങ്ങളും കർഷക കുടുംബങ്ങളെ കടുത്ത ദാരിദ്ര്യത്തിലേക്ക് തള്ളിവിട്ടിരിക്കുന്നു. ഇ.ഡബ്ല്യു.എസ് (EWS) സംവരണത്തിലെ അശാസ്ത്രീയമായ ഭൂപരിധി മാനദണ്ഡങ്ങൾ കാരണം അർഹരായ പലർക്കും ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു. കൃഷിഭൂമി കൈവശമുണ്ടെങ്കിലും വരുമാനമില്ലാത്ത കർഷകന് സംവരണാനുകൂല്യം നല്കുന്നതിൽ സർക്കാർ പുലർത്തുന്ന വിമുഖത തിരുത്തപ്പെടേണ്ടതുണ്ട്.

സമുദായത്തിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന ജനസംഖ്യാശോഷണമാണ് കമ്മീഷൻ ചൂണ്ടിക്കാട്ടുന്ന മറ്റൊരു വലിയ വിപത്ത്. 2011–ൽ 18.38 ശതമാനമായിരുന്ന ക്രൈസ്തവ ജനസംഖ്യ 2019ൽ 14.28 ശതമാനമായി കുറഞ്ഞുവെന്നു കമ്മീഷൻ കണ്ടെത്തുന്നു. തൊഴിലില്ലായ്മയും സാമ്പത്തിക ബുദ്ധിമുട്ടുകളുംമൂലം യുവജനങ്ങൾ വൻതോതിൽ വിദേശങ്ങളിലേക്കു കുടിയേറുന്നു. ഈ പ്രതിസന്ധി മറികടക്കാൻ ക്രൈസ്തവർക്കായി പ്രത്യേക വികസന കോർപ്പറേഷൻ രൂപീകരിക്കണമെന്ന നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട്.

ഈ റിപ്പോർട്ടു തത്വത്തിൽ അംഗീകരിച്ചതുകൊണ്ടുമാത്രം സർക്കാരിന്റെ ഉത്തരവാദിത്തം അവസാനിക്കുന്നില്ല. പ്രഖ്യാപനങ്ങളെക്കാൾ പ്രധാനം പ്രവൃത്തിയാണ്. ന്യൂനപക്ഷ അവകാശങ്ങൾ ഒരു വിഭാഗത്തിനുമാത്രമായി പരിമിതപ്പെടുത്തുന്ന പഴയ ശൈലി മാറി, ജനസംഖ്യാനുപാതികമായ നീതി ഉറപ്പാക്കാൻ സർക്കാർ ആർജ്ജവം കാണിക്കണം. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സീറോമലബാർ നസ്രാണിസമുദായത്തിന് വെറുമൊരു രേഖയല്ല; അത് അവരുടെ അവകാശങ്ങൾക്കായുള്ള പോരാട്ടത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ്. നിഷേധിക്കപ്പെടുന്ന നീതി നടപ്പിലാക്കാൻ ഇനിയും ഏറെ ദൂരം പിന്നിടേണ്ടതുണ്ട്. 'അതിനാൽ നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുവിൻ' (മത്താ.10:16). ■

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**എക്സിക്യൂട്ടിവ് എഡിറ്റർ**
ഫാ. ടോം ഓലിക്കരോട്ട്
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ
**എഡിറ്റോറിയൽ ബോർഡ്**
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ
ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ
ഫാ. ജിഫി മേക്കാട്ടുകളം
ഫാ. ജോഷി പാണംപറമ്പിൽ
ഫാ. മാത്യു തുരുത്തിപ്പള്ളി
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
സി. നവ്യ ടോം DST
സി. റോസ്മിത SMC
സി. ജെസ്സി മരിയ OP

**ഡിസൈൻ & പ്രിന്റ്:** ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്:** ജോബ് ജോസഫ്

For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

# ഓർമിക്കാനൊരു ദിനം

**ഏപ്രിൽ 1:** നോമ്പ് ഏഴാം ബുധൻ

മേജർആർച്ചുബിഷപ് മാർ വർക്കി വിതയത്തിൽ മെത്രാപ്പോലീത്തായുടെ ചരമം (2011)

ഇന്നുമുതൽ വലിയ ശനിയാഴ്ച വരെ ത്രികാലജപം 'മിശിഹാ നമ്മെപ്രതി...' ചൊല്ലുന്നു

**ഏപ്രിൽ 2:** പെസഹാവ്യാഴം

വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ ചരമം (2005)

**ഏപ്രിൽ 3:** പീഡാനുഭവവെള്ളി, ഇന്ന് ഉപവാസദിനം

**ഏപ്രിൽ 4:** വലിയ ശനി

മാർ അബ്രാഹം കാട്ടുമന മെത്രാപ്പോലീത്തയുടെ ചരമം (1995)

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി മെത്രാപ്പോലീത്തായുടെ ചരമം (2006)

ഇന്നുമുതൽ പന്തക്കുസ്താതിരുനാൾവരെ ത്രികാലജപം സ്വർല്ലോകരാജ്ഞി ചൊല്ലുന്നു

**ഏപ്രിൽ 5:** ഉയിർപ്പ് തിരുനാൾ

മാർ ജോൺ നെല്ലിക്കുന്നേൽ മെത്രാന്റെ അഭിഷേകം (2018)

**ഏപ്രിൽ 6:** മാർ എമ്മാനുവേൽ പോത്തനാമൂഴി മെത്രാന്റെ ചരമം (2003)

**ഏപ്രിൽ 7:** മാർ ജോർജ് ഞരളക്കാട്ട് മെത്രാന്റെ അഭിഷേകം (2010)

**ഏപ്രിൽ 8:** മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ മെത്രാന്റെ അഭിഷേകം (2010)

**ഏപ്രിൽ 10:** സകലവിശുദ്ധരുടെയും തിരുനാൾ

മാർ റാഫേൽ തട്ടിൽ മെത്രാന്റെ അഭിഷേകം (2010)

**ഏപ്രിൽ 11:** മാർ പോൾ ആലപ്പാട്ട് മെത്രാന്റെ അഭിഷേകം (2010)

ഏപ്രിൽ 12: മാർ മാത്യു വാണിയക്കിഴക്കേൽ മെത്രാന്റെ അഭിഷേകം (2000)

**ഏപ്രിൽ 14** മാർ തോമസ് ചക്യത്ത് മെത്രാന്റെ അഭിഷേകം (1998)

**ഏപ്രിൽ 16:** മാർ അബ്രാഹം മറ്റം മെത്രാന്റെ ചരമം (2019)

**ഏപ്രിൽ 17:** മാർ ജെയിംസ് അത്തിക്കളം മെത്രാന്റെ അഭിഷേകം (2018)

**ഏപ്രിൽ 18:** മാർ പോളി കണ്ണൂക്കാടൻ മെത്രാന്റെ അഭിഷേകം (2010)

**ഏപ്രിൽ 20:** മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് മെത്രാന്റെ അഭിഷേകം (2002)

**ഏപ്രിൽ 21:** ഫ്രാൻസിസ് മാർപാപ്പയുടെ ചരമം (2025)

**ഏപ്രിൽ 23:** മാർ തോമസ് തറയിൽ മെത്രാന്റെ അഭിഷേകം (2017)

**ഏപ്രിൽ 24:** മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാൻ (1977) മാർ ഗ്രിഗറി കരോട്ടെമ്പ്രയിൽ മെത്രാൻ (1983) എന്നിവരുടെ അഭിഷേകം

വിശുദ്ധ ഗീവർഗീസ്

**ഏപ്രിൽ 25:** വിശുദ്ധ മർക്കോസ് സുവിശേഷകൻ

**ഏപ്രിൽ 26:** ലോകദൈവവിളി പ്രാർഥനാദിനം

മാർ ജോസഫ് കുണ്ടുകുളം മെത്രാപ്പോലീത്തായുടെ ചരമം (1998)

**ഏപ്രിൽ 29:** സിയന്നായിലെ വിശുദ്ധ കത്രീന

# നാമഹേതുകതിരുനാൾ മംഗളങ്ങൾ

**ഏപ്രിൽ 24**


മേജർ ആർച്ചുബിഷപ് എമിരത്തൂസ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി


മാർ ജോർജ് ഞരളക്കാട്ട് മെത്രാപ്പോലീത്ത


മാർ ജോർജ് വലിയമറ്റം മെത്രാപ്പോലീത്ത


മാർ ജോർജ് പുന്നക്കോട്ടിൽ


മാർ ജോർജ് രാജേന്ദ്രൻ


മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

# അദ്ഭുതപ്രവർത്തകനായ വി. ഗ്രിഗറി

വഴികാട്ടികൾ

**റവ.ഡോ. അലക്സ് സെബാസ്റ്റ്യൻ കൊല്ലംകളം**

ക്രിസ്തുവർഷം 213–ൽ പൊന്തുസിലെ നെയോ കേസറിയായിലെ ഒരു വിജാതീയകുടുംബത്തിൽ പിറന്ന ഗ്രിഗറിയുടെ ആദ്യപേര് തിയഡോർ എന്നായിരുന്നു. ഏകദേശം പതിനാലു വയസുള്ളപ്പോൾ സഹോദരനായ അത്തനോദോറസിനൊപ്പം അദ്ദേഹം പാലസ്തീനായിലെ കേസറിയായിലേക്ക് പോയി; സഹോദരീഭർത്താവ് അവിടെ ഗവൺമെന്റ് ഉദ്യോഗസ്ഥനായി നിയമിതനായതിനാൽ സഹോദരിയെ ഭർത്താവിന്റെ പക്കലേക്ക് അനുയാത്ര ചെയ്യുകയായിരുന്നു അവർ. കേസറിയായിൽ നിന്ന് ബെയ്റൂട്ടിലേക്ക് പോയി അവിടെ നിയമത്തിൽ ഉപരിപഠനം നടത്തുകയായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ കേസറിയായിൽ ഒരിജന്റെ ക്ലാസുകളിൽ സംബന്ധിച്ച അവർ ആ ക്ലാസുകളാൽ ആകർഷിക്കപ്പെട്ട് അവിടെതന്നെ ഏഴുവർഷക്കാലം തുടർന്ന് തത്വശാസ്ത്രവും ദൈവശാസ്ത്രവും അഭ്യസിച്ചു. ക്രൈസ്തവവിശ്വാസത്തിലേക്ക് ആകർഷിക്കപ്പെട്ട തിയഡോർ മാമ്മോദീസായോടൊപ്പം ഗ്രിഗറി എന്ന പേരും സ്വീകരിച്ചു.



തന്റെ ജന്മസ്ഥലത്ത് മടങ്ങിയെത്തിയ അദ്ദേഹം നാല്പതാംവയസിൽ നെയോ കേസറിയായുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. തുടർന്ന് മുപ്പതുവർഷക്കാലം തന്റെ അജഗണങ്ങളെ സേവിച്ചു. അദ്ദേഹം നെയോകേസറിയായുടെ മെത്രാനായപ്പോൾ വെറും പതിനേഴ് വിശ്വാസികളാണ് അവിടെ ഉണ്ടായിരുന്നത്. എന്നാൽ ക്രിസ്തുവർഷം 270 ഓടെ മരിക്കുമ്പോൾ പതിനേഴ് അവിശ്വാസികൾ മാത്രമേ അവിടെയുണ്ടായിരുന്നുള്ളൂ എന്നതാണ് അദ്ദേഹത്തിലൂടെ ദൈവം പ്രവർത്തിച്ച ഏറ്റവും വലിയ അദ്ഭുതം. ഡീഷസ് ചക്രവർത്തിയുടെ ക്രൂരമായ മതപീഡനങ്ങൾക്ക് നടുവിലും സധൈര്യം വിശ്വാസം പ്രഘോഷിക്കാൻ സഭാംഗങ്ങളെ അദ്ദേഹം ശക്തിപ്പെടുത്തി. മതപീഡനത്തിൽ രക്തസാക്ഷികളായവരുടെ ബഹുമാനാർത്ഥം അദ്ദേഹം സംഘടിപ്പിച്ച തിരുന്നാളുകൾ വിജാതീയരെപോലും സഭയിലേക്ക് ആകർഷിക്കുന്നതിന് കാരണമായി. ഗ്രിഗറി ഒരു ദൈവമനുഷ്യനായിരുന്നു. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ അനേകം അദ്ഭുതങ്ങൾ സംഭവിച്ചു; അതിനാൽ അദ്ഭുതപ്രവർത്തകൻ എന്ന അർഥംവരുന്ന 'തൗമാതുർഗോസ്' എന്ന് അദ്ദേഹത്തെ ആളുകൾ വിളിച്ചുതുടങ്ങി.

മൂന്നാം നൂറ്റാണ്ടിലെ സഭാശിക്ഷണക്രമത്തെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ നല്കുന്ന ഒരു കാനോനികലേഖനവും കേസറിയാ സ്കൂളിലെ പഠനാനന്തരം ഗുരുവായ ഒരിജനെ പ്രകീർത്തിച്ചുകൊണ്ട് നടത്തിയ പ്രഭാഷണവും അദ്ദേഹത്തിന്റെ ശ്രദ്ധേയമായ കൃതികളാണ്. ■

# ഈസ്റ്റർ: തളരാത്ത പ്രത്യാശയുടെയും അതിജീവനത്തിന്റെയും തിരുനാൾ

വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

**മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ**



മരണത്തിന്റെമേൽ വിജയം വരിച്ച ഉത്ഥിതനായ മിശിഹായുടെ സ്നേഹവും സമാധാനവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. 'അവൻ ഇവിടെയില്ല, താൻ അരുളിച്ചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു' (മത്തായി 28:6) എന്ന ദൈവദൂതന്റെ സന്ദേശം മാനവകുലത്തിന് നൽകുന്ന ഏറ്റവും വലിയ വാഗ്ദാനമാണ് പ്രത്യാശ. ദുഃഖവെള്ളിയാഴ്ചയുടെ അന്ധകാരത്തെ അതിജീവിച്ച് മൂന്നാംനാൾ കല്ലറ തുറക്കപ്പെട്ടപ്പോൾ, ലോകത്തിന്റെ ചരിത്രം എന്നെന്നേക്കുമായി തിരുത്തിയെഴുതപ്പെട്ടു. ക്രൂശിന്റെ വേദനയും കല്ലറയുടെ നിശ്ശബ്ദതയും പിന്നിട്ട് ഉയിർത്തെഴുന്നേറ്റ ഈശോ നമ്മോട് പറയുന്നു: 'ഭയപ്പെടേണ്ട, ഞാൻ ജീവിക്കുന്നു.' ഈ വാക്കുകൾ ഇന്നും നമ്മുടെ ജീവിതത്തിന്റെ അന്ധകാരങ്ങളിൽ പ്രത്യാശയുടെ വെളിച്ചം പകരുന്നു. അതിനാൽ ഈസ്റ്റർ നമുക്ക് വെറുമൊരു ആഘോഷമല്ല, മറിച്ച് പ്രതിസന്ധികളിൽ തളരാത്ത ക്രിസ്തീയ പ്രത്യാശയുടെ വിളംബരമാണ്.

ഉത്ഥാനതിരുനാൾ ആചരണം വെറുമൊരു ചരിത്രസംഭവത്തിന്റെ അനുസ്മരണമല്ല, മറിച്ച് യേശുവിന്റെ മനുഷ്യാസ്തിത്വത്തിൽ സംഭവിച്ച നവീകരണമാണ്. സഭാപിതാവായ വിശുദ്ധ അത്തനാസിയൂസ് പഠിപ്പിക്കുന്നത് പോലെ, 'നാം ദൈവത്തെപ്പോലെ ആകേണ്ടതിന് ദൈവം മനുഷ്യനായി, മിശിഹായുടെ ഉത്ഥാനത്തിലൂടെ മരണം അതിന്റെ അധികാരം എന്നെന്നേക്കുമായി കൈവെടിഞ്ഞു'. വിശുദ്ധ ജോൺ ക്രിസോസ്തം തന്റെ പ്രശസ്തമായ ഈസ്റ്റർ പ്രഭാഷണത്തിൽ ഉദ്ഘോഷിക്കുന്നു: 'മരണമേ, നിന്റെ വിജയം എവിടെ? പാതാളമേ, നിന്റെ ദംശനം എവിടെ? മിശിഹാ ഉയിർത്തെഴുന്നേറ്റു, മരണം പരാജയപ്പെട്ടിരിക്കുന്നു. ആദത്തിലൂടെ മരണം ലോകത്തിലേക്ക് പ്രവേശിച്ചുവെങ്കിൽ, പുതിയ ആദമായ മിശിഹായിലൂടെ നിത്യജീവൻ നമ്മിലേക്ക് സന്നിവേശിച്ചിരിക്കുന്നു'. മിശിഹായുടെ ഉത്ഥാനം വഴി പാപത്തിന്റെ അടിമത്തത്തിൽ നിന്ന് നാം വിമോചിതരാക്കപ്പെടുകയും ദൈവപുത്രസ്ഥാനത്തേക്ക് ഉയർത്തപ്പെടുകയും ചെയ്തു. ശൂന്യമായ കല്ലറ മിശിഹായുടെ അഭാവത്തെയല്ല, മറിച്ച് അവിടുന്ന് പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്നു എന്ന സത്യത്തെയാണ് വെളിപ്പെടുത്തുന്നത്. ഭൗതികമായ ഒരു പരിമിതിക്കുള്ളിൽ ഒതുങ്ങിനിന്നിരുന്ന സാന്നിധ്യത്തിൽ നിന്നും കാലാതീതവും സർവ്വവ്യാപിയുമായ ദൈവികതയിലേക്കുള്ള പരിവർത്തനമാണത്. കല്ലറ ഒഴിഞ്ഞുകിടക്കുന്നത് വഴി മിശിഹാ ഏതെങ്കിലും ഒരു പ്രത്യേക ദേശത്തോ കാലത്തോ മാത്രം തളയ്ക്കപ്പെട്ടവനല്ലെന്നും, മറിച്ച് അവിടുത്തെ ഉത്ഥാനചൈതന്യം ലോകത്തിന്റെ നാനാകോണുകളിലും പടർന്നിരിക്കുന്നുവെന്നും നാം തിരിച്ചറിയുന്നു. ദുരിതമനുഭവിക്കുന്നവന്റെ വിലാപത്തിലും യുദ്ധക്കളങ്ങളിലെ നിസ്സഹായതയിലും പ്രത്യാശയുടെ പ്രകാശമായി മിശിഹാ കൂടെയുണ്ടെന്ന വലിയ സത്യം ശൂന്യമായ കല്ലറ നമുക്ക് പഠിപ്പിക്കുന്നു.



**മിശിഹായുടെ ഉത്ഥാനം നമ്മെ പഠിപ്പിക്കുന്നത് മരണത്തിൽ അവസാനിക്കാത്ത ഒരു ജീവിതമുണ്ടെന്നും അന്ധകാരത്തിന് പ്രകാശത്തെ കീഴടക്കാൻ കഴിയില്ലെന്നുമാണ്. ഈ ഉറച്ച വിശ്വാസത്തോടെ നമുക്ക് മുന്നോട്ട് നീങ്ങാം. നിരാശയുടെ ഇരുളിൽ കഴിയുന്നവർക്ക് ഈ ഉത്ഥാനത്തിരുനാൾ പുതിയൊരു പ്രകാശമാകട്ടെ. മിശിഹായോടൊപ്പം നമുക്കും പ്രത്യാശയുടെ പുതിയ ജീവിതത്തിലേക്ക് ഉയർത്തെഴുന്നേൽക്കാം.**

നമ്മുടെ കാലഘട്ടം വലിയ വെല്ലുവിളികളിലൂടെയാണ് കടന്നുപോകുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുദ്ധവാർത്തകളും നിഷ്കളങ്കരായ മനുഷ്യരുടെ നിലവിളികളും നമ്മുടെ ഹൃദയങ്ങളെ വേദനിപ്പിക്കുന്നു. അതിക്രമങ്ങളും അധികാരമോഹങ്ങളും മനുഷ്യജീവന്റെ മഹത്വത്തെ വിസ്മരിക്കുമ്പോൾ, ഈസ്റ്റർ നൽകുന്ന സന്ദേശം ഏറെ പ്രസക്തമാണ്. 'ലോകത്തിൽ നിങ്ങൾക്ക് കഷ്ടതയുണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു' (യോഹന്നാൻ 16:33) എന്ന മിശിഹായുടെ വചനം ഇന്നത്തെ യുദ്ധക്കെടുതികളിൽ ഉഴലുന്ന ജനതയ്ക്ക് വലിയൊരു ആശ്വാസമാണ്. അക്രമം കൊണ്ട് ആർക്കും ശാശ്വതമായ വിജയം നേടാനാവില്ലെന്നും സ്നേഹം കൊണ്ടുള്ള കീഴടങ്ങലിലാണ് യഥാർഥവിജയമെന്നും ഉത്ഥാനരഹസ്യം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇന്ന് നാം കാണുന്ന യുദ്ധങ്ങളും ക്രൂരതകളും മനുഷ്യഹൃദയങ്ങളിലെ പ്രത്യാശയെ കെടുത്തിക്കളയാൻ ശ്രമിക്കുമ്പോൾ, മിശിഹായുടെ കല്ലറയ്ക്ക് മുന്നിലെ മുദ്രവച്ചിരുന്ന വലിയ കല്ലുകൾ ദൈവിക ശക്തിയാൽ ഉരുട്ടി മാറ്റപ്പെട്ടത് നാം സ്മരിക്കണം. അനീതിയുടെയും മരണത്തിന്റെയും കല്ലറകൾക്ക് മേൽ പ്രത്യാശയുടെ സൂര്യൻ ഉദിക്കുക തന്നെ ചെയ്യും. യുദ്ധക്കെടുതികളിൽ സ്വന്തം മണ്ണിൽ നിന്ന് ആട്ടിയോടിക്കപ്പെട്ടവർക്കും പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടവർക്കും വേണ്ടി നാം പ്രാർഥിക്കുമ്പോൾ നാം ഓരോരുത്തരും പ്രത്യാശയുടെ ദൂതന്മാരായി മാറുകയാണ്. ഉത്ഥിതനായ മിശിഹാ തന്റെ ശിഷ്യന്മാർക്ക് നൽകിയ ആദ്യത്തെ സമ്മാനം സമാധാനമായിരുന്നു. ആ സമാധാനം ഹൃദയങ്ങളിൽ സ്വീകരിച്ചുകൊണ്ട്, വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും മതിലുകൾ തകർക്കാൻ നമുക്ക് പരിശ്രമിക്കാം.

മിശിഹായുടെ ഉത്ഥാനം പകർന്നുതരുന്ന പ്രത്യാശ കേവലം ആത്മീയവിചിന്തനത്തിൽ ഒതുങ്ങേണ്ടതല്ല മറിച്ച് അത് നമ്മുടെ ദൈനംദിന ജീവിതത്തിൽ പ്രതിഫലിക്കേണ്ട ചൈതന്യമാണ്. യുദ്ധങ്ങളുടെയും വേർതിരിവുകളുടെയും നടുവിൽ ജീവിക്കുന്ന നമുക്ക്, ഈ പ്രത്യാശയെ പ്രായോഗികമായി ജീവിക്കാനുള്ള വഴികളെക്കുറിച്ചുകൂടെ ചിന്തിക്കേണ്ടതുണ്ട്.

സമാധാനത്തിന്റെ വക്താക്കളാകുക: 'സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും' (മത്തായി 5:9). ലോകത്തിന്റെ വിവധ ഭാഗങ്ങളിൽ നടക്കുന്ന യുദ്ധങ്ങൾ അവസാനിക്കാൻ നാം പ്രാർഥിക്കുമ്പോൾ തന്നെ, നമ്മുടെ കുടുംബങ്ങളിലും തൊഴിലിടങ്ങളിലും ഇടവകകളിലും സമാധാനം കൊണ്ടുവരാൻ നാം പരിശ്രമിക്കണം.

ക്ഷമ ശീലമാക്കുക: വ്യക്തിപരമായ വിദ്വേഷങ്ങളും പിണക്കങ്ങളും ഈ ഈസ്റ്റർ കാലത്ത് പരിഹരിക്കാൻ മുൻകൈ എടുക്കുക. മിശിഹാ തന്നെ ക്രൂശിച്ചവരോട് ക്ഷമിച്ചതുപോലെ, മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കുന്നത് ഉത്ഥാനത്തിന്റെ വലിയൊരു സാക്ഷ്യമാണ്.

വേദനിക്കുന്നവർക്ക് സാന്ത്വനമേകുക: ദാരിദ്ര്യം കൊണ്ടോ രോഗം കൊണ്ടോ തളർന്ന ഒരു കുടുംബങ്ങളെയോ വ്യക്തികളെയോ സാമ്പത്തികമായോ മാനസികമായോ സഹായിക്കുക. നിരാശയുടെ ഇരുട്ടിൽ കഴിയുന്ന ഒരാൾക്ക് നൽകുന്ന ഒരു പുഞ്ചിരിയോ ആശ്വാസവാക്കോ അവർക്ക് ഉത്ഥാനത്തിന്റെ പ്രകാശമായി മാറും.

ക്രിസ്തീയ ആനന്ദം പ്രകടിപ്പിക്കുക: ക്രിസ്ത്യാനി ഒരിക്കലും ഒരു 'ദുഃഖവെള്ളിയാഴ്ചകളിൽ ജീവിക്കുന്നവനാകരുത്' ജീവിതത്തിലെ കഷ്ടപ്പാടുകൾക്കിടയിലും മിശിഹാ ഉയിർത്തെഴുന്നേറ്റു എന്ന ബോധ്യത്തിൽ നിന്ന് വരുന്ന ആനന്ദം മറ്റുള്ളവരിലേക്ക് പകരുകയാണ് നമ്മുടെ നിയോഗം. അങ്ങനെ നമ്മുടെ ജീവിതം തന്നെ പ്രത്യാശയുടെ ഒരു സുവിശേഷ പ്രഘോഷണമായി മാറട്ടെ.

മിശിഹായുടെ ഉത്ഥാനം നമ്മെ പഠിപ്പിക്കുന്നത് മരണത്തിൽ അവസാനിക്കാത്ത ഒരു ജീവിതമുണ്ടെന്നും അന്ധകാരത്തിന് പ്രകാശത്തെ കീഴടക്കാൻ കഴിയില്ലെന്നുമാണ്. ഈ ഉറച്ച വിശ്വാസത്തോടെ നമുക്ക് മുന്നോട്ട് നീങ്ങാം. നിരാശയുടെ ഇരുളിൽ കഴിയുന്നവർക്ക് ഈ ഉത്ഥാനത്തിരുനാൾ പുതിയൊരു പ്രകാശമാകട്ടെ. മിശിഹായോടൊപ്പം നമുക്കും പ്രത്യാശയുടെ പുതിയ ജീവിതത്തിലേക്ക് ഉയർത്തെഴുന്നേൽക്കാം. ■

---

## ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട്

**1–ാം പേജ് തുടർച്ച**

വിധ പ്രസ്ഥാനങ്ങളുമെല്ലാം റിപ്പോർട്ട് പുറത്തുവിടാൻവേണ്ടി നിവേദനങ്ങൾ നൽകുകയും പ്രതിഷേധങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. കൂടാതെ ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള സീറോമലബാർ സഭാംഗങ്ങളായ എം. എൽ.എമാരാണ് നിയമസഭയിൽ ഇതിനായി സബ്മിഷനുകൾ അവതരിപ്പിച്ചത്. ഇതിന്റെയെല്ലാം ഫലമായി 2026 ഫെബ്രുവരി 24 ന് കൂടിയ മന്ത്രസഭായോഗം റിപ്പോർട്ട് അംഗീകരിക്കുകയും 27 ന് ഔദ്യോഗികമായി പ്രസിദ്ധീകരിക്കുകയും 28 ന് സഭാ പ്രതിനിധികളുടെ യോഗം വിളിച്ച് മുഖ്യമന്ത്രി വിശദീകരണങ്ങൾ നൽകുകയും ചെയ്തു. ഈ യോഗത്തിൽ സീറോമലബാർ പ്രതിനിധികൾ പങ്കെടുത്തിരുന്നു.

ജെ. ബി. കോശി കമ്മീഷനുവേണ്ടി സീറോമലബാർസഭ ഇത്രയേറെ കഷ്ടപ്പെട്ടെങ്കിലും സഭയ്ക്കു പ്രയോജനപ്രദമായ ശിപാർശകളിൽ വളരെ കുറച്ചു മാത്രമേ നടപ്പിലാക്കാൻ സർക്കാർ തയ്യാറായിട്ടുള്ളൂ. എങ്കിലും കേരളത്തിലെ ക്രിസ്ത്യാനികളുടെ പിന്നാക്കാവസ്ഥ ചൂണ്ടിക്കാണിക്കാൻ ഒരു ആധികാരിക രേഖ ലഭിച്ചതിൽ സന്തോഷമുണ്ട്. കൂടാതെ ഈ കമ്മീഷന്റെ നിയമനം സഭയ്ക്ക് സ്വയം വിലയിരുത്തലിനും പഠനത്തിനും നിമിത്തമായി. ഇപ്രകാരം കണ്ടെത്തിയ വെല്ലുവിളികൾ പരിഹരിക്കുന്നതിനായി സഭ, 'സമുദായ ശക്തീകരണവർഷം 2026' പ്രഖ്യാപിച്ച് ബോധവൽക്കരണവും കർമപദ്ധതികളുമായി മുമ്പോട്ടുപോവുകയാണ്. ഈ വർഷാചരണത്തിൽതന്നെ കമ്മീഷൻ റിപ്പോർട്ട് പുറത്തുവന്നത് സമുദായത്തിന്റെ ശക്തമായ മുന്നേറ്റത്തിന് നിദാനമായിത്തീരും എന്നു ഉറച്ചു വിശ്വസിക്കുന്നു. ■

# ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്: ഒരു വിശകലനം

## കവർ സ്റ്റോറി — പരിവർത്തിത ക്രൈസ്തവർ

**കേരളത്തിലെ പരിവർത്തിത ക്രൈസ്തവ വിഭാഗത്തിന്റെ സമൂലമായ ഉന്നമനത്തിനുതകുന്ന മാഗ്നാകാർട്ടയാണ് ജസ്റ്റിസ് ജെബി കോശി കമ്മീഷൻ റിപ്പോർട്ട്. കാരണം നാളിതുവരെ ഈ സമൂഹം അഭിമുഖീകരിക്കുന്ന നിരവധിയായ പ്രശ്നങ്ങൾ കേൾക്കുവാനോ പരിഹാര മാർഗങ്ങൾ നടപ്പാക്കാനോ ഒരു സർക്കാരും നടപടികൾ എടുത്തിട്ടില്ല. എന്നാൽ പരിവർത്തിത ക്രൈസ്തവരുടെ വിവിധങ്ങളായ പ്രശ്നങ്ങൾ റിപ്പോർട്ടിൽ സവിസ്തരം പ്രതിപാദിച്ചതായും പരിഹാര നിർദ്ദേശങ്ങൾ നിർദ്ദേശിച്ചതായും കാണുന്നു. കമ്മീഷന്റെ പരിഗണനാവിഷയങ്ങളിൽ സെക്ഷൻ സി, രണ്ടാമത്തെ ചോദ്യമായതിനാൽ ഒരു അധ്യായമായിട്ടാണ് കമ്മീഷൻ റിപ്പോർട്ടിൽ പരിവർത്തിത ക്രൈസ്തവ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്.**



**ഡോ. സിജോ ജേക്കബ്**
(ചങ്ങനാശേരി അതിരൂപത പ്രസിഡന്റ്, ഡി.സി.എം.എസ്)

പരിവർത്തിത ക്രൈസ്തവർക്ക് പട്ടികജാതി സംവരണ നിഷേധിക്കുന്നത് ഒരു മതാധിഷിതവിവേചനമാണെന്ന് ഭരണഘടനാ അനുച്ഛേദം 14,1 5 ഉദ്ധരിച്ചുകൊണ്ട് കമ്മീഷൻ പ്രസ്താവിക്കുന്നു. പരിവർത്തിത ക്രൈസ്തവർക്ക് പട്ടികജാതി സംവരണം നല്കപ്പെടേണ്ടതാണ്. സംവരണം കേന്ദ്രനിയമങ്ങൾക്കു വിധേയമാണെങ്കിലും പരിവർത്തിത ക്രൈസ്തവരുടെ തൊഴിൽ ക്ഷേമ സാമ്പത്തിക കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യണം എന്നും കമ്മീഷൻ ശിപാർശ ചെയ്യുന്നു. പരിവർത്തിത ക്രൈസ്തവരുടെ ജനസംഖ്യ സംബന്ധിച്ച് ഒരു കണക്കുകളും സംസ്ഥാനകേന്ദ്ര സർക്കാരുകളുടെ കൈവശം ഇല്ല എന്ന വസ്തുത കമ്മീഷൻ അംഗീകരിക്കുന്നു. ഇവരുടെ ജനസംഖ്യ കണക്കെടുപ്പ് (കാനേഷ്മാരി) സംസ്ഥാനത്തു നടത്തണമെന്ന് കമ്മീഷൻ ശിപാർശ നല്കുന്നു. നിലവിൽ ഈ സമുദായങ്ങൾക്ക് 1020 ലക്ഷത്തിനിടയിൽ (3%6%) ഇടയിൽ ജനസംഖ്യയുണ്ടായിരിക്കാമെന്നും കാനേഷ്മാരി നടത്തിയതിന് ശേഷം ക്ഷേമ സാമ്പത്തികസാമൂഹിക പദ്ധതികളിൽ ഇവരുടെ സംവരണവിഹിതത്തിന്റെ തോത് നിശ്ചയിക്കണമെന്നും സംവരണതോത് ജനസംഖ്യ അനുസൃതമായി ഉയർത്തണമെന്നും കമ്മീഷൻ ശിപാർശ ചെയ്യുന്നു. പിന്നാക്ക സമുദായ കമ്മീഷൻ മാതൃകയിൽ പരിവർത്തിത ക്രൈസ്തവർക്ക് ഒരു പ്രത്യേക കമ്മീഷൻ വേണമെന്ന ശിപാർശ കമ്മീഷൻ നൽകിയിട്ടുണ്ട്. കൂടാതെ പി.എസ്.സി. റോട്ടേഷൻ ചാർട്ടിൽ പരിവർത്തിത ക്രൈസ്തവരുടെ ഊഴം 20 ൽ താഴെ വരുന്ന രീതിയിൽ പുനഃക്രമീകരിക്കുക, സർക്കാർ ജോലികളിൽ ഇവർക്ക് സ്പെഷ്യൽ റിക്രൂട്ടമെന്റ് നടത്തുക, എന്നീ കമ്മീഷൻ ശിപാർശകൾ കൂടുതൽ പ്രതീക്ഷ നൽകുന്നതാണ്. ഈ വിഭാഗത്തിന് നിലവിൽ നൽകുന്ന ചില വിദ്യാഭ്യാസ സംവരണങ്ങളിൽ എസ്.ഐ.യു.സി. വിഭാഗങ്ങളെ ഉൾപെടുത്തിയതായി കാണുന്നു എന്നും ഇത് തിരുത്തണം എന്നും കമ്മീഷൻ ശിപാർശ നടത്തിയിട്ടുണ്ട്.

കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന്റെ ഫണ്ട് വിഹിതം വർധിപ്പിക്കുക, കുറഞ്ഞ പലിശയിൽ ലോൺ നൽകുക, വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകളുടെ തുക വർദ്ധിപ്പിക്കുക, കുറഞ്ഞ പലിശയിൽ ബിസിനസ് ലോണുകൾ നൽകുക, മേഖല ഓഫീസ് കണ്ണൂരിൽ തുറക്കുക, കോർപ്പറേഷന്റെ 85% ഫണ്ടും പരിവർത്തിത ക്രൈസ്തവർക്ക് മാത്രമായി മാറ്റിവയ്ക്കുക അതോടൊപ്പം വേറൊരു ശിപാർശ വിഭാഗത്തെയും കോർപ്പറേഷന്റെ പദ്ധതികളിൽ ഉൾപെടുത്താതിരിക്കുക, കമ്മ്യൂണിറ്റി കോട്ടയിൽ പ്രവേശനം ലഭിച്ച പരിവർത്തിത ക്രൈസ്തവ വിദ്യാർഥികൾക്ക് ഇ ഗ്രാൻഡ് പുനഃസ്ഥാപിക്കുക, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പരിവർത്തിത ക്രൈസ്തവ വിദ്യാർഥികൾക്ക് സ്റ്റൈപ്പന്റ്, ലപ്സം ഗ്രാന്റ് എന്നിവ നിലവിൽ ലഭിക്കാത്തതിനു കാരണം സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ ഹൈക്കോടതി വിധിക്കു എതിരെ നൽകിയിരിക്കുന്ന അപ്പീലാകയാൽ ഈ അപ്പീൽ പിൻവലിച്ചുകൊണ്ട് വിദ്യാർഥികൾക്കു സ്റ്റൈപ്പന്റ്, ലപ്സം ഗ്രാന്റ് എന്നിവ ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കുക എന്നിവ കമ്മീഷൻ ശിപാർശ ചെയ്യുന്നു.

പരിവർത്തിത ക്രൈസ്തവ യുവജനങ്ങൾക്കും വിദ്യാർഥികൾക്കും നൈപുണ്യ വികസനത്തിനും പ്രൊഫെഷണൽ കോഴ്സുകൾക്കും പി.എസ്.സി., യു.പി.എസ്.സി. തുടങ്ങി വിവിധ പരീക്ഷകളുടെ പരിശീലനത്തിനും പ്രത്യേക ട്രെയിനിങ് സെന്റർ തുടങ്ങണമെന്നും ലൈഫ് ഭവനപദ്ധതികളിൽ സംവരണം, വീടുവയ്ക്കുക, ഭൂമി വാങ്ങുക, വീട് മെയ്ന്റനൻസ് തുടങ്ങിയ ആവശ്യങ്ങൾക്ക് പട്ടികജാതി വിഭാഗങ്ങളെപോലെ സഹായം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രത്യേക ഫണ്ട് പട്ടിക ജാതി വിഭാഗങ്ങൾക്ക് എന്ന പോലെ പരിവർത്തിത ക്രൈസ്തവർക്കും നൽകണമെന്നും കമ്മീഷൻ ശിപാർശ ചെയുന്നു. പട്ടിക ജാതി വിഭാഗങ്ങൾക്ക് എന്ന പോലെ പരിവർത്തിത ക്രൈസ്തവർക്ക് പ്രൊമോട്ടർമാരെ നിയമിക്കുക, വിദ്യാർഥികളുടെ സ്കോളർഷിപ്പ് കൂട്ടുക, അവർക്ക് പഠനോപകരണങ്ങൾ നൽകുക, മാനേജ്മന്റ് കോട്ട സീറ്റുകളിൽ പരിവർത്തിത ക്രൈസ്തവർക്ക് റിസർവേഷൻ നൽകുക എന്നിവയും കമ്മീഷൻ ശിപാർശ ചെയുന്നു. സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിൽ അംഗത്വം പരിവർത്തിത ക്രൈസ്തവർക്കും നൽകണം എന്നും ജസ്റ്റിസ് കുമാരപിള്ള (1956, ഖണ്ഡിക 25) കമ്മീഷൻ റിപ്പോർട്ടിൽ നൽകിയിട്ടുള്ള പരിവർത്തിത ക്രൈസ്തവരുടെ സംബന്ധിച്ച വ്യാഖ്യാനം പുനർനിർവചിക്കണം എന്നീ ശിപാർശകളും കമ്മീഷൻ നൽകുന്നുണ്ട്. ■

## കവർ സ്റ്റോറി — കുട്ടനാടിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള ശുപാർശകൾ

**ജസ്റ്റിസ് (റിട്ട) ജെ ബി കോശി കമ്മീഷൻ റിപ്പോർട്ടിൽ കുട്ടനാടുമായി ബന്ധപ്പെട്ട് നല്കിയ പ്രധാന നിർദ്ദേശങ്ങൾ കുട്ടനാട്ടിലെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് വേണ്ടി മാത്രമല്ല, ഇവിടെ താമസിക്കുന്ന എല്ലാ വിഭാഗം ജനങ്ങളുടേയും സുസ്ഥിതിക്കും ക്ഷേമത്തിനും വേണ്ടിയുള്ളതാണ്. കുട്ടനാടിന്റെ പ്രകൃതിയും അതിന്റെ ഭൗതിക പ്രത്യേകതകളും നിലനിർത്തുന്നതിനും ഇവിടെ ജീവിതം സാധ്യമാക്കുന്നതിനുമുള്ള 43 ഓളം നിർദ്ദേശങ്ങളാണ് കമ്മീഷൻ മുന്നോട്ട് വച്ചിരിക്കുന്നത്.**



**ആന്റണി ആറിൽചിറ ചമ്പക്കുളം**
(റിട്ട. ഡെപ്യൂട്ടി തഹസിൽദാർ, കുട്ടനാട്)

കുട്ടനാടിനെ ഒരു പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ച് ഭൂവിനിയോഗവുമായി ബന്ധപ്പെട്ടു നിയമനിർമ്മാണങ്ങൾ ഉണ്ടാവണം. കുട്ടനാടിന് അനുയോജ്യമായ പാർപ്പിട പദ്ധതികൾ നടപ്പിലാക്കണം. ജനസാന്ദ്രതയേറിയ കുട്ടനാട്ടിൽ കൂടുതൽ ഭവന നിർമ്മാണ സൗകര്യങ്ങൾ ഉണ്ടാകണം. 2015 ജനുവരി ഒന്നിന് മുൻപ് മുതൽ കൈവശത്തിലിരിക്കുന്ന കരഭൂമി ഗൃഹനിർമ്മാണത്തിന് ഉപകരിക്കാവുന്ന വിധത്തിൽ ബി.ടി.ആർ. രജിസ്റ്ററിൽ മാറ്റം വരുത്തണം. കുട്ടനാട്ടിൽ ലൈഫ് പദ്ധതിയിലെ വീടിന്റെ നിർമ്മാണച്ചിലവിന്റെ പരിധി വർദ്ധിപ്പിച്ച് നല്കണം. 2001 ന് മുമ്പ് സ്ഥാപിച്ച ആരാധനാലയങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വീടുകൾക്കും പട്ടയം നല്കണം. മലവെള്ളം തടഞ്ഞ് നിർത്താൻ നെതർലാന്റിനെ മാതൃകയാക്കി സ്ഥിര പരിഹാരമാർഗങ്ങൾ ഉണ്ടാക്കണം. ബ്ലോക്കുകളായി തിരിച്ച് ഉയരമുള്ള ബണ്ടുകളും ഷട്ടറുകളും സ്ഥാപിക്കണം. എല്ലാവർക്കും നല്ല കുടിവെള്ളം ലഭിക്കുന്നതിനുള്ള പദ്ധതികളും ഉണ്ടാവണം. റെയിൻ ഹാർവസ്റ്റിംഗ് പദ്ധതികളും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളും സ്ഥാപിക്കണം. നദികളും തോടുകളും വൃത്തിയാക്കി മാലിന്യങ്ങളും എക്കലും നീക്കി നീരൊഴുക്ക് സുഗമമാക്കണം. വെള്ളപ്പൊക്ക കാലത്ത് ശക്തിയേറിയ പമ്പുകൾ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യണം. തോട്ടപ്പള്ളി സ്പിൽവേയിൽ ശക്തമായ ഡിവാട്ടറിംഗ് പമ്പുകൾ സ്ഥാപിച്ച് കടലിലേക്ക് വെള്ളം പമ്പ് ചെയ്യണം.

നദിജലം ഒഴുക്കികളയുന്നതിന് പകരം ശേഖരിച്ച് ശുദ്ധീകരിച്ച് വരൾച്ചാ കാലത്ത് ഉപയോഗിക്കാൻ തക്ക പദ്ധതികൾ രൂപീകരിക്കണം. കായൽ സംരക്ഷണത്തിനും തണ്ണീർത്തട സംരക്ഷണത്തിനും പ്രത്യേക അതോറിറ്റി ഉണ്ടാവുകയും പായൽ കുളവാഴ നിർമ്മാർജ്ജനത്തിന് ഫലപ്രദമായ സംവിധാനം സാധ്യവുകയും വേണം എന്നും നിർദ്ദേശിച്ചിരിക്കുന്നു.

കുട്ടനാടൻ കർഷകർക്കായി പ്രത്യേക വിള ഇൻഷ്വറൻസും പ്രത്യേക കടാശ്വാസ കമ്മീഷനും സ്ഥാപിക്കുകയും സർക്കാർ നിയന്ത്രണത്തിലുള്ള ധനകാര്യ സ്ഥാപന ശാഖകൾ ആരംഭിക്കുകയും വേണം. പ്രധാൻ മന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാടിന് പ്രത്യേക ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് പ്ലാൻ നടപ്പിലാക്കണം. സ്വാദിഷ്ടവും ഗുണമേന്മയേറിയതുമായ കുട്ടനാടൻ പുഞ്ച അരിക്ക് പ്രത്യേക ട്രേഡ് മാർക്ക് നല്കി ഉത്തരവ് പുറപ്പെടുവിക്കണം. താങ്ങുവില നിശ്ചയിക്കുമ്പോൾ ഉത്പാദന ചിലവിലുള്ള വർദ്ധനവ് കണക്കിലെടുക്കണം, ചുമട്ടുകൂലിയിലെ മിനിമം വേജസ് വർദ്ധനവ്, കീടനാശിനികളുടേയും, വളങ്ങളുടേയും വില വർദ്ധനവ് കൂടി കണക്കിലെടുത്ത് കുട്ടനാട്ടുകാർക്ക് ഒരു ചെറിയ ലാഭവും കൂടി കിട്ടുന്ന വിധം എല്ലാ കാര്യങ്ങളും പരിഗണിച്ച് നെല്ലിന്റേയും നാളികേരത്തിന്റേയും താങ്ങുവില നിശ്ചയിക്കണം. ഉൽപ്പന്നങ്ങൾ സംഭരിക്കുമ്പോൾ തന്നെ വില നല്കണം. കൊയ്ത്ത് കഴിഞ്ഞാലുടൻ നെല്ല് സംഭരിക്കണം. കൊയ്യാറാകുമ്പോൾ ഉണ്ടാകുന്ന വെള്ളപ്പൊക്കം മൂലമുള്ള കൃഷി നാശത്തിന് മതിയായ നഷ്ട പരിഹാരം നല്കുകയും കാർഷിക കടങ്ങൾ മുഴുവൻ എഴുതിതള്ളുകയും വേണം. ആധുനിക റൈസ് മിൽ സ്ഥാപിക്കണം. പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കാൻ പ്രോത്സാഹനം നല്കണം. കീടനിരീക്ഷണത്തിന് പ്രത്യേക സംവിധാനം കൊണ്ടുവരണം. ഉത്പാദനം വർദ്ധിപ്പിക്കണം. മൃഗ പക്ഷി സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ ആരംഭിക്കുകയും ഇവയെ പല കാരണങ്ങൾ കൊണ്ടും കൂട്ടത്തോടെ നശിപ്പിക്കുമ്പോൾ ആവശ്യമായ നഷ്ടപരിഹാരം നല്കുകയും വേണം.

സംവരണരഹിത വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന കുട്ടനാട്ടിലെ കർഷകർക്ക് ഇ.ഡബ്ല്യു.എസ്.ആനുകൂല്യങ്ങൾ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നിരാകരിക്കുന്നു. തുടർച്ചയായ വെള്ളപ്പൊക്കം കൃഷിനാശം, മുതലായ അവശതകൾ അനുഭവിക്കുന്ന കുട്ടനാട്ടിലെ കർഷകരുടെ പ്രധാനപ്പെട്ട കൃഷിസ്ഥലം നെൽപ്പാടങ്ങളാണ്. നെൽക്കൃഷി തൊഴിലായി ചെയ്യണമെങ്കിൽ ഒരു കർഷകന് കുറഞ്ഞത് അഞ്ച് ഏക്കർ സ്ഥലം എങ്കിലും ആവശ്യമാണ്. എന്നാൽ കാര്യമായ വരുമാനം ഒന്നുമില്ലാത്ത കുട്ടനാട്ടിൽ നെൽകർഷകന് രണ്ടര ഏക്കർ സ്ഥലം ഉണ്ടെന്നു പറഞ്ഞ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു. ഇതിന് മാറ്റം വരണം. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ റവന്യൂ ഉദ്യോഗസ്ഥർക്ക് സർക്കാർ നല്കേണ്ടതാണ്.

കുട്ടനാട്ടിലെ പ്രത്യേക സ്ഥിതി പരിഗണിച്ച് ഫീസ് ഇളവ്, സൗജന്യ ഹോസ്റ്റൽ സൗകര്യം, യാത്രാ സൗജന്യം എന്നിവ അനുവദിക്കുന്നതോടൊപ്പം കായിക വിനോദ കോംപ്ലക്സുകൾ സ്ഥാപിക്കണം. തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ ആരംഭിക്കുകയും സൗജന്യ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുകയും വേണം.

വിനോദ സഞ്ചാര വികസനത്തിനായി 100 വർഷത്തിലധികം പഴക്കമുള്ള തറവാടുകൾ സംരക്ഷിക്കുന്നതിന് ഗ്രാന്റ് അനുവദിക്കുക, കുട്ടനാട്ടിലെ പ്രസിദ്ധമായ ആരാധനാലയങ്ങൾ ബന്ധിപ്പിച്ച് ഒരു പൈതൃക റിലീജിയസ് ടൂറിസം സർക്യൂട്ട് ആരംഭിക്കുക, വിനോദ സഞ്ചാര വികസനത്തോടൊപ്പം കർശന നിയന്ത്രണങ്ങൾ നടപ്പിലാക്കി പുനരുപയോഗമില്ലാത്ത പ്ലാസ്റ്റിക്ക് ഉപയോഗം നിരോധിക്കുക, ചങ്ങനാശേരി ആലപ്പുഴ വിനോദ സഞ്ചാര പദ്ധതി ആവിഷ്കരിക്കുകയും കുട്ടനാട്ടിലെ ജലപാതകൾ വികസിപ്പിച്ച് ജലടൂറിസം പദ്ധതികൾ നടപ്പിലാക്കുകയും വേണം.

സ്ഥിരമായി ആശുപത്രികളിൽ എത്തിച്ചേരാൻ സ്പീഡ് ബോട്ട് ആംബുലൻസ് സൗകര്യം ഏർപ്പെടുത്തണം. ആശുപത്രികളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തണം, മാലിന്യപ്രശ്നങ്ങൾ മൂലവും അശാസ്ത്രീയ കൃഷി രീതികൾ മൂലവും വെള്ളവും മണ്ണും വിഷലിപ്തമാകുന്നതിനാൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു. ഈ മേഖലയിൽ മാതൃ ശിശു പരിചരണത്തിനും പരിപാലനത്തിനുമുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം. കൂടാതെ കുട്ടനാട്ടിലെ അമിത രോഗാതുരതയെ കുറിച്ച് ഒരു എപ്പിഡമോളജിക്കൽ സർവ്വേയും ക്രോണിക്ക് വിഷബാധയെ കുറിച്ച് പഠനവും നടത്തി പരിഹാരം നിർദ്ദേശിക്കണം കുട്ടനാട്ടിലെ കാൻസർ രോഗികൾക്ക് പ്രത്യേക സഹായ പദ്ധതികൾ ആരംഭിക്കണം, മികച്ച ആശുപത്രികൾ നിർമ്മിക്കണം .

റാംസർ സൈറ്റിൽ ഉൾപ്പെട്ട സ്ഥലമാണ് കുട്ടനാട്. ഇതിന്റെ പരിസ്ഥിതി സംരക്ഷണത്തിന് ഉതകുന്ന പ്രോജക്ടുകൾ കണ്ടെത്തുകയും നേടിയെടുക്കുകയും വേണം. കുട്ടനാട്ടിൽ ഐ. സി. ചാക്കോയുടെ പേരിൽ പരിസ്ഥിതി ഭൗമശാസ്ത്ര ഗവേഷണ കേന്ദ്രം ആരംഭിക്കണം. ■

കവർ സ്റ്റോറി

# വിദ്യാഭ്യാസ ന്യൂനപക്ഷ സംവരണ വിഷയങ്ങൾ

**ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ പൊതുവായ പ്രശ്നങ്ങളെ വിശദമായി അവതരിപ്പിക്കുന്ന ഭാഗമാണ് ജെ ബി കോശി കമ്മീഷൻ റിപ്പോർട്ടിന്റെ രണ്ടാം അധ്യായം. ഇവിടെ 59 ഖണ്ഡികകളിലൂടെ ന്യൂനപക്ഷമായ ക്രൈസ്തവരുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നു. ഇരുന്നൂറിൽപരം വർഷങ്ങളായുള്ള ക്രിസ്തീയ വിദ്യാഭ്യാസ സംഭാവനകൾ കമ്മീഷൻ എടുത്തുപറയുന്നു കൂടാതെ ഈ രംഗത്തെ ബുദ്ധിമുട്ടുകളും വിവരിക്കുന്നു.**



**ഡോ. മേരി റജീന**
(ഡയറക്ടർ, ഫിസിക്കൽ പ്ലാന്റ്,
കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി)

പുതിയ നിയമങ്ങളും ആ നിയമങ്ങളുടെ പിൻബലത്തിൽ രൂപപ്പെടുത്തിയ ചട്ടങ്ങളും നിലവിൽ വന്നതിനുശേഷം വിദ്യാലയങ്ങൾ ഉചിതമായ രീതിയിൽ നടത്തിക്കൊണ്ടു പോകാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷം ഉരുത്തിരിഞ്ഞിട്ടുണ്ട് എന്ന് കമ്മീഷന് ബോധ്യപ്പെട്ടിരിക്കുന്നു. അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാർ സഹായം ഒന്നുംതന്നെ നൽകാത്തതും ചില പ്രദേശങ്ങളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ പത്താം ക്ലാസ് കഴിഞ്ഞാൽ ഉപരിപഠനം സാധ്യമല്ലാതെ വരുന്നതും ഏകജാലകം എന്ന അഡ്മിഷൻ രീതി നടപ്പിൽ വന്നതു വഴി ന്യൂനപക്ഷ അവകാശങ്ങൾ കവർന്നെടുക്കുന്ന സാഹചര്യങ്ങൾ ഉണ്ടായിരിക്കുന്നു എന്നതും സംവരണം ലഭ്യമല്ലാത്തതിനാൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പല വിദ്യാർഥികളും പിന്തള്ളപ്പെടുന്നു എന്ന യാഥാർഥ്യവും കമ്മീഷൻ ചൂണ്ടിക്കാണിക്കുന്നു.

ക്രിസ്ത്യാനികൾക്ക് മുസ്ലിം ജനവിഭാഗങ്ങൾക്ക് ലഭിക്കുന്ന തോതിനനുസൃതമായ പ്രാതിനിധ്യം ന്യൂനപക്ഷ ആനുകൂല്യങ്ങളിൽ ഇല്ലെന്ന് കമ്മീഷൻ തിരിച്ചറിയുകയും കണക്കുകൾ സഹിതം വ്യക്തമായി എഴുതുകയും ചെയ്തിട്ടുണ്ട്. തീരദേശത്തും മലയോര പ്രദേശങ്ങളിലും ഉള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കാത്തതും പൊതുപരീക്ഷകൾക്കുള്ള പരിശീലന കേന്ദ്രങ്ങൾ ക്രൈസ്തവ ന്യൂനപക്ഷ മേഖലകളിൽ ഇല്ലാത്തതും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ആവർത്തന ചെലവിനായും മൂലധനബാധ്യതയുടെ നിശ്ചിത ശതമാനമായും സർക്കാർ ന്യായമായും നൽകേണ്ട ഗ്രാന്റിന്റെ അഭാവവും ആശങ്കയോടെ കമ്മീഷൻ ചൂണ്ടിക്കാണിക്കുന്നു. ഭരണഘടനയുടെ അനുഛേദങ്ങൾ 26 30 എടുത്തുപറഞ്ഞുകൊണ്ട് ന്യൂനപക്ഷ അവകാശങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നു.

പൊതുയോഗ്യതാ പരീക്ഷകൾ പാസാകുന്നതിന് ആവശ്യമായ മാർക്ക് എല്ലാ സമുദായത്തിനും തുല്യമായിരിക്കണം. ഇവയിലെ വിജയനിർണയം ജാതിമത പരിഗണക്കതീതമായിരിക്കണം. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ വെബ്സൈറ്റ് ഉദ്ധരിച്ചുകൊണ്ട് മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും ലഭ്യമാകുന്ന ക്ഷേമ പദ്ധതികളിലെ വിവേചനത്തെക്കുറിച്ച് വിശദമായി കമ്മീഷൻ പ്രതിപാദിക്കുന്നു. പരിശീലന കേന്ദ്രങ്ങൾ, സ്കോളർഷിപ്പുകൾ, ലോണുകൾ എന്നിവ ക്രൈസ്തവർക്കു കൂടുതൽ ലഭ്യമാക്കണം.

ക്രിസ്ത്യൻ ഹയർസെക്കൻഡറി സ്കൂളുകളിലും കോളേജുകളിലും മാനേജ്മെന്റ് ക്വോട്ടയും കമ്മ്യൂണിറ്റി ക്വോട്ടയും കൂടുതലായി അനുവദിക്കണം. ഇത് ആ സമുദായത്തിൽപെട്ട വിദ്യാർഥികൾക്ക് അധികമായി പ്രവേശനം ലഭിക്കുവാൻ അവസരം നൽകും. വിവിധ സ്കോളർഷിപ്പുകളുടെ കുടുംബവരുമാന പരിധി പുനരാലോചിക്കുകയും പുതിയ രീതിയിൽ നിശ്ചയിക്കുകയും ചെയ്യണം. SC/ST സംവരണത്തിൽ ആരെയും കിട്ടാത്ത സാഹചര്യം ഉള്ളപ്പോൾ SCCC വിഭാഗത്തിൽപ്പെടുന്ന ആളുകളെ പരിഗണിക്കണം. സ്പെഷ്യൽ സ്കൂളുകൾ മൊത്തമായി തന്നെ സർക്കാർ ഏറ്റെടുക്കണം.

പ്രൊഫഷണൽ വിദ്യാഭ്യാസം ലഭിച്ച ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് ആവശ്യമായ വ്യക്തിഗത/ഗ്രൂപ്പ് ലോണുകൾ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് കീഴിൽ നടപ്പിലാക്കണം. ക്ഷേമപെൻഷനുകൾ, ജീവനക്കാരുടെ നിയമനങ്ങൾ, ക്ഷേമനിധികൾ, പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമം പോലെയുള്ള കേന്ദ്രസർക്കാരിന്റെ നേരിട്ടുള്ള പദ്ധതികൾ ക്രൈസ്തവ മേഖലകളിലും തുല്യ പരിഗണന നൽകുന്നതിലെ വീഴ്ച എന്നിങ്ങനെയുള്ള വിവേചനപരമായ സർക്കാർ നടപടികളെ കണക്കുകളെ ഉദ്ധരിച്ചു ചൂണ്ടിക്കാണിക്കുന്ന കമ്മീഷൻ സംസ്ഥാന ന്യൂനപക്ഷ കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള സർക്കാർ നിയമഭേദഗതിയിലെ അനൗചിത്യവും വ്യക്തമാക്കുന്നുണ്ട്. സംവരണ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നിശ്ചയിക്കുന്ന കമ്മീഷനുകളുടെ പേരുകൾ പോലും ഭേദഗതി ചെയ്യണം.

സംവരണേതര വിഭാഗങ്ങളെ മുന്നോക്ക വിഭാഗങ്ങൾ എന്ന് വിളിക്കുന്നത് യുക്തിരഹിതമാണ്. ന്യൂനപക്ഷ കമ്മീഷൻ, ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ന്യൂനപക്ഷ ക്ഷേമസമിതികൾ എന്നിവയുടെ ഭരണനിർവഹണത്തിൽ ക്രൈസ്തവർക്ക് ആനുപാതിക പ്രാധിനിധ്യം നൽകണം. ആരോഗ്യ മേഖലയിലെ ചർച്ചകൾക്ക് കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കൊപ്പം ചായ് പോലുള്ള ക്രൈസ്തവ അസോസിയേഷനുകൾക്ക് അർഹമായ പ്രാധാന്യം നൽകണം. ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലും പ്രാതിനിധ്യം ഉണ്ടാകണം. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അധ്യക്ഷനായി റൊട്ടേഷനിൽ ക്രൈസ്തവരെയും നിയമിക്കണം. ക്രൈസ്തവ വിശ്വാസം, ആചാരങ്ങൾ എന്നിവയെ അവഹേളിക്കുന്ന ഉള്ളടക്കങ്ങൾ ഉള്ള ചലച്ചിത്ര നിർമ്മാണം, പ്രസിദ്ധീകരണങ്ങൾ എന്നിവയ്ക്കെതിരെ വിശ്വാസികൾ പരാതിപ്പെടുമ്പോൾ സത്വരമായ നടപടികൾ സ്വീകരിക്കുവാൻ സംവിധാനങ്ങൾ ഉണ്ടാകണം. പെൺകുട്ടികളെ നിർബന്ധിത മതപരിവർത്തനത്തിന് വിധേയരാക്കുന്ന കേന്ദ്രങ്ങൾ ഉണ്ടോ എന്ന കാര്യത്തിൽ പോലീസ് സംവിധാനം ജാഗ്രത പുലർത്തണം. ചർച്ച് ബിൽ, കേരള മാരേജ് രജിസ്ട്രേഷൻ ബിൽ എന്നിവയുടെ യുക്തി ഇല്ലായ്മയെയും അനീതിയെയും കുറിച്ചും കമ്മീഷൻ പ്രതിപാദിക്കുന്നുണ്ട്. ക്രൈസ്തവ ആരാധനാലയങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉള്ള പട്ടയാവകാശം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ദൂരീകരിക്കേണ്ടതുണ്ട്. ഭൂമിയുടെ അവകാശത്തെ പറ്റിയുള്ള ബുദ്ധിമുട്ടുകളും, സെമിത്തേരികൾക്ക് അനുവാദം ലഭിക്കുന്നതിനുള്ള പ്രയാസങ്ങളും, ക്രൈസ്തവ കലാരൂപങ്ങളെ സംരക്ഷിക്കുവാനുള്ള നടപടികൾ തുടങ്ങി സർക്കാർ ശ്രദ്ധ നൽകേണ്ട മേഖലകളെ കുറിച്ചും റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു. ഇ ഡബ്ല്യു എസ് റിസർവേഷൻ വിപുലമാക്കേണ്ട മേഖലകളെക്കുറിച്ചും കമ്മീഷൻ പറയുന്നുണ്ട്. ■

കവർ സ്റ്റോറി

# മലയോര മേഖലയുടെ വികസനം

**ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ മലയോര മേഖല സംബന്ധിച്ച 36 പ്രധാന പ്രതിസന്ധികൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വനം വന്യജീവി, റവന്യൂ, ടൂറിസം, തദ്ദേശസ്വയംഭരണം, കൃഷി, പരിസ്ഥിതി, പൊതു വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, ദുരന്തനിവാരണം എന്നി ഒമ്പതു വകുപ്പുകൾ വഴി നടപ്പിലാക്കേണ്ട 25 സുപ്രധാന ശുപാർശകൾ നൽകിയിരിക്കുന്നു. തെക്ക് അമ്പൂരി മുതൽ വടക്ക് ബദിയടുക്ക വരെ നീണ്ടുകിടക്കുന്ന സംസ്ഥാനത്തിന്റെ പശ്ചിമഘട്ടത്തിലെ ജനജീവിതം വന്യജീവി ആക്രമണം, ഭൂനിയമങ്ങൾ , വനം വന്യജീവി സംരക്ഷണനിയമം, വിവിധ പരിസ്ഥിതിനിയമങ്ങൾ, നിർമ്മാണനിരോധനം, ഉപാധികളോടെ ഉള്ള പട്ടയം തുടങ്ങിയ കാരണങ്ങളാൽ പ്രതിസന്ധിയിൽ ആയിരിക്കുന്നതിന്റെ കൃത്യമായ വിശദീകരണവും പരിഹാരവും റിപ്പോർട്ടിൽ ഉണ്ട്.**



**ഡോ. ജോസ്കുട്ടി ജെ. ഒഴുകയിൽ**
ജനറൽ സെക്രട്ടറി കത്തോലിക്ക കോൺഗ്രസ്

അനാവശ്യ നിയന്ത്രണങ്ങളും കരിനിയമങ്ങളും ഒഴിവാക്കി പ്രാദേശികമായി തൊഴിൽ വികസനത്തിനും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കും ഭീതി കൂടാതെയുള്ള ജന ജീവിതത്തിനും സാഹചര്യം സൃഷ്ടിക്കണമെന്ന് റിപ്പോർട്ട് ആവശ്യപ്പെടുന്നു. വനാതിർത്തിയിലെ റവന്യൂ ഭൂമിയിൽ പോലും നിർമാണങ്ങൾ നടത്തുവാനോ തൊഴിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാനോ കഴിയാത്ത രീതിയിലുള്ള ഭൂറവന്യൂ നിയമങ്ങൾ തിരുത്തുവാനും വനാതിർത്തിക്കു പുറത്ത് വന്യജീവി ഭീതി കൂടാതെ മനുഷ്യന് ജീവിക്കുവാൻ നിയമപരിരക്ഷയോടെ സാഹചര്യമൊരുക്കണമെന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

1971 ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ്) നിയമത്തിൽ മുൻകാല പ്രാബല്യത്തോടെ 2020 ൽ കൊണ്ടുവന്ന ഭേദഗതികളും EFL ആക്ട് 2003 ഉം പിൻവലിക്കണമെന്നും 1-1-1997 ന് മുൻപുള്ള കുടിയേറ്റ ഭൂമിക്ക് ഉപാധിരഹിത പട്ടയം നൽകണമെന്നും റവന്യൂ, ഫോറസ്റ്റ് സംയുക്ത വെരിഫിക്കേഷൻ നടത്തി വനാതിർത്തി വേർതിരിക്കണമെന്നും വന്യജീവി സങ്കേതങ്ങൾ ദേശീയ ഉദ്യാനങ്ങൾ എന്നിവയ്ക്ക് ചുറ്റുമായി കണക്കാക്കിയിരിക്കുന്ന പരിസ്ഥിതി സംവേദക മേഖല (ESZ) ജനവാസ മേഖലയിലേക്കും കൃഷി ഭൂമിയിലേക്കും ഇറക്കി വ്യാപിപ്പിക്കരുതെന്നും ശുപാർശ ചെയ്യുന്നതോടൊപ്പം EFL ആക്ട് 2003 പ്രകാരം 34000 ഏക്കർ കൃഷിയും ഏറ്റെടുത്ത് വനമാക്കിയ നടപടി പുനർ പരിശോധിക്കുകയോ ഏറ്റെടുത്ത ഭൂമിക്ക് ദേശീയ നഷ്ടപരിഹാര നിയമമനുസരിച്ചുള്ള നഷ്ടപരിഹാരങ്ങൾ നൽകുകയോ ചെയ്യണമെന്നും ശുപാർശകൾ നൽകിയിട്ടുണ്ട്.

വന്യജീവി ആക്രമണം തടയുന്നതിന് നിലവിലുള്ള നിയമത്തിലെ സെക്ഷൻ 62; 11/b ഉൾപ്പെടെയുള്ള വകുപ്പുകൾ ഉപയോഗിച്ച് കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുകയും കൃഷിയിടത്തിലും ജനവാസ മേഖലയിലും കടക്കുന്ന ജീവികളെ തുരത്തുന്നതിനും വംശനാശഭീഷണി നേരിടാത്തവയെ കൊല്ലുന്നതിനും അനുവാദം നൽകുന്നതോടൊപ്പം വന്യജീവികൾ വനത്തിന് പുറത്തു കടക്കാതിരിക്കാൻ ആധുനിക സങ്കേതങ്ങളോടെയുള്ള ഫലപ്രദമായ മാർഗങ്ങൾ അവലംബിക്കുകയും വേണം. കർഷകന് കൃഷിയിടത്തിലെ വിവേചനാവകാശവും സ്വാതന്ത്ര്യവും നിഷേധിക്കുന്ന ഭൂ നിയമങ്ങളും വനം പരിസ്ഥിതി നിയമങ്ങളും ഭേദഗതി ചെയ്ത് കർഷകന്റെ സാമ്പത്തികസ്ഥിതിയും തൊഴിലവസരങ്ങളും ഭാവി വികസനവും ഉറപ്പുവരുത്തണം. വന്യജീവി നഷ്ടപരിഹാര ക്ലെയിംസ് ട്രൈബ്യണൽ രൂപീകരിക്കണം. സംസ്ഥാന സർക്കാർ 1972 ലും 2003ലും 2020 ലും കൊണ്ടുവന്ന കരിനിയമങ്ങൾ പിൻവലിക്കണം.

വന്യജീവികളുടെ എണ്ണം വനത്തിന്റെ വാഹകശേഷിക്ക് അനുസരണമായി നിയന്ത്രിക്കുക, നിർമ്മാണ നിരോധനം ഉൾപ്പെടെയുള്ള നിയമങ്ങൾ പിൻവലിച്ച് കർഷകന് നൽകിയ പട്ടയം ഉപാധിരഹിതമാക്കുക, ജനസാന്ദ്രതയിലെ കുറവ് പരിഗണിച്ച് പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ നിലനിർത്തുകയും മലയോര കലാലയങ്ങളിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുകയും ടൂറിസത്തിന് പ്രോത്സാഹനം നൽകുകയും അടിസ്ഥാന സൗകര്യ വികസനത്തിന് തടസ്സമായിരിക്കുന്ന നിയന്ത്രണങ്ങൾ നീക്കി തൊഴിലിടങ്ങൾ, വ്യവസായങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ സാംസ്കാരിക ആരോഗ്യ വിനോദ സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുക തുടങ്ങിയ ശിപാർശകളും കമ്മീഷൻ നൽകിയിട്ടുണ്ട്. വനംവകുപ്പ് തദ്ദേശീയർക്കെതിരെ വ്യാപകമായി കടുത്ത വകുപ്പുകൾ ചേർത്ത് അനാവശ്യ കേസുകൾ എടുക്കുന്നത് തടയുന്നതിന്റെ ഭാഗമായി കോടതി ഉത്തരവുമായി മാത്രമേ വനം കേസുകളുടെ പേരിൽ കർഷകരെ അറസ്റ്റ് ചെയ്യാവൂ എന്നും സ്ഥിരം കുറ്റവാളികൾ അല്ലാത്തവർക്ക് ജാമ്യം ലഭിക്കുവാൻ സാഹചര്യമൊരുക്കണമെന്നും കൃഷിഭൂമിയിൽ കൃഷി ചെയ്യുന്നതിനും വീടുവയ്ക്കുന്നതും കിണർ കുഴിക്കുന്നതും തൊഴുത്ത് കെട്ടുക. ഷെഡ്ഡ് കെട്ടുക, ആരാധനാലയങ്ങളും പള്ളിക്കൂടങ്ങളും നടത്തുക, തൊഴിൽശാലകൾ കെട്ടുക തുടങ്ങിയവയൊന്നും വനത്തിന്റെ പേരിൽ നിരോധിക്കാൻ പാടില്ലെന്നും ദുരന്തനിവാരണ നിയമത്തിന്റെ പേരിൽ നിയമപ്രകാരം കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ നിന്നും മതിയായ നഷ്ടപരിഹാരം നൽകാതെ നിഷ്കാസനം ചെയ്യുന്നത് ഒഴിവാക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ■

കവർ സ്റ്റോറി

# EWS സംവരണം

**സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗങ്ങൾക്കായി (EWS) നടപ്പിലാക്കിയ 10 ശതമാനം സംവരണം കേരളത്തിൽ പലപ്പോഴും അർഹരായവരിലേക്ക് എത്തുന്നില്ല എന്ന് ജെ ബി കോശി കമ്മീഷൻ വിലയിരുത്തുന്നു. പ്രധാനമായും വടക്കേ ഇന്ത്യൻ ഗ്രാമീണ സാഹചര്യങ്ങൾ മുൻനിർത്തി തയ്യാറാക്കിയ മാനദണ്ഡങ്ങൾ അതേപടി കേരളത്തിൽ നടപ്പിലാക്കുന്നതാണ് പ്രതിസന്ധിക്ക് കാരണം. ഈ പ്രതിസന്ധികൾ പരിഹരിക്കാൻ ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.**



റവ. ഫാ. സബിൻ തൂമുള്ളിൽ

### റസിഡൻഷ്യൽ പ്ലോട്ടും കൃഷിഭൂമിയും

കേരളത്തിൽ കൃഷിയിടങ്ങളിൽ തന്നെയാണ് വീടുകൾ സ്ഥിതി ചെയ്യുന്നത്. എന്നാൽ, കേന്ദ്ര മാനദണ്ഡപ്രകാരം മുനിസിപ്പാലിറ്റികളിൽ 2.1 സെന്റും പഞ്ചായത്തുകളിൽ 4.1 സെന്റും മാത്രമാണ് 'റസിഡൻഷ്യൽ പ്ലോട്ട്' ആയി അനുവദിച്ചിട്ടുള്ളത്. ഇതിൽ കൂടുതൽ ഭൂമിയുള്ള കർഷകർക്ക്, ആ ഭൂമി കൃഷിക്ക് മാത്രമുള്ളതാണെങ്കിലും സംവരണം നിഷേധിക്കപ്പെടുന്നു. കർഷകരുടെ പുരയിടങ്ങളെ കൃഷിഭൂമിയായിത്തന്നെ പരിഗണിക്കണമെന്നും, നഗരങ്ങളിലെ പ്രത്യേക ഹൗസിംഗ് കോളനികളെ മാത്രം വാസഭൂമിയായി കണക്കാക്കിയാൽ മതിയെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

### വീടിന്റെ വിസ്തീർണ്ണവും സവിശേഷതകളും

1000 സ്ക്വയർ ഫീറ്റിൽ താഴെയുള്ള വീട് എന്ന നിബന്ധന കേരളത്തിലെ കർഷകർക്ക് വലിയ തിരിച്ചടിയാണ്. കാർഷിക ഉൽപ്പന്നങ്ങൾ സൂക്ഷിക്കാനും വളർത്തുമൃഗങ്ങളെ പരിപാലിക്കാനും വീടിനോട് ചേർന്ന് സൗകര്യങ്ങൾ ഒരുക്കുന്ന മലയാളി കർഷകരുടെ സാഹചര്യം പരിഗണിച്ച് ഈ പരിധിയിൽ ഇളവ് നൽകേണ്ടതുണ്ട്. കുട്ടനാട്, മലയോര മേഖലകൾ എന്നിവിടങ്ങളിലെ പ്രത്യേകതകൾ പരിഗണിച്ച് ഭൂപരിധി ഉയർത്തണമെന്നും റിപ്പോർട്ട് ആവശ്യപ്പെടുന്നു.

### വിദ്യാഭ്യാസതൊഴിൽ മേഖലകളിലെ ഇളവുകൾ

OBC വിഭാഗങ്ങൾക്ക് ലഭിക്കുന്നതുപോലെ PSC നിയമനങ്ങളിൽ പ്രായപരിധി ഇളവും, SET, KTET തുടങ്ങിയ യോഗ്യതാ പരീക്ഷകളിൽ മാർക്ക് ഇളവും EWS വിഭാഗത്തിനും അനുവദിക്കണം. കൂടാതെ, 2020 ജനുവരി മുതൽ പുറപ്പെടുവിച്ച PSC വിജ്ഞാപനങ്ങളിൽ ഈ സംവരണത്തിന് മുൻകാല പ്രാബല്യം നൽകി കുടിശ്ശിക നിയമനങ്ങൾ നടത്തണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

### ഭരണപരമായ പരിഷ്കാരങ്ങൾ വേണ്ട മേഖല

EWS സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ നൂലാമാലകൾ ഒഴിവാക്കാൻ അപേക്ഷകൾ പൂർണ്ണമായും ഓൺലൈൻ ആക്കണം. കൂടാതെ, പരാതികൾ പരിഹരിക്കാൻ എല്ലാ ജില്ലകളിലും പ്രത്യേക നോഡൽ ഓഫീസർമാരെ നിയമിക്കണമെന്നും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു.

### ഉപസംഹാരം

സംസ്ഥാനങ്ങൾക്ക് മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഭരണഘടനാപരമായ അനുവാദം ഉള്ള സാഹചര്യത്തിൽ കേരളത്തിലെ കർഷകരെയും സാധാരണക്കാരെയും സഹായിക്കാൻ ഈ ശുപാർശകൾ അടിയന്തരമായി നടപ്പിലാക്കേണ്ടതുണ്ട്. ■

# ക്രിസ്ത്യൻ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിൽ മാനേജുമെന്റുകൾ നേരിടുന്ന പ്രതിസന്ധികൾ

ജസ്റ്റിസ് ജെ. ബി കോശി കമ്മീഷൻ റിപ്പോർട്ടിന്റെ പാരഗ്രാഫ് എട്ടു മുതൽ 12 വരെ (പേജ് 22 മുതൽ 26 വരെ) ഉള്ള ഭാഗത്തിൽ ക്രിസ്ത്യൻ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിൽ മാനേജ്മെന്റുകൾ നേരിടുന്ന ബുദ്ധിമുട്ട് എന്താണെന്ന് വ്യക്തമാക്കുന്നുണ്ട്. സർക്കാർ എങ്ങനെ ക്രിയാത്മകമായി ഇടപെടേണ്ടെന്ന് പറയുന്നുണ്ട്.


ക്രിസ്ത്യൻ ന്യൂനപക്ഷ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് പൊതു സമൂഹത്തിന് കൃത്യമായ ബോധ്യം നൽകാൻ ജെ. ബി കോശി കമ്മീഷൻ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

- 1959ൽ കേരള വിദ്യാഭ്യാസ നിയമം മൂലവും 1972ൽ ഡയറക്ട് പേയ്മെന്റ് ഓർഡർ മൂലവും മുമ്പ് നിലവിലുണ്ടായിരുന്ന ക്രൈസ്തവ സ്ഥാപനങ്ങൾ എയ്ഡഡ് സ്ഥാപനങ്ങളായപ്പോൾ അധ്യാപകർക്ക് ശമ്പളം കൊടുക്കുന്ന ഉത്തരവാദിത്തം സർക്കാർ നേരിട്ട് ഏറ്റെടുത്തു. എന്നാൽ ശമ്പളമല്ലാതെയുള്ള മറ്റുത്തരവാദിത്തങ്ങൾ എങ്ങനെ നിറവേറ്റപ്പെടണം എന്നുള്ളതിനു വ്യക്തമായ രൂപരേഖകളൊന്നും തന്നെയില്ല. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചട്ടപ്രകാരം ഉണ്ടായിരിക്കേണ്ട സൗകര്യങ്ങൾ സൃഷ്ടിക്കാനുള്ള ബാധ്യതയും സമീപകാലത്തായി വളരെ വർദ്ധിച്ചിരിക്കുന്നു. ആധുനിക നിലവാരമുള്ള വിദ്യാഭ്യാസത്തിന് ശാസ്ത്ര സാങ്കേതിക സൗകര്യങ്ങൾ വികസന പ്രവർത്തനങ്ങൾ ഉപയോഗിച്ചുള്ള നിരവധി ആവശ്യമാണ്. അതുകൊണ്ട് എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച് സർക്കാർ നിർവഹിക്കേണ്ട ബാധ്യത അവർക്ക് ക്ലാസ്സെടുക്കുന്ന അധ്യാപകരുടെ ശമ്പളം കൊടുത്തതു കൊണ്ടു മാത്രം പൂർണ്ണമായി പൂർത്തീകരിക്കപ്പെടുന്നില്ല. അവർക്ക് ലഭിക്കേണ്ട സൗകര്യങ്ങളുടെ ശാസ്ത്ര സാങ്കേതിക നിലവാരവും സർക്കാരിന്റെ പരിഗണന അർഹിക്കുന്നു.
- അതിനാൽ അവിടെ പഠിക്കുന്ന കുട്ടികളുടെ എണ്ണമനുസരിച്ച് അവിടെ ഉണ്ടാകേണ്ട പശ്ചാത്തല സൗകര്യങ്ങൾക്ക് വേണ്ട ചെലവ് അവിടെ പഠിക്കുന്ന കുട്ടികളിൽ നിന്ന് സമാഹരിക്കാനുള്ള അവകാശം മാനേജ്മെന്റിനു നല്കിയിട്ടില്ലാത്തതുകൊണ്ട് അത് സർക്കാർ തന്നെ വഹിക്കുക എന്നതാണ് ന്യായം. പതിനായിരം കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ പോലും ക്രൈസ്തവ സഭ നടത്തുന്നുണ്ട്. പതിനായിരം കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളിന് സ്വന്തമായി നഗരമധ്യത്തിൽ പത്തേക്കർ സ്ഥലമെങ്കിലും വേണം. ആ സ്ഥലത്തിന്റെ ഇന്നത്തെ മാർക്കറ്റിലുള്ള വില കുറഞ്ഞപക്ഷം സെന്റിന് 20 ലക്ഷം എങ്കിലുമായിരിക്കും. അപ്പോൾ പത്തേക്കർ സ്ഥലത്തിന് ആ പ്രദേശത്ത് 200 കോടി രൂപയെങ്കിലും വില മതിക്കും. പതിനായിരം കുട്ടികളെ പഠിപ്പിക്കുന്നതിന് നാന്നൂറ് അധ്യാപകർക്കായി ശരാശരി 160 ലക്ഷം രൂപയായിരിക്കും പ്രതിമാസം സർക്കാർ നല്കേണ്ടിവരുന്നത്. അങ്ങനെ കണക്കുകൂട്ടിയാൽ പ്രതിവർഷം ആ സ്കൂളിനു വേണ്ടി സർക്കാർ നൽകുന്ന ശമ്പളം 20 കോടി രൂപ മാത്രമായിരിക്കും. എന്നാൽ ആ സ്ഥലത്തിന്റെ വിലയായ 200 കോടി സ്ഥലം വിറ്റ് മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചാൽ മാനേജ്മെന്റിന് പ്രതിവർഷം 20 കോടി രൂപയെങ്കിലും ലഭിക്കുമായിരുന്നു. അതുപോലെ തന്നെ പതിനായിരം കുട്ടികൾ പഠിക്കുന്ന സ്കൂളിന് മൂന്നുലക്ഷം ചതുരശ്ര അടി എങ്കിലും ഉള്ള കെട്ടിടം ആവശ്യമാണ്. ഇത്രയും കെട്ടിടങ്ങൾ നിർമ്മിക്കണമെങ്കിൽ ഇക്കാലത്ത് 60 കോടി രൂപയെങ്കിലും ചിലവാകും. ആ കെട്ടിടത്തിന്റെ മൂല്യശോഷണം തന്നെ പ്രതിവർഷം ആറു കോടി രൂപയെങ്കിലും കാണും. ഇതു കൂടാതെയാണ് ഇത്ര വലിയ ഒരു സ്കൂൾ നടത്തുമ്പോഴുള്ള മറ്റു ചെലവുകൾ. അതായത് ഒരു കുട്ടിക്ക് ഏതാണ്ട് 25,000 രൂപയുടെ ദൃശ്യവും അദൃശ്യവുമായ മൂലധനച്ചെലവ് മാനേജ്മെന്റിന് ഉണ്ടാകുന്നുണ്ട്. ഇത്തരം ചെലവുകൾ സർക്കാർ സ്കൂളുകളിലും സാധാരണഗതിയിൽ ഉണ്ടാകേണ്ടതാണ് എങ്കിലും ധനപരിമിതി മൂലം സർക്കാർ സ്കൂളുകളിൽ പ്രത്യേകം പദ്ധതികൾ ഇല്ലെങ്കിൽ പശ്ചാത്തല സൗകര്യങ്ങൾ പരിമിതമായിത്തന്നെ തുടരുന്നു.
- ആ നിലയ്ക്ക് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്ന പ്രൈവറ്റ് മാനേജ്മെന്റ്, വിദ്യാർത്ഥികൾക്ക് വലിയ സഹായമാണ് നൽകുന്നത്. ഇതിൽ സർക്കാരിന്റെ പങ്കാളിത്തം ഉണ്ടെങ്കിൽ അത് സമൂഹത്തിന്റെ മൊത്തമായ വിദ്യാഭ്യാസ പുരോഗതിയെ സഹായിക്കും. ഈ വസ്തുതകൾ എല്ലാം പരിഗണിക്കുമ്പോൾ ഏതു സ്കൂളായാലും സർക്കാർ ശമ്പളത്തിനായി നൽകുന്ന തുകയ്ക്കു സമാനമായ ഒരു തുക മറ്റു കാര്യങ്ങൾക്കായി മാനേജ്മെന്റ് സഹിക്കേണ്ടതായി വരുന്നുണ്ട് എന്നു കാണാം. പശ്ചാത്തല സൗകര്യങ്ങൾക്കുള്ള ദൈനംദിന ചെലവും കെട്ടിട നിർമ്മാണത്തിനുള്ള ചെലവും വളരെ വലിയ സാമ്പത്തിക ഭാരമാണ് മാനേജ്മെന്റിന്റെ മുകളിൽ അടിച്ചേൽപ്പിക്കുന്നത്. അതുകൊണ്ടുതന്നെ പല രീതികളിലുള്ള കുറുക്കുവഴികളും മാനേജ്മെന്റുകളും തേടുന്നു എന്ന പരാതി വ്യാപകമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ സ്ഥലത്തിന്റെ വില ഒഴിച്ചുള്ള കെട്ടിടങ്ങളുടേയും പശ്ചാത്തല സൗകര്യങ്ങളുടേയും നിശ്ചിത ശതമാന മൂലധന ബാധ്യതയും ആവർത്തന ചെലവിന്റെ ഒരു നിശ്ചിത ശതമാനവും കുട്ടികളുടെ എണ്ണമനുസരിച്ച് സർക്കാർ തന്നെ ഈ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. എന്നാൽ നിയമനവുമായി ബന്ധപ്പെട്ട് മാനേജ്മെന്റ് പണം വാങ്ങുന്നില്ല എന്ന് ഉറപ്പുവരുത്താനുള്ള ബാധ്യതയും സർക്കാരിനുണ്ട്. സ്ഥാപനങ്ങൾക്ക് നല്ല രീതിയിൽ മേൽപ്പറഞ്ഞ ഗ്രാന്റുകൾ നൽകിയാൽ തെറ്റായ രീതിയിൽ വാങ്ങാനുള്ള മാനേജ്മെന്റിന്റെ പ്രവണത വളരെ കാര്യക്ഷമമായി ചെറുക്കുവാൻ സാധിക്കും.
- എയ്ഡഡ് സ്കൂളിൽ ശമ്പളം ഒഴിച്ചുള്ള കാര്യങ്ങൾക്കായി ഒരു തുക സർക്കാർ നൽകിയാൽ അത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും സഹായിക്കും. അങ്ങനെ ലഭിക്കുന്ന തുകയുടെ വിനിയോഗം സർക്കാരിന് ഉചിതമായ രീതിയിൽ ഓഡിറ്റ് ചെയ്ത കണക്കുകൾ സമർപ്പിക്കണം എന്ന് നിഷ്കർഷിക്കാവുന്നതും സ്കൂൾ പരിശോധനാ സമയത്ത് AEO, DEO, Deptuy Director തുടങ്ങിയ ഉദ്യോഗസ്ഥർക്ക് ആയതിന്റെ നിജസ്ഥിതി ഉറപ്പുവരുത്താവുന്നതുമാണ്.
- എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ നിയമനം സംബന്ധിച്ചാണ് ന്യൂനപക്ഷമെന്നുള്ള രീതിയിൽ ക്രിസ്ത്യാനികൾ അനുഭവിക്കുന്ന പ്രശ്നം എന്ന് നിരവധി പരാതികൾ ഉന്നയിക്കപ്പെടുകയുണ്ടായി. ഈ സ്കൂളുകൾ എല്ലാം തന്നെ ക്രിസ്ത്യാനികൾ പിടിയരി വച്ചും മറ്റു പല ബുദ്ധിമുട്ടുകൾ സഹിച്ചും ഉണ്ടാക്കിയതാണ്. എയ്ഡഡ് സ്ഥാപനങ്ങളാകയാൽ കാലാ കാലങ്ങളിൽ നിലവിലുള്ള നിയമങ്ങളും സർക്കാർ റെഗുലേഷനുകളും പാലിക്കണമെന്നുള്ളതിൽ തർക്കം ഒന്നുമില്ല. അത് വിദ്യാഭ്യാസത്തിന്റെ നിലവാരം, സിലബസ്, അധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത തുടങ്ങിയവയിൽ ആയിരിക്കണം. എന്നാൽ ഓരോ പുതിയ നിയമങ്ങളും സർക്കുലറുകളും പ്രാബല്യത്തിൽ വരുമ്പോൾ അധ്യാപക നിയമനം ലഭിക്കുന്നതിനുള്ള അവകാശം സർക്കാർ നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയുള്ള ക്രിസ്ത്യാനികൾക്ക് നിഷേധിക്കപ്പെടുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

■

# സ്വർഗ്ഗം കൊള്ളയടിച്ചവൻ

**‘സത്യമായി ഞാൻ നിന്നോടു പറയുന്നു: ഇന്ന് നീ എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും’ (ലൂക്ക 23:43). ക്രൂശിക്കപ്പെട്ട രണ്ട് കള്ളന്മാർക്കിടയിൽ കിടന്നുകൊണ്ട് ഈശോ നടത്തിയ ഈ പ്രഖ്യാപനം വെറുമൊരു സാന്ത്വനവാക്കല്ല; മറിച്ച് കൃപയുടെയും വിശ്വാസത്തിന്റെയും അതീവ നിഗൂഢമായ ഒരു ദൈവശാസ്ത്രമാണ്. യേശുവിനെ എല്ലാവരും ഉപേക്ഷിച്ചുപോയ ആ നിമിഷത്തിൽ, ഒരു കുറ്റവാളിയായി മുദ്രകുത്തപ്പെട്ട വ്യക്തിയിൽ നിന്ന് ഉയർന്നുവന്ന ആഴമേറിയ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലും, അതിന് മറുപടിയായി ലഭിച്ച നിത്യജീവന്റെ വാഗ്ദാനവും ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന ശിലകളിൽ ഒന്നാണ്.**



ബൈബിൾ സംശയങ്ങൾ

റവ. ഡോ. ടോം ഓലിക്കരോട്ട്

മനുഷ്യചരിത്രത്തിലെ ഏറ്റവും വേദനാജനകമായ ഒരു നിമിഷം, ലോകത്തിന്റെ പാപഭാരം ചുമന്ന് മിശിഹാ കാൽവരിയിലെ ക്രൂശിൽ തൂങ്ങിക്കിടക്കുന്നു. ശാരീരിക പീഡനങ്ങളുടെയും പരിഹാസങ്ങളുടെയും നടുവിൽ, തന്റെ അവസാന ശ്വാസത്തിനിടയിലും ഈശോ നൽകിയ ഒരു വാഗ്ദാനം ഇന്നും വിസ്മയമായി നിലനിൽക്കുന്നുണ്ടു: ‘സത്യമായി ഞാൻ നിന്നോടു പറയുന്നു: ഇന്ന് നീ എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും’ (ലൂക്ക 23:43). ക്രൂശിക്കപ്പെട്ട രണ്ട് കള്ളന്മാർക്കിടയിൽ കിടന്നുകൊണ്ട് ഈശോ നടത്തിയ ഈ പ്രഖ്യാപനം വെറുമൊരു സാന്ത്വനവാക്കല്ല; മറിച്ച് കൃപയുടെയും വിശ്വാസത്തിന്റെയും അതീവ നിഗൂഢമായ ഒരു ദൈവശാസ്ത്രമാണ്. യേശുവിനെ എല്ലാവരും ഉപേക്ഷിച്ചുപോയ ആ നിമിഷത്തിൽ, ഒരു കുറ്റവാളിയായി മുദ്രകുത്തപ്പെട്ട വ്യക്തിയിൽ നിന്ന് ഉയർന്നുവന്ന ആഴമേറിയ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലും, അതിന് മറുപടിയായി ലഭിച്ച നിത്യജീവന്റെ വാഗ്ദാനവും ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന ശിലകളിൽ ഒന്നാണ്.

### വിരാമചിഹ്നത്തിന്റെ തർക്കം (The Punctuation Debate)

ഗ്രീക്ക് മൂലഭാഷയിൽ (Original Greek Manuscript) വിരാമചിഹ്നങ്ങൾ ഉണ്ടായിരുന്നില്ല. അതിനാൽ ഈ വാക്യത്തെ രണ്ട് രീതിയിൽ വ്യാഖ്യാനിക്കാറുണ്ട്:

A: ‘...സത്യമായിട്ടും ഞാൻ നിന്നോടു പറയുന്നു, ഇന്ന് നീ എന്നോടുകൂടെ...’

B: ‘...സത്യമായിട്ടും ഇന്ന് ഞാൻ നിന്നോടു പറയുന്നു, നീ എന്നോടുകൂടെ...’

പരമ്പരാഗത വ്യാഖ്യാനം: ‘സത്യമായിട്ടും ഞാൻ നിന്നോടു പറയുന്നു, ഇന്ന് നീ എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും.’ (ഇവിടെ ‘ഇന്ന്’ എന്നത് പറുദീസയിൽ എത്തുന്ന സമയത്തെ സൂചിപ്പിക്കുന്നു). ‘ഇന്ന്’ (Semeron) എന്ന വാക്ക് ദൈവിക രക്ഷയുടെ പെട്ടെന്നുള്ള സാന്നിധ്യത്തെ (Immediate presence of salvation) സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നത്. അതിനാൽ മരണശേഷം ആത്മാവ് ഉടൻതന്നെ ക്രിസ്തുവിനോടൊപ്പം ചേരുന്നു എന്ന "Immediate Afterlife' എന്ന സത്യത്തിനു ഊന്നൽ നൽകുന്നു.

ആധുനിക വ്യാഖ്യാനം: ‘ഇന്ന് ഞാൻ നിന്നോടു സത്യമായിട്ടു പറയുന്നു, നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും.’ (ഇവിടെ ‘ഇന്ന്’ എന്നത് യേശു പറയുന്ന സമയത്തെയാണ് സൂചിപ്പിക്കുന്നത്). ഈ വ്യാഖ്യാനമനുസരിച്ച്, യേശു തന്റെ വാഗ്ദാനത്തിന്റെ നിശ്ചയദാർഢ്യത്തെ ഊന്നിപ്പറയുകയാണ്. ‘ഏറ്റവും പ്രത്യാശയില്ലാത്ത ഈ നിമിഷത്തിൽ (ഇന്ന്) ഞാൻ നിനക്ക് ഈ ഉറപ്പ് നൽകുന്നു’ എന്നാണ് ഇതിന്റെ അർത്ഥം. പഴയനിയമത്തിൽ പലയിടത്തും ‘ഇന്ന് ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു’ (ഉദാഹരണത്തിന്: നിയമവർത്തനപുസ്തകം 6:6, 7:11, 8:1) എന്ന ശൈലി കാണാം. അവിടെയെല്ലാം ‘ഇന്ന്’ എന്നത് കൽപ്പന നൽകുന്ന സമയത്തെയാണ് സൂചിപ്പിക്കുന്നത്, അത് നടപ്പിലാകുന്ന സമയത്തെയല്ല. ഈ സെമിറ്റിക് ശൈലി (Semitic Idiom) യേശുവും ഇവിടെ ഉപയോഗിച്ചു എന്ന് ഈ വ്യാഖ്യാനത്തെ അനുകൂലിക്കുന്നവർ കരുതുന്നു. കൂടാതെ, പുനരുത്ഥാനത്തിന് ശേഷം മഗ്ദലന മറിയത്തിന് പ്രത്യക്ഷപ്പെട്ട യേശു പറയുന്നത് ശ്രദ്ധേയമാണ്: ‘എന്നെ തടയരുത്,; ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല...’

ഈശോ വെള്ളിയാഴ്ച ക്രൂശിക്കപ്പെടുകയും ഞായറാഴ്ച പുനരുത്ഥാനം ചെയ്യുകയും ചെയ്തു. ഞായറാഴ്ച രാവിലെ പോലും താൻ പിതാവിന്റെ അടുക്കൽ (സ്വർഗ്ഗത്തിൽ/പറുദീസയിൽ) പോയിട്ടില്ലെന്ന് ഈശോ വ്യക്തമാക്കുന്നുണ്ടെങ്കിൽ, വെള്ളിയാഴ്ച തന്നെ കള്ളൻ പറുദീസയിൽ എത്തിയതെങ്ങനെ? ഈ വൈരുദ്ധ്യം പരിഹരിക്കാനാണ് ‘ഇന്ന് ഞാൻ നിന്നോടു പറയുന്നു’ എന്ന വ്യാഖ്യാനം ഉപയോഗിക്കുന്നത്. അതായത്, വാഗ്ദാനം നൽകുന്നത് ഇന്നാണ്, പ്രവേശനം ഭാവിയിലാണെന്ന് വ്യാഖാനം വാദിക്കുന്നു. ഈ വ്യാഖ്യാനം ഈശോയുടെ പുനരുത്ഥാനത്തെക്കുറിച്ചുള്ള മറ്റ് വചനഭാഗങ്ങളുമായി (പ്രത്യേകിച്ച് യോഹന്നാൻ 20:17) ഒരു പൊരുത്തം കൊണ്ടുവരാൻ സഹായിക്കുന്നു. എങ്കിലും, ഭൂരിഭാഗം സഭാപിതാക്കന്മാരും പിന്തുടരുന്നത് ആദ്യത്തെ വ്യാഖ്യാനമാണ് – അതായത്, മിശിഹായെ സ്വീകരിക്കുന്ന നിമിഷം തന്നെ വിശ്വാസി പറുദീസയ്ക്ക് അർഹനാകുന്നു.

Semeron (ഇന്ന്): ഇത് ലൂക്കയുടെ സുവിശേഷത്തിലെ ഒരു പ്രധാന പ്രമേയമാണ് (Lukan "Today'). സക്കേവൂസിനോട് ‘ഇന്ന് ഈ വീടിന് രക്ഷ വന്നിരിക്കുന്നു’ എന്ന് പറഞ്ഞ അതേ ഗൗരവത്തോടെയാണ് ഇവിടെയും ‘ഇന്ന്’ എന്നത് ഉപയോഗിക്കുന്നത്. രക്ഷ എന്നത് ഭാവിയിൽ നടക്കേണ്ട ഒന്നല്ല, മറിച്ച് മിശിഹായെ സ്വീകരിക്കുന്ന നിമിഷം തന്നെ സംഭവിക്കുന്ന ഒന്നാണെന്ന് ഇത് വ്യക്തമാക്കുന്നു.

Met’ emou (എന്നോടുകൂടെ): "Meta' എന്ന ഗ്രീക്ക് പദം ഇവിടെ സൂചിപ്പിക്കുന്നത് വെറുമൊരു സാമീപ്യമല്ല, മറിച്ച് അത്യഗാധമായ പങ്കാളിത്തമാണ് (Deep fellowship). ക്രൂശീകരണത്തിന്റെ വേദനയിൽ പങ്കാളിയായവൻ അവന്റെ മഹത്വത്തിലും പങ്കാളിയാകുന്നു.

സഭാപിതാക്കന്മാർ നല്ല കള്ളനെ (St. Dismas) വിശ്വാസത്തിന്റെ ഒരു വലിയ മാതൃകയായാണ് ചിത്രീകരിച്ചിരിക്കുന്നത്:

‘ശിഷ്യന്മാർ ഭയന്നോടിയപ്പോൾ, യേശുവിനെ എല്ലാവരും തള്ളിപ്പറഞ്ഞപ്പോൾ, മൃതപ്രായനായി തൂങ്ങിക്കിടന്ന ഒരാളിൽ തന്റെ രാജാവിനെ ദർശിക്കാൻ അവന് സാധിച്ചു’ എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ഒരു കള്ളൻ സ്വർഗ്ഗം കൊള്ളയടിച്ചു (Theft of Paradise) എന്നാണ് വി. അഗസ്തിനോസ് ഇതിനെ വിശേഷിപ്പിച്ചത്.

വിശുദ്ധ ജോൺ ക്രിസോസ്തം: ‘പറുദീസയുടെ വാതിൽ ആദ്യമായി തുറന്നത് ഒരു കള്ളന് വേണ്ടിയാണ്, ആരും പ്രവേശിക്കാത്ത ആ തോട്ടത്തിലേക്ക് ഒരു കള്ളൻ കയറിപ്പോയത് അവന്റെ പ്രവൃത്തി കൊണ്ടല്ല, മറിച്ച് മിശിഹായുടെ കുരിശിലെ കരുണ കൊണ്ടാണ്.’

വിശ്വാസത്തിന്റെ അത്ഭുതം’ എന്നാണ് വി സിറിൽ ഇതിനെ വിശേഷിപ്പിക്കുന്നത്. ഈശോയുടെ മരണം ഒരു പരാജയമല്ലെന്നും അതൊരു പുതിയ രാജ്യത്തിന്റെ തുടക്കമാണെന്നും തിരിച്ചറിഞ്ഞ ആദ്യത്തെ വ്യക്തിയായി നല്ല കള്ളനെ അദ്ദേഹം ഉയർത്തിക്കാട്ടുന്നു.

### ഉപസംഹാരം

കാൽവരിയിലെ കുരിശിൽ ഈശോയും നല്ല കള്ളനും തമ്മിൽ നടന്ന ആ ചുരുങ്ങിയ വാക്കുകളിലെ സംഭാഷണം, ക്രിസ്തീയ പ്രത്യാശയുടെയും ദൈവകൃപയുടെയും മകുടോദാഹരണമാണ്. ‘ഇന്ന്’ എന്ന വാക്കിന്റെ വ്യാഖ്യാനങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും, ആ വാഗ്ദാനത്തിന്റെ അന്തസ്സത്ത ഒന്നാണ്: യഥാർത്ഥമായ അനുതാപത്തിന് മുൻപിൽ സ്വർഗ്ഗവാതിൽ എപ്പോഴും തുറക്കപ്പെട്ടിരിക്കും. ശിക്ഷാവിധിയിൽ നിന്ന് രക്ഷയിലേക്കും, കുറ്റബോധത്തിൽ നിന്ന് പറുദീസയുടെ ആനന്ദത്തിലേക്കുമുള്ള ആ കള്ളന്റെ മാറ്റം, ഏതൊരു പാപിക്കും മിശിഹായിലുള്ള പ്രത്യാശയെയാണ് വിളംബരം ചെയ്യുന്നത്. സ്വന്തം പ്രവൃത്തികളാലല്ല, മറിച്ച് മിശിഹായുടെ പരമയാഗത്തിലുള്ള വിശ്വാസത്താലാണ് മനുഷ്യൻ നീതീകരിക്കപ്പെടുന്നത് എന്ന വലിയ സത്യം ആ കുരിശിലെ അവസാന നിമിഷങ്ങളിൽ ലോകത്തിന് വെളിപ്പെട്ടു. മരണത്തിന്റെ നിഴലിലും മിശിഹായെ തന്റെ രാജാവായി തിരിച്ചറിഞ്ഞ ആ കള്ളന്റെ വിശ്വാസം, തലമുറകൾക്ക് ഇന്നും വലിയൊരു പാഠമായി നിലനിൽക്കുന്നു. ■

# മൈലാപ്പൂർ: ഭാരതസഭയുടെ തുടക്കവും കേന്ദ്രസ്ഥാനവും

ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര

റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

ഇന്ത്യയിലെ സുവിശേഷപ്രഘോഷണത്തിന്റെ ഭാഗമായി വടക്കേഇന്ത്യയിലും തെക്കേ ഇന്ത്യയിലെ പല പട്ടണങ്ങളിലും തോമാശ്ലീഹാ സഭാസമൂഹത്തിന് രൂപം കൊടുത്തു. പാർത്യരാജ്യത്തിന്റെ ഭാഗമായിരുന്ന വടക്കേ ഇന്ത്യയിൽ തന്റെ ആദ്യ പ്രേഷിതയാത്രയുടെ സമയത്തും കേരളം ഉൾപ്പെടുന്ന ‘തമിഴകം’ എന്നറിയപ്പെട്ടിരുന്ന തെക്കേ ഇന്ത്യയിൽ രണ്ടാമത്തെ പ്രേഷിതയാത്രയിലുമാണ് സഭയ്ക്ക് ആരംഭം കുറിച്ചത്.

തെക്കേ ഇന്ത്യയിലെ രണ്ടാമത്തെ പ്രധാന പട്ടണം ആയിരുന്നു മൈലാപ്പൂർ. ഒന്നാമത്തെ പ്രധാന പട്ടണം കേരളത്തിൽ മലബാർ തീരത്തുള്ള മുസ്സിരിസും. അന്നത്തെ ഇന്ത്യയിലെ നാലാമത്തെ പ്രധാന പട്ടണം ആയിരുന്നു മൈലാപ്പൂർ. ഗുജറാത്തിലെ ബാറുച്ച്, കേരളത്തിലെ മുസിരിസ്, പാക്കിസ്ഥാനിലെ ഇപ്പോഴുള്ള തക്ഷശില എന്നിവയായിരുന്നു പ്രാധാന്യത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ. ഈ നാലു പട്ടണങ്ങളിൽ മൈലാപ്പൂരിന് ഒരു പ്രത്യേകസ്ഥാനം ഉണ്ടായിരുന്നു. അതായത്, ചൈന ഉൾപ്പെടുന്ന കിഴക്കൻ രാജ്യങ്ങളിലേക്കുള്ള കവാടമായി (Gateway to the East) കണക്കാക്കപ്പെട്ടിരുന്നു. അതിനാൽ തെക്കേ ഇന്ത്യയിലെ പ്രധാന പട്ടണങ്ങളായ മുസിരിസ് പടിഞ്ഞാറേയ്ക്കുള്ള കവാടവും മൈലാപ്പൂർ കിഴക്കോട്ടുള്ള കവാടവുമായി പരിഗണിക്കപ്പെട്ടിരുന്നത് ഈ രണ്ടു പട്ടണങ്ങളുടെയും പ്രാധാന്യം എടുത്തു കാണിക്കുന്ന കാര്യങ്ങളാണ്. ഇവയിൽ മുസിരിസ് തോമാശ്ലീഹാ വന്നിറങ്ങിയ സ്ഥലവും മൈലാപ്പൂർ അപ്പസ്തോലന് അന്ത്യവിശ്രമം നൽകിയതുമായ സ്ഥലങ്ങളുമാണ്. മൈലാപൂരിലെ തോമാശ്ലീഹായുടെ രക്തസാക്ഷിത്വം ഈ പട്ടണത്തെ മാർതോമാ ക്രിസ്ത്യാനികളുടെ, ഭാരതക്രൈസ്തവരുടെ ഏറ്റവും പ്രിയപ്പെട്ട, പ്രധാനപ്പെട്ട സ്ഥലമാക്കിതീർത്തു. ഭാരതസഭയുടെ തുടക്കവും കേന്ദ്രസ്ഥാനവും മൈലാപ്പൂർ എന്ന് തന്നെ പറയാം. ആദ്യ നൂറ്റാണ്ടുകളിൽ സഭാകേന്ദ്രമായി പ്രവർത്തിച്ചിരുന്നത് മൈലാപ്പൂർ ആയിരുന്നു. മധ്യനൂറ്റാണ്ടുകളുടെ ആരംഭഘട്ടത്തിൽ കൊല്ലവും തുടർന്ന് കൊടുങ്ങല്ലൂരും സഭാകേന്ദ്രങ്ങളായി ഭവിച്ചു. ഏഴാം നൂറ്റാണ്ടു മുതൽ പോർച്ചുഗീസുകാരുടെ ആഗമനം (പതിനഞ്ചാം നൂറ്റാണ്ടിന്റെ അന്ത്യം) വരെ കൊടുങ്ങല്ലൂരായിരുന്നു മാർതോമാ ക്രിസ്ത്യാനികളുടെ മെത്രാപ്പോലീത്തമാർ താമസിച്ചിരുന്നത് എന്നാണ് പോർച്ചുഗീസ് രേഖകളിലുള്ളത്. തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചതും ശ്ലീഹായെ കബറടക്കിയതും മൈലാപ്പൂരിലാണ് എന്ന് തെളിയിക്കുന്ന അനേകം ചരിത്രരേഖകൾ ഉണ്ട്. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വിരചിതമായ (തോമായുടെ നടപടികൾ) എന്ന ഗ്രന്ഥമാണ് ഏറ്റവും പ്രധാന തെളിവ്. ഈ ഗ്രന്ഥത്തിന്റെ പതിമൂന്നാം അധ്യായത്തിൽ തോമായുടെ രക്തസാക്ഷിത്വം വളരെ വിശദമായി ചിത്രീകരിക്കുന്നുണ്ട്. അനേകം സഭാപിതാക്കന്മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വവും കബറിടവും സംബന്ധിച്ച വളരെയേറെ കാര്യങ്ങൾ അവരുടെ ഗ്രന്ഥങ്ങളിൽ കുറിച്ചിട്ടുള്ളത് ഇന്ന് നമുക്ക് ലഭ്യമാണ്. പുരാവസ്തു ഗവേഷണ പഠനങ്ങളും വിദേശയാത്രികരുടെ വിവരണങ്ങളും ഇക്കാര്യം തെളിയിച്ചിട്ടുണ്ട്. മൈലാപ്പൂരിലെ തോമായുടെ കബറിടം വളരെ പൂജ്യനീയം ആയിട്ടാണ് പഴയ നൂറ്റാണ്ടുകളിൽ കരുതിയിരുന്നതെന്ന് പോർച്ചുഗീസ് ചരിത്രഗ്രന്ഥങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ക്രൈസ്തവർ മാത്രമല്ല അക്രൈസ്തവരും ഭയഭക്ത്യാദരവുകളോടെയാണ് ഈ പൂജ്യസ്ഥലം കണ്ടിരുന്നത് എന്നും അവർ രേഖപ്പെടുത്തിയിട്ടുണ്ട്. തോമായുടെ കബറിടം മാർതോമാ ക്രിസ്ത്യാനികളുടെ ആധ്യാത്മികജീവിതത്തിൽ സുപ്രധാന പങ്ക് വഹിച്ചിരുന്നു. മൈലാപ്പൂർ കബറിടത്തിങ്കലേക്കുള്ള തീർഥാടനങ്ങൾ അവർ പതിവായി നടത്താറുണ്ടായിരുന്നു. മൈലാപ്പൂർ തീർഥാടനം ജീവിത സായൂജ്യമായാണ് ക്രൈസ്തവർ കരുതിയിരുന്നത്. മൈലാപ്പൂരിൽ നിന്ന് കൊണ്ടുവന്നിരുന്ന തിരുശേഷിപ്പായ മണ്ണ് രോഗങ്ങൾ സുഖപ്പെടുത്താൻ വരെ ശക്തിയുള്ളതായിരുന്നുവെന്ന് അവർ വിശ്വസിച്ചിരുന്നു. ■

# ചരിത്രം കുറിച്ച് കണ്ണൂരിന്റെ മണ്ണിൽ കത്തോലിക്ക കോൺഗ്രസ് മഹാസംഗമം

കണ്ണൂർ: രാഷ്ട്രീയശക്തിയല്ല, സമുദായശക്തിയാണ് കത്തോലിക്കാ കോൺഗ്രസെന്ന് സീറോമലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. 'സമുദായ ശക്തീകരണം രാഷ്ട്രപുരോഗതിക്ക്' എന്ന മുദ്രാവാക്യവുമായി അഖില കേരള കത്തോലിക്ക കോൺഗ്രസിന്റെ 108-ാം ജന്മവാർഷിക സമ്മേളനം കണ്ണൂർ പോലീസ് മൈതാനിയിലെ ബിഷപ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി നഗറിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മേജർആർച്ചുബിഷപ്.



വിദ്യാഭ്യാസ മേഖലയിൽ സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ സമുദായം ചെയ്തതാണ് പള്ളിക്കൂടം. ജാതി അനുസരിച്ച് കുട്ടികൾ വസ്ത്രങ്ങൾ ഇടാത്തപ്പോൾ കത്തോലിക്കാസഭ നടത്തിയ പരിഷ്കാരമാണ് പള്ളിക്കൂടങ്ങളിലെ യൂണിഫോം. ജാതിവ്യവസ്ഥകൾ പള്ളിക്കൂടങ്ങളിൽ പാടില്ലെന്നു ബോധ്യപ്പെടുത്താനാണ് യൂണിഫോം സമ്പ്രദായം നടപ്പിലാക്കിയത്. സ്ത്രീകളുടെ വിദ്യാഭ്യാസത്തിലും തുല്യ അവകാശമുണ്ടെന്നു പറഞ്ഞത് കത്തോലിക്ക സമുദായമാണ്. നഴ്സാകാൻ ഒരുകാലയളവിൽ ആരും പോകാറില്ലായിരുന്നു. ആരോഗ്യമേഖലയിൽ സ്ത്രീകളുടെ ശുശ്രൂഷ ആവശ്യമാണെന്ന് പറഞ്ഞത് സമുദായമാണ്. സിസ്റ്റേഴ്സിനെ ഉൾപ്പെടെ ഈ മേഖലയിലേക്കു നിയോഗിച്ചത് സമുദായമാണ്. ഒരാളും നഴ്സാകാൻ വരാതിരുന്ന കാലഘട്ടത്തിൽ നഴ്സിംഗിനെ കത്തോലിക്കാ സഭ ശുശ്രൂഷയുടെ ഭാഗമാക്കി മാറ്റി.

കണ്ണൂർ, കാസർഗോഡ് ജില്ലകൾ സൃഷ്ടിച്ചത് സർക്കാരാണെങ്കിലും ഇന്നു കാണുന്ന രീതിയിൽ ഈ ജില്ലകളെ മാറ്റിയത് കുടിയേറ്റ കർഷകരാണ്. കപ്പ, നെൽകൃഷി എന്നിവ സമുദായം കൊടുത്ത സംഭാവനയാണ്. കർഷകർക്ക് പെൻഷനും ആരോഗ്യ ഇൻഷ്വറൻസും നൽകാൻ സർക്കാർ തയാറാകണം. മനുഷ്യനെ കൊന്നാൽ പ്രശ്നമില്ല, കൃഷി നശിപ്പിക്കുന്ന വന്യമൃഗങ്ങളെ കൊന്നാൽ പ്രശ്നമാണ്. കർഷകന്റെ ഭൂമിക്ക് സംരക്ഷണം നൽകണം. അവരുടെ മക്കൾക്ക് പഠിക്കാൻ ആനുകൂല്യം നൽകണം. മക്കൾക്ക് ജോലി സംവരണം നൽകണം. സംവരണമില്ലാത്ത സമുദായത്തിന് അർഹിക്കുന്ന പരിഗണന നൽകാൻ സർക്കാർ തയാറാകണം. മാർ റാഫേൽ തട്ടിൽ പിതാവ് പറഞ്ഞു.




കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ചു. തലശേരി ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി മുഖ്യപ്രഭാഷണവും ബിഷപ് ലഗേറ്റ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ അനുഗ്രഹപ്രഭാഷണവും നടത്തി. കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ, പാലക്കാട് ബിഷപ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, ആർച്ചുബിഷപ് എമരിറ്റസ് മാർ ജോർജ് ഞറളക്കാട്ട് എന്നിവർ സന്ദേശങ്ങൾ നല്കി. ഗ്ലോബൽ ഡയറക്ടർ ഫാ. ഡോ. ഫിലിപ്പ് കവിയിൽ ആമുഖപ്രഭാഷണവും ജനറൽ സെക്രട്ടറി ഡോ. ജോസ്കുട്ടി ജെ. ഒഴുകയിൽ വിഷയാവതരണവും നടത്തി.



കത്തോലിക്ക കോൺഗ്രസ് തലശേരി അതിരൂപത പ്രസിഡന്റ് ഫിലിപ്പ് വെളിയത്ത് സ്വാഗതവും ഗ്ലോബൽ വൈസ് പ്രസിഡന്റ് ട്രീസ ലിസ് സെബാസ്റ്റ്യൻ നന്ദിയും പറഞ്ഞു. സമ്മേളനത്തിൽ കത്തോലിക്ക കോൺഗ്രസ് ആരംഭിക്കുന്ന ഗ്ലോബൽ ബിസിനസ് നെറ്റ്‌വർക്ക് പോർട്ടലിന്റെ ഉദ്ഘാടനവും മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ നിർവഹിച്ചു. കത്തോലിക്ക കോൺഗ്രസ് 109-ാം സമ്മേളനം നടക്കുന്ന ചങ്ങനാശേരി അതിരൂപത കത്തോലിക്ക കോൺഗ്രസ് പ്രതിനിധിക്ക് പതാക കൈമാറി.

സമ്മേളനത്തിന് മുന്നോടിയായി കണ്ണൂർ പോലീസ് മൈതാനിയിലെ ബിഷപ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി നഗറിൽനിന്ന് ആരംഭിച്ച മഹാറാലി ആർച്ച്ബിഷപ് എമരിറ്റസ് മാർ ജോർജ് വലിയമറ്റം ഫ്ലാഗ് ഓഫ് ചെയ്തു. ബിഷപ്പുമാരും വൈദികരും കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഭാരവാഹികളും സിസ്റ്റേഴ്സും തലശേരി അതിരൂപതയിലെ 19 ഫൊറോനകളിൽ നിന്നുള്ളവരും വിവിധ രൂപതകളിലെ കത്തോലിക്ക കോൺഗ്രസ് പ്രതിനിധികളും റാലിയിൽ പങ്കെടുത്തു. റാലി കണ്ണൂർ നഗരംചുറ്റി സമ്മേളനനഗരിയിൽ സമാപിച്ചു. സമ്മേളനത്തിന് മുന്നോടിയായി നടത്തപ്പെട്ട പ്രതിനിധി സമ്മേളനം പള്ളിക്കുന്ന് ശ്രീപുരം ബറുമറിയം പാസ്റ്ററൽ സെന്ററിൽ കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ ഉദ്ഘാടനം ചെയ്തു.

# സെമിനാരി പരിശീലകർ സഭാത്മക ദർശനം വളർത്തുന്നവരാകണം: മേജർ ആർച്ചുബിഷപ്പ്




കാക്കനാട്: വൈദിക വിദ്യാർഥികളിൽ ആഴമായ സഭാത്മകദർശനം രൂപപ്പെടുത്തുന്നതിനും അവരെ കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടാൻ പ്രാപ്തരാക്കുന്നതിനും സെമിനാരി പരിശീലകർക്ക് വലിയ ഉത്തരവാദിത്തമുണ്ടെന്ന് സീറോമലബാർ സഭ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ. സീറോമലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന മേജർ സെമിനാരി പ്രൊഫസർമാരുടെ സംഗമത്തിൽ സംസാരിക്കുകയായിരുന്നു തട്ടിൽ പിതാവ്. സഭയുടെ ഭാവി വാഗ്ദാനങ്ങളെ വാർത്തെടുക്കുന്നതിൽ മേജർസെമിനാരി അധ്യാപകർ വഹിക്കുന്ന നിർണ്ണായക പങ്കിനെ മേജർ ആർച്ചുബിഷപ്പ് പ്രത്യേകം എടുത്തുപറഞ്ഞു.

സെമിനാരി പരിശീലനം കേവലം ഒരു അക്കാദമിക് പഠനമല്ലെന്നും, മറിച്ച് സഭയുടെ തനിമയിലും പാരമ്പര്യത്തിലും അടിയുറച്ച ഒരു സഭാത്മക ജീവിതശൈലി രൂപപ്പെടുത്തലാണെന്നും മേജർ ആർച്ചുബിഷപ്പ് ഓർമിപ്പിച്ചു. വൈദികരൂപീകരണത്തിന്റെ അടിസ്ഥാന ശിലകളായ ആത്മീയം, അജപാലനം, മാനുഷികം, ബൗദ്ധികം, പ്രേഷിതത്വം (മിഷനറി) എന്നീ അഞ്ചു തലങ്ങളിൽ ഊന്നിയുള്ള സമഗ്രമായ പരിശീലനമാണ് വിദ്യാർഥികൾക്ക് നൽകേണ്ടത്. സുവിശേഷമൂല്യങ്ങളിലും സഭാപ്രബോധനങ്ങളിലും അധിഷ്ഠിതമായ ദർശനം വിദ്യാർഥികളിൽ വളർത്തിയെടുക്കാൻ പ്രൊഫസർമാർക്ക് സാധിക്കണമെന്നും മേജർ ആർച്ചുബിഷപ്പ് ഓർമിപ്പിച്ചു. മാറുന്ന അജപാലന സാഹചര്യങ്ങൾ കണക്കിലെടുത്ത് വൈദിക പരിശീലന പദ്ധതിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ സീറോമലബാർ മെത്രാൻ സിനഡ് തീരുമാനമനുസരിച്ചാണ് സെമിനാരി പരിശീലനത്തിൽ വരുത്തേണ്ട മാറ്റങ്ങളെയും അവയുടെ പ്രായോഗികതലങ്ങളെയുംകുറിച്ചു പഠിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമായി മേജർ സെമിനാരികളിലെ അധ്യാപകരുടെ സംഗമം വൈദികർക്കുവേണ്ടിയുള്ള കമ്മീഷന്റെ നേതൃത്വത്തിൽ വിളിച്ചു ചേർത്തത്. വൈദികരൂപീകരണത്തിന്റെ പ്രാഥമികഘട്ടമായ മൈനർ സെമിനാരി മുതൽ തന്നെ ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കി തുടങ്ങാനാണ് സിനഡ് ലക്ഷ്യമിടുന്നത്. സഭയുടെ വിവിധ മേജർ സെമിനാരികളിൽ നിന്നുള്ള റെക്ടർമാർ, ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ്, പ്രൊഫസർമാർ തുടങ്ങിയവർ പങ്കെടുത്ത സംഗമത്തിൽ വൈദികർക്കുവേണ്ടിയുള്ള സിനഡൽ കമ്മീഷന്റെ ചെയർമാൻ മാർ ടോണി നീലങ്കാവിൽ, കമ്മീഷൻ അംഗം മാർ അലക്സ് താരാമംഗലം, സഭ ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ തുടങ്ങിയവർ സംസാരിച്ചു. വൈദികർക്കുവേണ്ടിയുള്ള കമ്മീഷൻ സെക്രട്ടറി ഫാ. ടോം ഓലിക്കരോട്ട്, ഫാ അഗസ്റ്റിൻ കല്ലേലി, സിസ്റ്റർ ലെത്തീസിയ എസ്. എം. സി. എന്നിവർ നേതൃത്വം നൽകി. മാർച്ച് 15, 16 തീയതികളിലായി നടന്ന സംഗമത്തിൽ മംഗലപ്പുഴ, വടവാതൂർ, തൃശൂർ, കുന്നോത്ത് എന്നീ മേജർ സെമിനാരികളിൽനിന്നുള്ള പ്രൊഫസർമാരാണ് പങ്കെടുത്തത്.

# മേജർ ആർച്ചുബിഷപ് മലയാറ്റൂർ കുരിശുമുടി തീർഥാടനം നടത്തി



മലയാറ്റൂർ : സീറോമലബാർസഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ മലയാറ്റൂർ കുരിശുമുടിയിൽ തീർഥാടനം നടത്തി മലയടിവാരത്ത് എത്തിയ മേജർ ആർച്ചുബിഷപ്പ് മാർത്തോമാ ശ്ലീഹായുടെ രൂപത്തിന് മുന്നിൽ പ്രാർഥന നടത്തിയശേഷമാണ് മലകയറ്റം ആരംഭിച്ചത്. കുരിശുമുടിയിൽ എത്തിയ മാർ തട്ടിൽ പിതാവിനെ കുരിശുമുടി സ്പിരിച്ചൽ ഡയറക്ടർ ഫാ. ആന്റണി നടുവത്തുശേരി സ്വീകരിച്ചു. കുരിശുമുടി പള്ളിയിൽ പ്രാർഥന നടത്തിയശേഷം പൊൻകുരിശും മാർത്തോമാ ശ്ലീഹായുടെ കാൽപ്പാദവും വണങ്ങി. തന്നെ സമീപിച്ച വിശ്വാസികൾക്ക് ആശീർവാദം നല്കിയാണ് മേജർ ആർച്ചുബിഷപ് മലയിറങ്ങിയത്. മലയിറങ്ങുമ്പോൾ കുരിശുമുടിയിൽ ജോലി ചെയ്യുന്ന തൊഴിലുറപ്പ് തൊഴിലാളികളെ കണ്ട അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് അവരുമായി സൗഹൃദം പങ്കുവയ്ക്കുകയും അവർക്കായി പ്രാർഥന നടത്തുകയും ചെയ്തു. സീറോമലബാർസഭയുടെ കേന്ദ്രകാര്യാലയത്തിലെ ബഹു. വൈദികരും സിസ്റ്റേഴ്സും മേജർ ആർച്ചുബിഷപ്പിനൊപ്പം ഉണ്ടായിരുന്നു.

മാർതോമശ്ലീഹായുടെ പദസ്പരശനമേറ്റ പുണ്യഭൂമിയിലേക്കുള്ള തീർത്ഥയാത്ര വിശ്വാസത്തിന്റെ പൈതൃകങ്ങളെ ഓർമിക്കുന്നതിനും ബലപ്പെടുത്തുന്നതിനുള്ള അവസരമാണെന്ന് തീർത്ഥാനടത്തിനുശേഷം മേജർ ആർച്ചുബിഷപ്പ് പറഞ്ഞു. മാത്രമല്ല തീർത്ഥാനടങ്ങളിൽ ആത്മാവിനെയും ശരീരത്തെയും പാകപ്പെടുത്തുകയും വിശ്വാസത്തിന് സാക്ഷ്യം വഹിക്കുന്നതിൽ നിർണ്ണായകമാണെന്നും സീറോമലബാർ സഭയിൽ ഐക്യവും സമാധാനവും രൂപപ്പെടുകയെന്നുള്ളതാണ് കുരിശുമുടി തീർത്ഥാടനത്തിൽ തന്റെ പ്രത്യേക നിയോഗമെന്നും മേജർ ആർച്ചുബിഷപ് കൂട്ടിച്ചേർത്തു.

2019 ആയിരുന്നു മാർ റാഫേൽ തട്ടിൽ പിതാവ് ഇതിനു മുൻപ് കുരിശുമുടി തീർഥാടനം നടത്തിയത്. അന്ന് വൈദികനായിരുന്ന പിതാവ് തൃശൂരിൽ നിന്ന് പദയാത്രയായി എത്തിയാണ് മലകയറിയത്.

# എസ്ഡി സന്യാസിനിസമൂഹത്തിന്റെ ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കമായി



ആലുവ: ചുണങ്ങംവേലിയിലെ എസ്ഡി സന്യാസിനി സമൂഹത്തിന്റെ ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കമായി. ഇതോടനുബന്ധിച്ച പൊതുസമ്മേളനം സീറോമലബാർസഭ മജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. എറണാകുളം അങ്കമാലി അതിരൂപത വികാരി ജനറൽ ഫാ.ജോസ് പുതിയേടത്ത്, വിൻസെൻഷ്യൻ സന്യാസ സമൂഹം വികാരി ജനറൽ ഫാ. മാത്യു പോത്താലിൽ, ആരാധനാ സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ മദർ റോസിലി ജോസ്, കീഴ്മാട് പഞ്ചായത്ത് പ്രസിഡന്റ് സാജു മത്തായി എന്നിവരും വൈദികരും സമർപ്പിതരും ചടങ്ങിൽ സന്നിഹിതരായിരുന്നു. എസ്ഡി സുപ്പീരിയർ ജനറൽ സിസ്റ്റർ ലിസ് ഗ്രെയ്സ് മുഖ്യപ്രഭാഷണം നടത്തി. ജനറൽ കൗൺസിലർ സിസ്റ്റർ പൗളിൻ തെരേസ്, സെന്റ് മേരീസ് പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ റെയ്സി തളിയൻ എന്നിവർ പ്രസംഗിച്ചു. ശതാബ്ദി ലോഗോ പ്രകാശനവും 100 എസ്ഡി സഹോദരിമാരുടെ ശതാബ്ദി ഗാനാലാപനവും മറ്റു കലാപരിപാടികളും ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു എന്ന ആദർശവാക്യം ഉയർത്തി പാവപ്പെട്ടവരുടെ ഉന്നമനത്തിനുതകുന്ന നിരവധി കർമപദ്ധതികളും യുവജന ശാക്തീകരണ സംരംഭങ്ങളുമാണ് ശതാബ്ദി ആഘോഷങ്ങളോടൊപ്പം സന്യാസിനി സമൂഹം ആവിഷ്കരിക്കുന്നത്.



# മോൺ. ജോർജ് പൊട്ടയ്ക്കൽ അഭിഷിക്തനായി



മയിൻസ്: എഡി 304ൽ സ്ഥാപിതമായ മയിൻസ് രൂപതയുടെ ഏഴാമത്തെ സഹായമെത്രാനായി കർമലീത്ത സന്യാസ സമൂഹാംഗവും കോതമംഗലം രൂപതാംഗവുമായ മോൺ. ജോർജ് പൊട്ടയ്ക്കൽ അഭിഷിക്തനായി. യൂറോപ്പിന് പുറത്ത് ജനിച്ച ജർമൻ രൂപതയിൽ സഹായ മെത്രാനാകുന്ന ആദ്യ വൈദികനാണ് ഫാ ജോഷി ജോർജ് പൊട്ടക്കൽ. കോതമംഗലം രൂപതാംഗവും തൃശൂർ ചേറ്റുപുഴ സെന്റ് തോമസ് പ്രൊവിൻസ് അംഗവുമാണ് ഫാ. ജോഷി. എറണാകുളം ജില്ലയിലെ ആരക്കുഴ പഞ്ചായത്തിലെ മീങ്കുന്നം പൊട്ടയ്ക്കൽ പരേതരായ ജോർജിന്റെയും ഏലിയാമ്മയുടെയും രണ്ടാമത്തെ മകനാണ്. ജർമൻ ബിഷപ്സ് കോൺഫറൻസിലെ മൂന്നാമത്തെ വിദേശ വംശജനായ ബിഷപ്പാണ് 1977 ൽ ജനിച്ച ഫാ. ജോഷി ജോർജ് പൊട്ടക്കൽ.

മയിൻസ് ബിഷപ്പ് ഡോ. പീറ്റർ കോൾഗ്രാഫ് അഭിഷേകകർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. ഫ്രൈബുർഗ് ആർച്ചുബിഷപ്പ് ഡോ. സ്റ്റെഫാൻ ബുർഗർ, ബ്രസീലിലെ ഇതൈറ്റുബ രൂപതാ ബിഷപ്പ് ഡോ. വിൽമർ സാന്റ്റിൻ ഒ.കാം എന്നിവർ സഹകാർമികരായിരുന്നു. ചടങ്ങിൽ 14 ബിഷപ്പുമാർ പങ്കെടുത്തു. കേരളത്തിൽനിന്നു കോതമംഗലം രൂപത ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, യൂറോപ്പിലെ സീറോമലബാർ സഭയുടെ അപ്പസ്തോലിക് വിസിറ്റേറ്റർ ബിഷപ്പ് മാർ സ്റ്റീഫൻ ചിറപ്പണത്ത്, കർമലീത്ത മാതൃസഭ ജനറാൾ സ്പെയിൻകാരനായ ഫാ. ദെസിദേരിയോ ഗാർസിയ, കേരളത്തിൽനിന്നുള്ള ജനറൽ കൗൺസിലർ ഫാ. റോബർട്ട് പുതുശേരി, ജർമൻ പ്രൊവിൻഷ്യൽ ഫാ. പീറ്റർ ഷ്രോഡർ, സെന്റ് തോമസ് പ്രോവിൻസ് ഇന്ത്യ പ്രൊവിൻഷ്യൽ ഫാ. തങ്കച്ചൻ പോൾ ഞാളിയത്ത് എന്നിവരും കർമലീത്ത സന്യാസസമൂഹാംഗങ്ങളും സിസ്റ്റേഴ്സും ജർമനിയിൽ സേവനം ചെയ്യുന്ന മലയാളി വൈദികരും സന്യസ്തരും പങ്കെടുത്തു. വിവിധ രാജ്യങ്ങളിൽനിന്നുള്ള വിശ്വാസികളും രാഷ്ട്രീയ സാമൂഹികരംഗങ്ങളിലെ പ്രതിനിധികളും ബിഷപ്പ് ജോഷി ജോർജിന്റെ കുടുംബാംഗങ്ങളും ചടങ്ങിൽ സന്നിഹിതരായിരുന്നു. 22 വർഷമായി ജർമനിയിൽ ശുശ്രൂഷ ചെയ്യുന്ന മോൺ. ജോഷി ജോർജ് പൊട്ടയ്ക്കലിനെ 2025 നവംബർ 26 നാണ് ലെയോ പതിനാലാമൻ മാർപാപ്പ മയിൻസിലെ സഹായമെത്രാനായി നിയമിച്ചത്.

# ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന് വത്തിക്കാന്റെ അംഗീകാരം




തലശേരി: തലശേരി അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ദൈവശാസ്ത്ര പഠനകേന്ദ്രമായ ആൽഫ ഹയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലിജിയസ് സയൻസസിന് വത്തിക്കാനിലെ ഡിക്കാസ്റ്ററി ഫോർ കൾച്ചർ ആൻഡ് എഡ്യുക്കേഷന്റെ അംഗീകാരം. ഇതോടെ ബംഗളൂരുവിലെ ധർമാരാം വിദ്യാക്ഷേത്രത്തോടു ചേർന്ന് മൂന്നു വർഷത്തെ റെഗുലർ ദൈവശാസ്ത്ര ബിരുദ കോഴ്സ് (Baccalaureate of Religious Science) ആൽഫ ഹയർ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കാനാകും. പ്രഖ്യാപന ചടങ്ങിന്റെ ഉദ്ഘാടനം തലശേരി ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, ആർച്ചുബിഷപ്പ് എമെരിറ്റസുമാരായ മാർ ജോർജ് വലിയമറ്റം, മാർ ജോർജ് ഞരളക്കാട്ട് എന്നിവർ ചേർന്ന് വിളക്ക് തെളിച്ച് നിർവഹിച്ചു. ഡിക്രി പ്രഖ്യാപനം ബംഗളൂരു ധർമാരാം വിദ്യാക്ഷേത്രം പ്രസിഡന്റ് ഫാ. ഡോ. മാത്യു ആറ്റുങ്കൽ സിഎംഐ നിർവഹിച്ചു. ടെലി ആൽഫാ സെന്റർ ഫോർ റിലിജിയസ് സയൻസസ് ഡീൻ ഫാ. ഡോ. ജോജി കാക്കരമറ്റത്തിൽ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസിഡന്റ് ഫാ. ഡോ. ഫിലിപ്പ് കവിയിൽ, ധർമാരാം വിദ്യാക്ഷേത്രം തിയോളജി ഫാക്കൽറ്റി ഡീൻ ഫാ. ഡോ. പോൾ കൊച്ചാപ്പിള്ളി സിഎംഐ, ആൽഫയിലെ ധർമാരാം വിദ്യാക്ഷേത്രം പ്രതിനിധി ഫാ. ഡോ. ജോയ് കാക്കനാട്ട് സിഎംഐ,ആൽഫ ഹയർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. ഡോ. മാത്യു കൊട്ടുകാപ്പള്ളി, സ്റ്റാഫ് പ്രതിനിധി ഫാ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ എന്നിവർ പ്രസംഗിച്ചു. പ്രഗത്ഭരായ അധ്യാപകരുടെ മേൽനോട്ടത്തിലാണ് ആൽഫ ഹയർ ഇൻസ്റ്റിറ്റ്യൂട്ടിലെ ക്ലാസുകൾ നടത്തുന്നത് സന്യാസിനികൾ, മതാധ്യാപകർ, റിട്ടയേർഡ് പ്രഫഷണൽസ് തുടങ്ങി പ്ലസ് ടു പഠനം പൂർത്തീകരിച്ച എല്ലാവർക്കും കോഴ്സിന് അപേക്ഷിക്കാം.

# നിർണ്ണായക പ്രഖ്യാപനവുമായി തൃശൂർ അതിരൂപതാ സംയുക്ത വൈദിക സമ്മേളനം




കൊടകര: ക്രൈസ്തവരോടു രാഷ്ട്രീയപ്രസ്ഥാനങ്ങൾ തുടരുന്ന വിവേചനം അവസാനിപ്പിക്കണമെന്നു തൃശൂർ അതിരൂപത പ്രോവിൻസിലെ അഞ്ചു രൂപതകളുടെ സംയുക്ത വൈദികസമിതി സമ്മേളനം. സമ്മേളനം സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. തൃശൂർ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ഇരിങ്ങാലക്കുട ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ, പാലക്കാട് ബിഷപ്പ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, രാമനാഥപുരം ബിഷപ്പ് മാർ പോൾ ആലപ്പാട്ട്, ഹൊസൂർ ബിഷപ്പ് മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ, മെൽബൺ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ, വിവിധ രൂപതകളിലെ വികാരി ജനറാൾമാർ, കൂരിയ ഭാരവാഹികൾ, പ്രെസ്ബിറ്ററൽ കൗൺസിൽ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ഫാ. ഡോ. ജയിംസ് കൊക്കാവയലിൽ, ഫാ. ഡോ. മാത്യു ഇല്ലത്തുപറമ്പിൽ, ഡോ. മേരി റെജീന, പ്രഫ. കെ.എം. ഫ്രാൻസിസ് എന്നിവർ ക്ലാസുകൾ നയിച്ചു.

അധികാരത്തിലെത്തിയാൽ ക്രൈസ്തവർ വർഷങ്ങളായി ഉന്നയിക്കുന്ന പ്രശ്നങ്ങളിൽ എന്തു നടപടിയെടുക്കുമെന്നു രാഷ്ട്രീയപാർട്ടികൾ വ്യക്തമാക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. മലയോരമേഖലയിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ചയാകുന്നില്ലെന്നും സർക്കാരിന്റെ മദ്യനയം വഞ്ചനാപരമാണെന്നും യോഗം വിലയിരുത്തി. ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് പുറത്തുവിട്ട നടപടിയെ അഭിനന്ദിക്കുന്നു. ശിപാർശകൾ നടപ്പാക്കാനുള്ള ഇച്ഛാശക്തി പ്രകടിപ്പിക്കണം. അധികാരത്തിലുള്ളവരും ഭരണം പ്രതീക്ഷിക്കുന്നവരും ഇക്കാര്യത്തിൽ എന്തുചെയ്യുമെന്ന് അറിയണം. അധ്യാപക ഭിന്നശേഷിനിയമനത്തിൽ പോരാട്ടങ്ങളുടെ ഫലമായി ഏറെ വൈകി ഇടപെടലുകളുണ്ടായെങ്കിലും വിദ്യാഭ്യാസസ്ഥാപനങ്ങളോടുള്ള വിവേചനവും ശത്രുതാപരമായ സമീപനവും തുടരുകയാണ്. ക്രൈസ്തവ ന്യൂനപക്ഷ അവകാശങ്ങൾ പിൻവാതിലിലൂടെ കവർന്നെടുക്കാനുള്ള ശ്രമങ്ങൾ ഉപേക്ഷിക്കണമെന്നും സംയുക്ത വൈദികസമിതി യോഗം ആവശ്യപ്പെട്ടു.

# ക്രൈസ്തവരുടെ പ്രശ്നങ്ങളോട് രാഷ്ട്രീയകക്ഷികൾ നിസംഗത വെടിയണം: മാർ പോളി കണ്ണൂക്കാടൻ



ഇരിങ്ങാലക്കുട: ക്രൈസ്തവ സമൂഹത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളോടും ആവശ്യങ്ങളോടും രാഷ്ട്രീയ കക്ഷികൾ സ്വീകരിച്ചിട്ടുള്ള നിസംഗത മനോഭാവം തിരുത്തണമെന്ന് ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ. അധികാരത്തിലേറിയാൽ ഇത്തരം പ്രശ്നങ്ങളിൽ എന്ത് നടപടികളെടുക്കുമെന്ന് തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ഈ ഘട്ടത്തിലെങ്കിലും നേതാക്കൾ വ്യക്തമാക്കണം. ഇരിങ്ങാലക്കുട രൂപത പാസ്റ്ററൽ കൗൺസിൽ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മാർ പോളി കണ്ണൂക്കാടൻ. ക്രൈസ്തവർ കാലങ്ങളായി മുന്നോട്ടു വയ്ക്കുന്ന പ്രശ്നങ്ങൾക്കൊന്നും ഒരു മുന്നണിയും പാർട്ടിയും ഫലപ്രദമായ പരിഹാരം നിർദ്ദേശിക്കുന്നില്ല. ന്യൂനപക്ഷവകാശങ്ങളുടെ ലംഘനവും കുടുംബങ്ങളെയും സമൂഹത്തെയും തകർക്കുന്ന മദ്യനയവും മലയോര കർഷക പ്രശ്നങ്ങളും തീരദേശ നിവാസികളുടെ ആവശ്യങ്ങളും ക്രൈസ്തവ സമൂഹത്തിന്റെ തുടരുന്ന ആശങ്കകളാണ്. ഈ സാഹചര്യത്തിൽ പൊതുസമൂഹത്തിന്റെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുമെന്ന് ഉറപ്പുള്ള സത്യസന്ധരായ ജനപ്രതിനിധികൾ മുന്നോട്ട് വരാൻ വിവേകപൂർവ്വം വോട്ടവകാശം വിനിയോഗിക്കണമെന്ന് മാർ പോളി കണ്ണൂക്കാടൻ ആഹ്വാനം ചെയ്തു. ഓരോ വിശ്വാസിയും ഉത്തരവാദിത്വപൂർവ്വം വോട്ട് രേഖപ്പെടുത്തുകയും മറ്റുള്ളവരെ അതിനു പ്രേരിപ്പിക്കുകയും വേണം. വിവിധ രംഗങ്ങളിൽ ഗുരുതരശോഷണം നേരിട്ടുകൊണ്ടിരിക്കുന്ന സീറോമലബാർ സമൂഹത്തെ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങളിൽ പങ്കാളികളാകാൻ മുഴുവൻ വിശ്വാസികളും തയ്യാറാവണം. കത്തോലിക്ക കോൺഗ്രസ് അൽമായ ശാക്തീകരണത്തിലൂടെ സമുദായ ശാക്തീകരണത്തിനു നേതൃത്വം നൽകണം. എല്ലാ ഇടവകകളിലും കത്തോലിക്ക കോൺഗ്രസിന്റെ യൂണിറ്റുകൾ ആരംഭിക്കണം. "ക്രൈസ്തവ സമുദായ ശാക്തീകരണം നല്ലൊരു നാളേയ്ക്കായ്" എന്ന വിഷയത്തിൽ നടന്ന ചർച്ചക്ക് കെ.സി.ബി.സി. ജാഗ്രത കമ്മീഷൻ സെക്രട്ടറി റവ. ഡോ. മൈക്കിൾ പുളിക്കൻ സി.എം.ഐ., മൂവാറ്റുപുഴ മുനിസിപ്പാലിറ്റി ചെയർപേഴ്സണും സംരംഭകയുമായ ജോയ്സ് മേരി ആന്റണി, ചങ്ങനാശ്ശേരി അതിരൂപത പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ എന്നിവർ നേതൃത്വം നൽകി. അഡ്വ. ഷൈനി ജോജോ ചിറ്റിലപ്പിള്ളി മോഡറേറ്ററായി.

വികാരി ജനറൽമാരായ മോൺ. ആന്റു ആലപ്പാടൻ, മോൺ. ജോസ് മാളിയേക്കൽ, മോൺ. വിൽസൺ ഈരത്തറ, പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി റവ. ഡോ. റിജോയ് പഴയാറ്റിൽ, സെക്രട്ടറിമാരായ ജിയോ ജോസ്, അഡ്വ. ആൻലിൻ ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു. ക്രൈസ്തവ വിദ്യാലയങ്ങൾക്കും ആശുപത്രികൾക്കും നേരെ കക്ഷിഭേദമെന്യേ കാലാകാലങ്ങളായി സ്വീകരിച്ചുപോരുന്ന വിവേചനം തുടരുന്നതിൽ ആശങ്കയും ഖേദവും പ്രകടിപ്പിച്ചു.

# ലഹരി എന്ന വിപത്തിനെതിരേ പിതാക്കന്മാർ കാവലാളാകണം: മാർ ജോസ് പുളിക്കൽ



കാഞ്ഞിരപ്പള്ളി: വി. യൗസേപ്പിതാവ് തിരുക്കുടുംബത്തെ വലിയ അപകടങ്ങളിൽ നിന്നും രക്ഷിച്ചതുപോലെ, ഈ കാലഘട്ടത്തിൽ കുടുംബങ്ങളുടെ അടിവേരിളക്കുന്ന ലഹരി വിപത്തിൽ നിന്ന് കുടുംബത്തെയും സമൂഹത്തെയും സംരക്ഷിക്കാൻ പിതാക്കന്മാർ കാവലാളാകണമെന്ന് കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ ആഹ്വാനം ചെയ്തു. കുടുംബത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും കാവലാളായി ഓരോ അപ്പനും മാറണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ നടന്ന 'പിതൃഹൃദയത്തോടെ' എന്ന പിതൃസംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ, രൂപതയുടെ പ്രഥമ മെത്രാൻ മാർ ജോസഫ് പൗവ്വത്തിലിന്റെ മൂന്നാം ചരമവാർഷികം, രൂപത പിതൃവേദിയുടെ രജതജൂബിലി എന്നിവയോടനുബന്ധിച്ചാണ് സംഗമം സംഘടിപ്പിച്ചത്. സഭയാകുന്ന അമ്മയോട് ചേർന്ന് സമൂഹത്തിന്റെ ഉന്നമനത്തിനായി ഉറച്ച നിലപാടുകളെടുത്ത മാർ ജോസഫ് പൗവ്വത്തിൽ നമുക്ക് വലിയ മാതൃകയാണെന്നും അദ്ദേഹത്തിലൂടെ ലഭിച്ച നന്മകൾക്ക് നന്ദി പറയാനും സഭയോട് ചേർന്ന് നീങ്ങാനും പിതാവിൽ നിന്നുള്ള ബോധ്യങ്ങൾ ഉപകരിക്കട്ടെയെന്നും മാർ ജോസ് പുളിക്കൽ പറഞ്ഞു. ഡോ. സാജു കൊച്ചുവീട്ടിലിന്റെ അധ്യക്ഷതയിൽ ചേർന്ന സംഗമത്തിന് രൂപതാ ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ സ്വാഗതം ആശംസിച്ചു. സെബാസ്റ്റ്യൻ താന്നിക്കൽ, ഷിജോ തോണിയാങ്കൽ, റെജി കൈപ്പൻപ്ലാക്കൽ എന്നിവർ പ്രസംഗിച്ചു. സംഗമത്തിൽ പങ്കെടുത്ത ജോസഫ് നാമധാരികളായ എല്ലാ പിതാക്കന്മാരെയും പ്രത്യേകമായി അനുമോദിച്ചു. പിതാക്കന്മാരുടെ വിവിധ കലാപരിപാടികൾ ചടങ്ങിന് മിഴിവേകി. രൂപതയിലെ 13 ഫൊറോനകളിൽ നിന്നുള്ള വിവിധ ഇടവകകളിൽ നിന്നുള്ള പിതൃവേദി അംഗങ്ങൾ സംഗമത്തിൽ പങ്കെടുത്തു.

# സി.എം.ഐ. സന്യാസസമൂഹത്തിന് പുതിയ നേതൃത്വം



ഡോ. പോൾ ആച്ചാണ്ടി











കൊച്ചി: സി.എം.ഐ. (കാർമ്മലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ്) സന്യാസ സമൂഹത്തിന്റെ അടുത്ത ആറു വർഷത്തേക്കുള്ള നേതൃത്വത്തെ 39-ാമത് ജനറൽ ബോഡി തിരഞ്ഞെടുത്തു. പുതിയ പ്രിയോർ ജനറലായി റവ. ഡോ. പോൾ ആച്ചാണ്ടി നിയമിതനായി. 2014 മുതൽ 2020 വരെയുള്ള കാലയളവിൽ പ്രിയോർ ജനറലായി സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം, കഴിഞ്ഞ മൂന്ന് വർഷമായി കെനിയ മിഷനിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരികയായിരുന്നു. സന്യാസ സമൂഹത്തിന്റെ ഭരണപരമായ കാര്യങ്ങളിലും മിഷൻ പ്രവർത്തനങ്ങളിലും ദീർഘകാലത്തെ പരിചയസമ്പത്തുള്ള വ്യക്തിത്വമാണ് ഫാ. പോൾ ആച്ചാണ്ടി.

പുതിയ ഭരണസമിതിയിലെ മറ്റ് അംഗങ്ങളെയും പൊതുസംഘം തിരഞ്ഞെടുത്തു. വികാരി ജനറലായും അജപാലന പ്രേഷിതത്വത്തിന്റെ കൗൺസിലറായും ഫാ. ബെന്നി നൽക്കര ചുമതലയേറ്റു. വിദ്യാഭ്യാസ മാധ്യമ വിഭാഗങ്ങളുടെ കൗൺസിലറായി ഫാ. ബിനോയ് ഇലവുങ്കലിനെയും, സാമൂഹിക പ്രവർത്തനം, ആതുരസേവനം എന്നീ വിഭാഗങ്ങളുടെ കൗൺസിലറായി ഫാ. ടോം അറയ്ക്കലിനെയും തിരഞ്ഞെടുത്തു. ഫാ.ജോസഫ് പൊൻമാണി ധനകാര്യ വിഭാഗം കൗൺസിലറായും ഫാ. ഷിജോ ആറ്റുപുറം ജനറൽ ഓഡിറ്ററായും ചുമതല വഹിക്കും.

ഭാരതത്തിൽ നിന്നുള്ള ആദ്യത്തെ തദ്ദേശീയ സന്യാസ സമൂഹമാണ് സി.എം.ഐ (Carmelites of Mary Immaculate). 1831 മേയ് 11ന് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ്, പാലയ്ക്കൽ തോമസ് മല്പാൻ, പോരുകര തോമസ് കത്തനാർ എന്നിവർ ചേർന്നാണ് മാന്നാനത്ത് കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന്റെയും പൊതുസമൂഹത്തിന്റെയും ആത്മീയവും സാമൂഹികവുമായ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ച ഈ സന്യാസ സമൂഹം ആരംഭിച്ചത്.

# കർദിനാൾ മാർ ആന്റണി പടിയറ പിതാവിന്റെ ചരമവാർഷികം ആചരിച്ചു





കൊച്ചി: സീറോമലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ആന്റണി പടിയറയുടെ 26-ാം ചരമവാർഷികം ആചരിച്ചു. മാർച്ച് 23-ന് സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന വിശുദ്ധ കുർബാനയോടെയാണ് അനുസ്മരണ ചടങ്ങുകൾ ആരംഭിച്ചത്. തുടർന്ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിലുള്ള പടിയറ പിതാവിന്റെ കബറിടത്തിൽ പ്രത്യേക പ്രാർഥനകളും അനുസ്മരണ ശുശ്രൂഷകളും നടന്നു. മേജർ ആർച്ചുബിഷപ്പു മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ചടങ്ങുകളിൽ മെത്രാപ്പോലീത്തൻ വികാരി ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, സഭാ ആസ്ഥാനത്തെ വൈദികർ, എറണാകുളം-അങ്കമാലി അതിരൂപത കുരിയയിലെ വൈദികർ തുടങ്ങിയവർ പങ്കെടുത്തു. സീറോമലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ് എന്ന നിലയിൽ സഭയുടെ വളർച്ചയിൽ പടിയറ പിതാവ് നൽകിയ അതുല്യമായ സംഭാവനകളെ മാർ റാഫേൽ തട്ടിൽ പിതാവ് അനുസ്മരിച്ചു.

# നസ്രാണി സമുദായ ഐക്യമുന്നേറ്റത്തിന് പാലായിൽ തുടക്കമായി



പാലാ : മാർത്തോമ്മാ ശ്ലീഹാ പൈതൃകവും സുറിയാനി പാരമ്പര്യവുമുള്ള നസ്രാണി സമുദായ വൈദിക അൽമായ പ്രതിനിധികളുടെ യോഗം പാലാ ബിഷപ്സ് ഹൗസിൽ മെത്രാന്മാരുടെ നേതൃത്വത്തിൽ നടന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനിസഭാധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കത്തോലിക്കാ ബാവാ തിരുമേനി ഉദ്ഘാടനം ചെയ്ത യോഗത്തിൽ കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് പിതാവ് മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. നസ്രാണികൾ ഒന്നിച്ചു നിൽക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നു മലങ്കര ഓർത്തഡോകസ് സുറിയാനി സഭ പരമാധ്യക്ഷൻ മോറോൻ മോർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. മതപരിവർത്തന നിയമങ്ങൾ ഭരണഘടനാ വിരുദ്ധമല്ല എന്നുറപ്പാക്കേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്, അദ്ദേഹം കൂട്ടിച്ചേർത്തു. വിഘടിച്ചുപോയ മാർത്തോമ്മാ നസ്രാണി സമുദായത്തിനു സാധ്യമായ മേഖലകളിൽ ഒന്നിച്ചുപോകാമെന്നു കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് പിതാവ് സൂചിപ്പിച്ചു. ക്രൈസ്തവർ ഈശോയുടെ നാമത്തിൽ ചെയ്യുന്ന സാമൂഹിക സേവനങ്ങളെ സംശയിക്കുന്നവർ കൂടി വരുന്നു. നസ്രാണികളുടെ കൂടി വരവ് ഒരിക്കലും വർഗ്ഗീയത അല്ല, രാജ്യത്തിനു മുഴുവൻ ബലം പകരാനാണ്. പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഏഴു നസ്രാണി സഭകളിൽ നിന്നായി മെത്രാന്മാരുടെ 11 പ്രതിനിധികൾ പങ്കെടുത്തു. സാമുദായികമായി സംഘടിക്കുക എന്നത് സഭകളുടെ ഐക്യത്തേക്കാൾ എളുപ്പവും അവശ്യവുമാണെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷ പ്രസംഗത്തിൽ സൂചിപ്പിച്ചു. ചിതറുന്നത് ഒന്നിച്ചു കൂടാനുള്ള ഒരു കാരണമാകണം അദ്ദേഹം ഓർമ്മിപ്പിച്ചു.

# മാനന്തവാടി രൂപത സമുദായശക്തീകരണ വർഷാചരണം ഉദ്ഘാടനം ചെയ്തു

മാനന്തവാടി: സീറോമലബാർ സമുദായ ശക്തീകരണ വർഷാചരണത്തിന്റെ പശ്ചാത്തലത്തിൽ മാനന്തവാടി രൂപത പാസ്റ്ററൽ കൗൺസിലിന്റെ ഈ വർഷത്തെ ആദ്യ യോഗം ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ നടന്നു. സമുദായ ശക്തീകരണ വർഷാചരണത്തിന്റെ രൂപതാതല ഉദ്ഘാടനവും ഇതിനായുള്ള പ്രത്യേക മാർഗ്ഗരേഖ പ്രകാശനവും രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം നിർവ്വഹിച്ചു. സമുദായത്തെ ആത്മീയമായും സാമൂഹികമായും ശാക്തീകരിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ ഓർമിപ്പിച്ചു.

'സമുദായ ശക്തീകരണം മാറിയ സാഹചര്യത്തിലെ സഭാ ശുശ്രൂഷയും സമുദായ ഐക്യവും' എന്ന വിഷയത്തെ ആസ്പദമാക്കി ദീപിക ചിൽഡ്രൻസ് ലീഗ് ഡയറക്ടർ ഫാ. റോയി കണ്ണംചിറ സി.എം.ഐ. ക്ലാസ്സ് നയിച്ചു. സമുദായ ശക്തീകരണ വർഷാചരണത്തിന്റെ ആവശ്യകതയെക്കുറിച്ചും നിലവിലെ സാമൂഹിക സാഹചര്യങ്ങളിൽ സമുദായം പുലർത്തേണ്ട ജാഗ്രതയെക്കുറിച്ചും അദ്ദേഹം വിശദമായി സംസാരിച്ചു.

ചൂരൽമല ഭവന നിർമ്മാണപദ്ധതിയുടെ പുരോഗതി സംബന്ധിച്ച് ഡബ്ല്യു.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ യോഗത്തിൽ റിപ്പോർട്ട് അവതരിപ്പിച്ചു. കൂടാതെ രൂപതയുടെ വാർഷിക കണക്കും ബഡ്ജറ്റും പ്രൊക്യുറേറ്റർ ഫാ. ജോസ് കൊച്ചറയ്ക്കൽ കൗൺസിൽ മുൻപാകെ അവതരിപ്പിച്ചു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, വിവിധ സംഘടനകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും എക്സിക്യൂട്ടീവ് അംഗങ്ങൾ, രൂപതയുടെ ഫൊറോനാ കൗൺസിൽ എക്സിക്യൂട്ടിവ് അംഗങ്ങൾ, സെൻട്രൽ കമ്മിറ്റി അംഗങ്ങൾ, റിസോഴ്സ് പേഴ്സൺസ് എന്നിവർ യോഗത്തിൽ സംബന്ധിച്ചു.



# സഭകളുടെ ഐക്യം കാലഘട്ടത്തിന്റെ ആവശ്യം: മാർ ജോസഫ് കല്ലറങ്ങാട്ട്



പാലാ : സഭകളുടെ ഐക്യം കാലഘട്ടത്തിന്റെ ആവശ്യകതയും സമുദായത്തിന്റെ ശക്തിക്കും നിലനിൽപിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതവുമാണെന്ന് പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. രൂപതയിലെ വിവിധ കേന്ദ്രങ്ങളിലായി നടന്ന സീറോമലബാർ സമുദായ ശക്തീകരണ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. രാഷ്ട്രീയത്തിലും രാഷ്ട്രസേവന മേഖലകളിലുമെല്ലാം സഭാമക്കളുടെ സാന്നിധ്യം കൂടുതൽ കരുത്തോടും ശക്തിയോടും കൂടെ ഉണ്ടാവണമെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് കൂട്ടിച്ചേർത്തു. സീറോമലബാർസഭ 2026 സമുദായശക്തീകരണവർഷമായി പ്രഖ്യാപിച്ച അവസരത്തിൽ പാലാ രൂപതയിൽ 20 ഫൊറോനകളുടെ നേതൃത്വത്തിൽ ആറു കേന്ദ്രങ്ങളിലായി സമുദായശക്തീകരണസമ്മേളനങ്ങൾ നടന്നു. മാർച്ച് എട്ട് ഞായറാഴ്ച അരുവിത്തുറ, പൂഞ്ഞാർ, കുട്ടിക്കൽ, തീക്കോയി ഫൊറോനകളുടെ പരിധിയിലെ 22 ഇടവകകളുടെ നേതൃത്വത്തിൽ അരുവിത്തുറ സെന്റ് ജോർജ് ഫൊറോനാ പള്ളിയങ്കണത്തിലാണ് സമ്മേളനം നടന്നത്. മാർച്ച് 15 ഞായർ കടുത്തുരുത്തി, മുട്ടുചിറ, കോതനല്ലൂർ ഫൊറോനകളുടെ പരിധിയിലെ 22 ഇടവകകളുടെ നേതൃത്വത്തിലാണ് കടുത്തുരുത്തി സെന്റ് മേരീസ് ഫൊറോന താഴത്തുപള്ളി ഇടവകയിൽ സമ്മേളനം നടന്നത്. മാർച്ച് 20 വെള്ളിയാഴ്ച്ച രാമപുരം കേന്ദ്രമാക്കി നടത്തപ്പെട്ട സമ്മേളനത്തിൽ രാമപുരം, ഇലഞ്ഞി, കൂത്താട്ടുകുളം ഫൊറോനകളുടെ പരിധിയിലെ 24 ഇടവകകളിൽ നിന്നായി നാലായിരത്തോളം ആളുകൾ പങ്കെടുത്തു. പാറേമ്മാക്കൽ തോമാക്കത്തനാരുടെ 227-ാം ചരമവാർഷിക ദിനത്തോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെയും പാറേമ്മാക്കൽ തോമാക്കത്തനാരുടെയും കബറിടങ്ങളിൽ നിന്നുള്ള ദീപശിഖകൾ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഏറ്റുവാങ്ങി. മാർച്ച് 21 ശനിയാഴ്ച കുറവിലങ്ങാട് ഫൊറോനയുടെ നേതൃത്വത്തിൽ നിധീരിക്കൽ മാണിക്കത്തനാർ നഗറിൽ (ദേവമാതാ കോളേജ് മൈതാനം) നടന്ന സമുദായ സമ്മേളനത്തിൽ ഫൊറോനയിലെ കുറവിലങ്ങാട്, മണ്ണയ്ക്കനാട്, കുറിച്ചിത്താനം, മോനിപ്പള്ളി, വാക്കാട്, കാട്ടാമ്പാക്ക്, കാളികാവ്, രത്നഗിരി ഇടവകകളിൽ നിന്നായി ആയിരക്കണക്കിന് വിശ്വാസികൾ സമ്മേളനത്തിൽ പങ്കെടുത്തു.

മാർച്ച് 22 ഞായറാഴ്ച തുടങ്ങനാട്, കടനാട്, മൂലമറ്റം ഫൊറോനകളുടെ നേതൃത്വത്തിൽ തുടങ്ങനാട് പള്ളിയങ്കണത്തിൽ നടത്തപ്പെട്ട സമുദായ സമ്മേളനത്തിൽ രണ്ടായിരത്തോളം പേർ പങ്കെടുത്തു.

പാലാ രൂപതയുടെ സമുദായ സമ്മേളനങ്ങൾക്കു സമാപനംകുറിച്ചുക്കൊണ്ട് മാർച്ച് 28 ശനിയാഴ്ച പാലാ കത്തീഡ്രൽ പള്ളിയിൽ സമുദായസമ്മേളനം നടന്നു.

# വിശ്വാസത്തിന്റെ ഉറവിടം തേടി പതിനായിരങ്ങൾ പാലയൂർ തീർഥാടനത്തിൽ



തൃശ്ശൂർ: തൃശൂർ അതിരൂപത പാലയൂരിലേക്ക് നടത്തുന്ന 29 ാം മഹാതീർഥാടനത്തിൽ പതിനായിരങ്ങൾ പങ്കെടുത്തു. ലൂർദ് കത്തീഡ്രൽ പള്ളിയിലെ വിശുദ്ധ കുർബാനയ്ക്കുശേഷം 29-ാം പാലയൂർ മഹാതീർഥാടനത്തിന്റെ ഉദ്ഘാടനം തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ലൂർദ് കത്തീഡ്രൽ വികാരി ഫാദർ ജോസ് വല്ലൂരാന് പേപ്പൽ പതാക കൈമാറി നിർവഹിച്ചു.

തീർഥാടനത്തിന്റെ മുഖ്യ പദയാത്രയോടൊപ്പം പതിനാറ് ഫൊറോനകളെ പ്രതിനിധീകരിച്ച് 10 മേഖല പദയാത്രകളും ആരംഭിച്ചു. ചേലക്കര, എരുമപ്പെട്ടി, വടക്കാഞ്ചേരി, കൊട്ടേക്കാട്, വേലൂർ, മറ്റം, പഴുവിൽ, കണ്ടശാങ്കടവ്, വലപ്പാട് തീരദേശം, ചാവക്കാട് കടപ്പുറം എന്നീ പദയാത്രകൾ പാലയൂർ തീർഥകേന്ദ്രത്തിൽ സമാപിച്ചു.

രണ്ടാംഘട്ട പദയാത്ര പാവറട്ടി സെന്റ് ജോസഫ് തീർഥകേന്ദ്രത്തിലെ വിശുദ്ധ കുർബാനയ്ക്കുശേഷം തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പാവറട്ടി തീർഥകേന്ദ്രം വികാരി ഫാ. ആന്റണി ചെമ്പകശ്ശേരിക്ക് പേപ്പൽ പതാക കൈമാറി ഉദ്ഘാടനം ചെയ്തു. പഞ്ചാരമുക്കിൽ വികാരി ജനറാൾ മോൺ. ജോസ്കോ പതാക ഏറ്റുവാങ്ങി. പാലയൂരിൽ എത്തിച്ചേർന്ന പദയാത്രയെ സിബിസിഐ പ്രസിഡന്റും ഹൈദരാബാദ് ആർച്ചുബിഷപ്പുമായ കർദിനാൾ ആന്റണി പൂല, തൃശ്ശൂർ അതിരൂപത മെത്രാപോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ, മാർ ബോസ്കോ പുത്തൂർ എന്നിവർ ചേർന്ന് സ്വീകരിച്ചു.

ദിവംഗതനായ തൃശ്ശൂർ അതിരൂപത മുൻ ആർച്ചുബിഷപ്പ് മാർ ജേക്കബ് തൂങ്കുഴിയുടെ ഛായാചിത്രവും കബറിടത്തിൽ നിന്നുള്ള ദീപശിഖയും പാലയൂർ പള്ളി പൊതുസമ്മേളന വേദിയിൽ പ്രതിഷ്ഠിച്ചു.

മാർ ജേക്കബ് തൂങ്കുഴി നഗറിൽ ചേർന്ന പൊതുസമ്മേളനം സി ബി സി ഐ പ്രസിഡന്റ് കർദ്ദിനാൾ ആന്റണി പൂല ഉദ്ഘാടനം ചെയ്തു. മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചു. മാർ ടോണിനീലങ്കാവിൽ, മാർ ബോസ്കോ പുത്തൂർ, ആർച്ച് പ്രീസ്റ്റ് ഫാ.ഡേവിസ് കണ്ണമ്പുഴ, മോൺ. ജയ്സൺ കൂനൻപ്ലാക്കിൽ, മോൺ. ജോസ് കോനിക്കര, ജനറൽ കൺവീനർ ഫാ. ജോൺ പോൾ ചെമ്മണ്ണൂർ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോഷി വടക്കൻ തുടങ്ങിയവർ പ്രസംഗിച്ചു.

# രാഷ്ട്രീയ പാർട്ടികൾ നിലപാട് വ്യക്തമാക്കണം: തൃശ്ശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ

തൃശൂർ: സംസ്ഥാനത്തെ ക്രൈസ്തവ സമൂഹത്തിന്റെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി സമർപ്പിക്കപ്പെട്ട ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്, EWS മാനദണ്ഡങ്ങൾ, മദ്യനയം എന്നീ വിഷയങ്ങളിൽ രാഷ്ട്രീയ പാർട്ടികൾ തിരഞ്ഞെടുപ്പിന് മുൻപ് കൃത്യമായ നിലപാട് വ്യക്തമാക്കണമെന്ന് തൃശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ ആവശ്യപ്പെട്ടു. റിപ്പോർട്ട് ഔദ്യോഗികമായി പ്രസിദ്ധീകരിച്ച സർക്കാർ നടപടിയെ കൗൺസിൽ സ്വാഗതം ചെയ്തുവെങ്കിലും, ഇതിലെ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കാൻ സത്വരം നടപടി വേണമെന്ന് യോഗം ആവശ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് സഭാ മേലധ്യക്ഷന്മാരുമായും സമുദായ നേതാക്കളുമായും സർക്കാർ തുടർചർച്ചകൾ നടത്തേണ്ടതുണ്ടെന്നും കൗൺസിൽ ചൂണ്ടിക്കാട്ടി.

സംവരണേതര സമൂഹങ്ങൾക്കുള്ള സാമ്പത്തിക പിന്നാക്കാവസ്ഥ (EWS) മാനദണ്ഡങ്ങൾ പരിഷ്കരിക്കേണ്ട കാലാവധി കഴിഞ്ഞ് മൂന്ന് വർഷമായിട്ടും നടപടിയുണ്ടാകാത്തതിനെ യോഗം വിമർശിച്ചു. ഒബിസി മാനദണ്ഡങ്ങൾക്ക് അനുസൃതമായി EWS മാനദണ്ഡങ്ങൾ ഉടൻ പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്. കൂടാതെ, മദ്യത്തിന്റെ ഉപയോഗവും ലഭ്യതയും വർദ്ധിപ്പിക്കാനുള്ള സർക്കാരിന്റെ നയവ്യതിയാനങ്ങൾ അങ്ങേയറ്റം അപലപനീയമാണെന്നും കൗൺസിൽ വിലയിരുത്തി.



അതിരൂപത പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത ജസ്റ്റിസ് ജെ.ബി. കോശി ക്രൈസ്തവർ നേരിടുന്ന ജീവിതസാഹചര്യങ്ങളെക്കുറിച്ച് സംസാരിച്ചു. സംസ്ഥാനത്തെ ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ യാഥാർഥ്യമാണെന്നും മലയോര തീരദേശ മേഖലകളിലെ സാധാരണക്കാർ അനുഭവിക്കുന്ന ദുരിതങ്ങൾ തനിക്ക് നേരിട്ട് ബോധ്യപ്പെട്ടതായും അദ്ദേഹം പറഞ്ഞു. ന്യൂനപക്ഷ സമുദായങ്ങൾക്കായി സർക്കാർ നൽകുന്ന സ്കോളർഷിപ്പുകളെയും മറ്റ് ആനുകൂല്യങ്ങളെയും കുറിച്ച് സമുദായംഗങ്ങൾ ബോധവാന്മാരല്ലെന്നും ഇക്കാര്യത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താൻ സമുദായ സംഘടനകൾക്ക് വലിയ ചുമതലയുണ്ടെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് യോഗത്തിൽ തുടക്കംകുറിച്ചു. മാർ ആൻഡ്രൂസ് താഴത്തും ജസ്റ്റിസ് ജെ.ബി. കോശിയും ചേർന്ന് ചടങ്ങിൽ ഭദ്രദീപം തെളിയിച്ചു. മാർ ബോസ്കോ പുത്തൂർ ആശംസാപ്രസംഗം നടത്തി.

# ഭക്തിസാന്ദ്രമായി രണ്ടാമത് പനത്തടി സാൻ ജോസ് തീർഥാടനം



തലശ്ശേരി: തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച രണ്ടാമത് പനത്തടി സാൻ ജോസ് തീർഥാടനം ഭക്തിനിർഭരമായി സമാപിച്ചു. അതിരൂപതയുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് മാർച്ച് 18, 19 തീയതികളിലായിരുന്നു തീർഥാടനം. കാസർഗോഡ് മേഖലയിലെ കാഞ്ഞങ്ങാട്, മാലോം, വെള്ളരിക്കുണ്ട്, കാസർഗോഡ്, പനത്തടി എന്നീ അഞ്ച് ഫൊറോനകളിൽ നിന്നുള്ള അയ്യായിരത്തോളം തീർഥാടകർ പങ്കെടുത്തു. കുടിയേറ്റ ജനതയുടെ ആത്മീയ ജീവിതത്തിൽ വിശുദ്ധ യൗസേപ്പ് പിതാവിനോടുള്ള സവിശേഷമായ ഭക്തി പ്രകടമാക്കുന്നതായിരുന്നു ഇത്തവണത്തെയും തീർഥാടനം. മാലോം ഫൊറോനയിൽ നിന്നുള്ള തീർഥാടക സംഘത്തെ തലശ്ശേരി ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി നേരിട്ട് നയിച്ചു. 18 കിലോമീറ്ററോളം ദൂരം ജപമാല പ്രാർഥനകളുമായി വിശ്വാസികൾ കാൽനടയായി സഞ്ചരിച്ചു. പടിമരുത് സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ നിന്ന് വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട് ഫൊറോനകളിലെ തീർഥാടകരും പടുപ്പ് സെന്റ് ജോർജ് ദേവാലയത്തിൽ നിന്ന് കാസർഗോഡ് ഫൊറോനയിലെ തീർഥാടകരും 14 കിലോമീറ്റർ വീതം കാൽനടയായി പനത്തടിയിലെത്തി. പാണത്തൂർ ഭാഗത്തുനിന്ന് 13 കിലോമീറ്റർ ദൂരം പിന്നിട്ടും വിശ്വാസികൾ പങ്കുചേർന്നു.

മാർച്ച് 18ന് വിവിധ കേന്ദ്രങ്ങളിൽ നടന്ന ദിവ്യകാരുണ്യ ആരാധനയ്ക്കും വചന സന്ദേശത്തിനും ശേഷം 'സാൻ ജോസ് നൈറ്റ്' എന്ന പേരിൽ നടന്ന പ്രത്യേക പ്രാർഥനകളോടെയാണ് തീർത്ഥാടനം ആരംഭിച്ചത്. 19ന് പുലർച്ചെ മൂന്ന് മണിയോടെ വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള വിശ്വാസികൾ പനത്തടി സെന്റ് ജോസഫ് ദേവാലയത്തിൽ സംഗമിച്ചു. പുലർച്ചെ നാല് മണിക്ക് ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയുടെ മുഖ്യ കാർമ്മികത്വത്തിൽ ഭക്തിനിർഭരമായ സമൂഹബലി അർപ്പിച്ചു.

# നാൽപ്പതാം വെള്ളി ആചരണം: കുളത്തുവയൽ തീർഥാടനത്തിൽ ആയിരങ്ങൾ പങ്കെടുത്തു




താമരശ്ശേരി: വലിയനോമ്പാചരണത്തിന്റെ ഭാഗമായി നാല്പതാം വെള്ളി ആചരണത്തോട്അനുബന്ധിച്ച് താമരശ്ശേരി ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ നേതൃത്വത്തിൽ നടന്ന കുളത്തുവയൽ തീർഥാടനത്തിൽ ആയിരങ്ങൾ പങ്കെടുത്തു. താമരശ്ശേരി മേരിമാതാ കത്തീഡ്രൽ ദേവാലയത്തിൽ നിന്ന് ആരംഭിച്ച ഒമ്പതാമത് കുളത്തുവയൽ തീർഥാടനത്തിന്റെ സമാപനം കുളത്തുവയൽ സെന്റ് ജോർജ് തീർഥാടനകേന്ദ്രത്തിൽ നടന്നു. വിശുദ്ധ കുർബാനയ്ക്ക് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. രൂപതവികാരി ജനറാൾ. മോൺ. എബ്രഹാം വയലിൽ, കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ എന്നിവർ സഹകാർമ്മികരായിരുന്നു. രൂപത ചാൻസലർ ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട്, കുളത്തുവയൽ തീർഥാടന കേന്ദ്രം റെക്ടർ ഫാ. ഡോ. തോമസ് കളരിക്കൽ എന്നിവർ നേതൃത്വം നല്കി. വൈദികർ, സന്യസ്തർ, വൈദികവിദ്യാർഥികൾ, യുവജനങ്ങൾ തുടങ്ങി ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്തു.



# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

## മാർച്ച് 09 മുതൽ 27 വരെ

- **9 ഞായർ:** വ്യവസായ മന്ത്രി ശ്രീ. പി. രാജീവ് സിറോമലബാർ സഭയുടെ ആസ്ഥാനത്തെത്തി അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവുമായി കൂടിക്കാഴ്ച നടത്തി.
- **12 വ്യാഴം:** കൊടകര സഹൃദയ കോളേജ് ഓഫ് മാനേജ്മന്റ് സ്റ്റഡീസിൽ വച്ച് നടന്ന തൃശൂർ അതിരൂപത മെത്രാപ്പോലീത്തൻ പ്രവിശ്യാ സിനഡും പ്രെസ്ബിറ്ററൽ കൗൺസിലും ഉദ്ഘാടനം ചെയ്തു.
- **14 ശനി:** തലശ്ശേരി അതിരൂപതാ കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു തുടർന്ന് മൈനർ സെമിനാരി വൈദികവിദ്യാർത്ഥികളുമായി സംവദിച്ചു.

  കണ്ണൂരിൽ വച്ച് നടന്ന കത്തോലിക്കാ കോൺഗ്രസ്സിന്റെ 108-മത് ജന്മദിന വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.
- **15 ഞായർ:** എറണാകുളം അങ്കമാലി-അതിരൂപതയിലെ കൊറ്റമം സെന്റ് ജോസഫ് ദൈവാലയത്തിൽ നടന്ന നാല്പത് മണിക്കൂർ ആരാധനയുടെ സമാപനത്തിൽ ദിവ്യകാരുണ്യ ആശീർവാദവും സന്ദേശവും നൽകി.

  കാക്കനാട് സി.എം.ഐ സന്ന്യാസ സഭയുടെ ആസ്ഥാനത്ത് ജനറൽ ചാപ്റ്ററിനു ഒരുക്കമായി വിശുദ്ധ കുർബാനയർപ്പിച്ചു.
- **16 തിങ്കൾ:** മൗണ്ട് സെന്റ് തോമസ് ചാപ്പലിൽ വിവിധ മേജർ സെമിനാരികളിലെ പരിശീലകരോടൊപ്പം വിശുദ്ധ കുർബാനയർപ്പിച്ചു.
- **17 ചൊവ്വ:** എറണാകുളം അങ്കമാലി അതിരൂപതാ ആർച്ച്ബിഷപ്സ് ഹൗസിൽ എ.ഐ.സി.ഓ. യുടെ പുതിയ ഓഫീസിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.
- **19 വ്യാഴം:** ചുണങ്ങംവേലി എസ്.ഡി. സന്ന്യാസ സമൂഹത്തിന്റെ ശതാബ്ദി ജൂബിലി വിശുദ്ധ കുർബാനയർപ്പിച്ച് ഉദ്ഘാടനം ചെയ്തു.
- **23 തിങ്കൾ:** മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ആന്റണി പടിയറ പിതാവിന്റെ അനുസ്മരണ വിശുദ്ധ കുർബാന മൗണ്ട് സെന്റ് തോമസ് ചാപ്പലിൽ അർപ്പിച്ചു. എറണാകുളം-അങ്കമാലി കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ പിതാവിന്റെ കബറിടത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
- **24 ചൊവ്വ:** മലയാറ്റൂർ തീർത്ഥകേന്ദ്രത്തിലേക്ക് തീർത്ഥാടനം നടത്തി.
- **25 ബുധൻ:** അമ്പഴക്കാട് സെന്റ് തെരേസാസ് ആശ്രമ ദൈവാലയത്തിൽ ദൈവദാസൻ കനീസിയൂസ് തെക്കേക്കര സി. എം. ഐ. അച്ചന്റെ കല്ലറ തുറന്ന് പരിശോധിക്കുകയും തിരിച്ചറിയുകയും പുനഃക്രമീകരണം നടത്തുകയും ചെയുന്ന ശുശ്രുഷയിൽ മുഖ്യ കാർമികത്വം വഹിച്ചു.
- **27 വെള്ളി:** കുടമാളൂർ സെന്റ് മേരീസ് ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു തുടർന്ന് നാല്പതാം വെള്ളി ശുശ്രുഷകൾക്കു കാർമികത്വം വഹിച്ചു.

# നിർമലസ്നേഹത്തിന്റെ നീരുറവകൾ

**55 വർഷമായി രോഗികൾക്കും അഗതികൾക്കും ഇടയിൽ പ്രവർത്തിക്കുന്ന സമർപ്പിതസമൂഹമാണ് നിർമലദാസികൾ**



പാവങ്ങളുടെ പിതാവ് എന്നറിയപ്പെടുന്ന അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളവും പാവങ്ങളുടെ കാവൽക്കാരൻ എന്നറിയപ്പെടുന്ന മോൺ. ജോസഫ് വിളങ്ങാടനച്ചനും ചേർന്ന് സ്ഥാപിച്ചതാണ് നിർമലദാസി സമർപ്പിത സമൂഹം. തൃശൂർ പട്ടണത്തിൽനിന്ന് ആറു കിലോമീറ്റർ പടിഞ്ഞാറോട്ടു മാറി പുല്ലഴി എന്ന ഗ്രാമത്തിൽ കുണ്ടുകുളം പിതാവ് ആരംഭിച്ച സെന്റ് ക്രിസ്റ്റീനാസ് ഹോം ആണ് പില്ക്കാലത്ത് നിർമലദാസി സമർപ്പിതസമൂഹമായി പരിണമിച്ചത്. അവിവാഹിതരായ അമ്മമാരെയും കുഞ്ഞുങ്ങളെയും സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെയായിരുന്നു ക്രിസ്റ്റീനാസ് ഹോം ആരംഭിച്ചത്. ആരംഭകാലത്ത് അന്തേവാസികളുടെ മേൽനോട്ടം വഹിച്ചിരുന്നത് കർമ്മലീത്താ സന്യാസിനി സമൂഹാംഗങ്ങളായിരുന്നു. എന്നാൽ പിന്നീട് മതിയായ സിസ്റ്റേഴ്സിനെ ലഭിക്കാതെവരികയും സ്ഥാപനത്തിലെ അംഗസംഖ്യ വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ കൂടുതൽ സിസ്റ്റേഴ്സിനെ ആവശ്യമായി വന്നു. ഈ രംഗത്തു മാത്രം പ്രവർത്തിക്കുന്ന സന്യാസിനിസമൂഹത്തിന്റെ ആവശ്യകതയെപ്പറ്റി ചിന്തിക്കുവാനിടയായ സാഹചര്യത്തിലാണ് പ്രാർഥനയുടേയും പരിചിന്തനത്തിന്റേയും ഫലമായി അഗതികൾക്കും പരിത്യക്തർക്കും സമൂഹത്തിൽ ഏറ്റവും അവഗണിക്കപ്പെട്ടവരുമായവരുടെ ശുശ്രൂഷക്കുമായി ഒരു സന്യാസിനിസമൂഹം ആരംഭിക്കുവാൻ സ്ഥാപകപിതാക്കന്മാർ തീരുമാനിച്ചത്. ഇപ്രകാരം 16 യുവതികളെ ഉൾപ്പെടുത്തികൊണ്ടാണ് നിർമലദാസി സമർപ്പിതസമൂഹത്തിന് രൂപം നൽകിയത്.

1971 നവംബർ 23 ന് 1499-ാം നമ്പർ കല്പനപ്രകാരം പയസ്സ് അസ്സോസിയേഷനും അതിന്റെ നിയമാവലിക്കും തൃശൂർ അരമനയിൽ നിന്ന് അംഗീകാരം ലഭിച്ചു. പയസ് അസോസിയേഷനിലെ സഹോദരിമാർക്ക് 'നിർമലദാസികൾ' എന്ന പേരു നൽകി. സുവിശേഷപുണ്യങ്ങൾ അഭ്യസിച്ച് ലളിതവും അധ്വാനപരവുമായ ജീവിതത്തിലൂടെ സമൂഹത്തിലെ ഏറ്റവും അവശതയനുഭവിക്കുന്നവർക്കും ഉപേക്ഷിക്കപ്പെട്ടവർക്കും ശുശ്രൂഷ ചെയ്ത് ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ടവരായി ജീവിക്കുവാനും പ്രാർഥനയിലൂടെ ശക്തി സംഭരിച്ച് ശുശ്രൂഷയിലൂടെ ക്രിസ്തുവിന്റെ സ്നേഹം മറ്റുള്ളവർക്കു പകർന്നുകൊടുക്കുവാനും അവർ പ്രതിജ്ഞയെടുക്കുകയും പരി. അമലോത്ഭവമാതാവിനെ മധ്യസ്ഥയായി സ്വീകരിക്കുകയും ചെയ്തു

1980-ൽ പരി.പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ സമൂഹത്തിന്റെ നിയമാവലി അംഗീകരിക്കുകയും Socitey of Common Life ആയി പ്രഖ്യാപിക്കുകയും ചെയ്തു. 2006 ഡിസംബർ എട്ടിന് സീറോമലബാർ സഭ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽ ഈ സമൂഹത്തെ മേജർആർക്കിഎപ്പിസ്കോപ്പൽ പദവിയിലേയ്ക്കുയർത്തി. തൃശൂർ പട്ടണത്തിൽനിന്ന് 14 കിലോമീറ്റർ കിഴക്കോട്ടുമാറി മുളയം ഗ്രാമത്തിലാണ് ജനറലേറ്റും നോവിഷ്യറ്റു ഭവനവും.

ഇന്ന് നിർമലദാസി സന്യാസിനീ സമൂഹത്തിന്റെ പ്രവർത്തനമേഖലകൾ വിവിധ സംസ്ഥാനങ്ങളിലേക്കും ഭൂഖണ്ഡങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. കേരളത്തിൽ അഞ്ചു രൂപതകളിലും തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും മഹാരാഷ്ട്ടയിലും ഓരോരൂപതകളിലും തെലങ്കാനയിൽ മൂന്ന് രൂപതകളിലും ആഫ്രിക്കയിലെ കെനിയയിൽ ആറു രൂപതകളിലും ഉഗാണ്ടയിലും ഹംഗറിയിലും ജർമ്മനിയിലും ഓരോ രൂപതകളിലുമായി 20 രൂപതകളിൽ 50 ഭവനങ്ങളിലായി 247 നിർമലദാസി സിസ്റ്റേഴ്സ് വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ യേശുവിന് സാക്ഷ്യം നൽകുന്നു. ആറു നോവീസസും അഞ്ച് പോസ്റ്റുലൻസും അഞ്ച് ആസ്പിരൻസും എട്ട് Come and See ഇപ്പോൾ പരിശീലനത്തിലുണ്ട്.

നിത്യരോഗികൾ, കുഷ്ഠരോഗികൾ, ബുദ്ധിവൈകല്യമുള്ളവർ, എയ്ഡ്സ് രോഗികൾ, മാനസിക രോഗികൾ, വൃദ്ധർ, മരണാസർ, ഭവനരഹിതർ, മദ്യത്തിനും മയക്കുമരുന്നിനും അടിമകൾ എന്നിങ്ങനെ ജീവിതത്തിലെ വിവിധമേഖലകളിലായി പരിത്യക്തരും അവഗണിക്കപ്പെട്ടവരുമായവർക്കിടയിലേക്ക് ഇന്ന് നിർമ്മലഹൃദയത്തോടും വിശുദ്ധവിചാരങ്ങളോടുമായി നിർമ്മലദാസി സന്യാസിനീ സമൂഹം കടന്നുചെന്നിരിക്കുന്നു. ഇടവക പ്രവർത്തനവും ഭവനസന്ദർശനവും സമർപ്പിതസമൂഹത്തിന്റെ സേവനമണ്ഡലത്തിലെ മറ്റ് ചില മേഖലകളാണ്. നോവിഷ്യേറ്റ് ഭവനത്തിന് സമീപമുള്ള സമൂഹത്തിന്റെ നിത്യാരാധനാകേന്ദ്രത്തിൽ സിസ്റ്റേഴ്സ് എല്ലാവരും ഒരാഴ്ചവീതം രാവിലെ എട്ടു മുതൽ വൈകുന്നേരം എട്ടുവരെ ദിവ്യകാരുണ്യസിധിയിൽ പ്രാർഥനയിൽ ചെലവഴിക്കുന്നതിൽ നിന്നു ലഭിക്കുന്ന ദൈവികോർജ്ജമാണ് ശുശ്രൂഷാമേഖലയിൽ കരുത്തുപകരുന്നത്.

# സംസ്ഥാനതല പ്രോലൈഫ് ദിനാഘോഷം സംഘടിപ്പിച്ചു



തലശേരി: കെസിബിസി പ്രോലൈഫ് സമിതിയുടെ 2026 ലെ സംസ്ഥാനതല പ്രോലൈഫ് ദിനാഘോഷം തലശേരി അതിരൂപത പാസ്റ്ററൽ സെന്ററിൽ നടന്നു. 'ജീവ സംരക്ഷണം സാമൂഹ്യ നന്മയ്ക്ക്' എന്നതാണ് ഈ വർഷത്തെ ആപ്തവാക്യം. ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ച് തലശേരി അതിരൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി വിശുദ്ധ കുർബാനയർപ്പിച്ചു. കെസിബിസി പ്രോലൈഫ് സമിതി സംസ്ഥാന പ്രസിഡന്റ് ജോൺസൺ ചൂരേപ്പറമ്പിൽ പതാക ഉയർത്തി. തലശേരി അതിരൂപത ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. സുൽത്താൻബത്തേരി രൂപത ബിഷപ്പ് ഡോ. ജോസഫ് മാർ തോമസ് അധ്യക്ഷത വഹിച്ചു. പ്രോലൈഫ് ദിനാഘോഷത്തിന്റെ ഓർമക്കായി ബിഷപ്പുമാർ വൃക്ഷത്തൈകൾ നട്ടു.

കെസിബിസി പ്രോലൈഫ് സംസ്ഥാന സമിതി ചെയർമാൻ ബിഷപ് ഡോ. തോമസ് മാർ യൗസേബിയൂസ് ഓൺലൈൻ സന്ദേശം നൽകി. ഡയറക്ടർ ഫാ. ഡോ. ക്ലീറ്റസ് കതിർപ്പറമ്പിൽ, ജനറൽ സെക്രട്ടറി ജെയിംസ് ആഴ്ചങ്ങാടൻ, ട്രഷറർ ടോമി പ്ലാത്തോട്ടം, തലശേരി അതിരൂപത പ്രോലൈഫ് സമിതി ഡയറക്ടർ ഫാ. ജോബി കോവാട്ട്, പ്രസിഡന്റ് ലോറൻസ് കടിക്കാട്ട്, സീറോമലബാർ പ്രോലൈഫ് അപ്പൊസ്തൊലേറ്റ് സെക്രട്ടറി ജോയ്സ് മുക്കുടം, ആനിമേറ്റർമാരായ സിസ്റ്റർ മേരി ജോർജ്, ജോർജ് എഫ്. സേവ്യർ, സാബു ജോസ്, കെസിബിസി പ്രോലൈഫ് സമിതി കൾച്ചറൽ ഫോറം കോ ഓർഡിനേറ്റർ ആന്റണി പത്രോസ് എന്നിവർ പ്രസംഗിച്ചു. ടോമി ഓലിയ്ക്കൽ, സി. ലിന്റ സിഎച്ച്എഫ്, നോബർട്ട് കക്കാരിയിൽ, സെമിലി സുനിൽ, ഷീബ തെക്കേടത്ത് തുടങ്ങിയവർ നേതൃത്വം നൽകി.

'ജീവന്റെ സംരക്ഷണം സാമൂഹ്യ നന്മയ്ക്ക്' എന്ന വിഷയത്തിൽ ഡോ. ഫ്രാൻസിസ് ജെ. ആറാടനും, 'ജീവനെ ഹനിക്കുന്ന ലഹരിയുടെ പുതിയ രൂപവും ഭാവവും' എന്ന വിഷയത്തിൽ ഡോ. ഫെലിക്സ് ജെയിംസും ക്ലാസുകൾ നയിച്ചു. ചടങ്ങിൽ പൂപ്പറമ്പ് മരിയ ഭവൻ, അമ്പലത്തറ സ്നേഹാലയം, കോളയാട് സ്നേഹഭവൻ, കരുവഞ്ചാൽ ആശാഭവൻ എന്നീ സ്ഥാപനങ്ങളെയും, ഫാ. പ്രിയേഷ് കളരിമുറിയിൽ, പത്ത് മക്കളുള്ള വേരനാനിക്കൽ ഷാജിബോബി ദമ്പതികളുടെ കുടുംബത്തെയും ആദരിച്ചു. വിവിധയിടങ്ങളിൽ അഗതിമന്ദിരങ്ങൾ നടത്തുന്ന അമ്പതോളം സുമനസുകളെ 'നല്ല സമറായൻ സംഗമം' എന്ന പേരിൽ തലശേരി അതിരൂപതയും ആദരിച്ചു. 2027 ലെ പ്രോലൈഫ് ദിനാഘോഷങ്ങൾക്ക് ആതിഥേയത്വം വഹിക്കുന്ന പാറശാല രൂപതക്കു വേണ്ടി പാറശാല പ്രോലൈഫ് സമിതി ഭാരവാഹികൾ പതാക ഏറ്റുവാങ്ങി. കേരളത്തിലെ മുഴുവൻ രൂപതകളിൽ നിന്നുമുള്ള ഇരുനൂറിലേറെ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. പ്രോലൈഫ് നിയോഗത്തോടെ നടത്തിയ ജപമാല റാലിയും വിവിധ കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു.

# മെൽബൺ സെന്റ് തോമസ് സീറോമലബാർ രൂപത

'Santhom ' Chancery, 6 Greenock Court Greenvale VIC - 3059, office.melbourne@syromalabar.org.au





EPARCHIAL CURIA

Pope Leo XIV

Mar Rapael Thattil
Major Arch Bishop
Syro Malabar Church

Mar Bosco Puthur
Bishop Emeritus
Melbourne Diocese

Mar John Panamthottathil CMI
Bishop of Melbone

Fr Francis Kolencherry
Vicar General

Fr Sijeesh Pullankunnel
Chancellor

## മെൽബൺ സെന്റ് തോമസ് സീറോമലബാർ രൂപത

സീറോ-മലബാർ സഭയുടെ ആത്മീയ പ്രഭാവം ഓഷ്യാനിയൻ മണ്ണിൽ പടർത്തിയ മെൽബൺ സെന്റ് തോമസ് സീറോ-മലബാർ രൂപതയുടെ ഐതിഹാസികമായ ചരിത്രത്തിലൂടെ ഒരല്പം ദൂരം. ഓസ്ട്രേലിയ, ന്യൂസിലാൻഡ്, ഓഷ്യാനിയ മേഖലകളിലെ സീറോ-മലബാർ കത്തോലിക്കരുടെ ആത്മീയ തണലായ ഈ രൂപത, ഭാരതത്തിന് പുറത്ത് സ്ഥാപിതമായ രണ്ടാമത്തെ സീറോ-മലബാർ രൂപത എന്ന സവിശേഷതയോടെ തലയുയർത്തി നിൽക്കുന്നു.

### 1. തുടക്കം: പ്രവാസത്തിന്റെ ആദ്യനാമ്പുകൾ (1960–1990)

മെൽബണിലെ സഭാസമൂഹത്തിന്റെ ചരിത്രം ആരംഭിക്കുന്നത് 1960-കളുടെ അവസാനത്തിൽ നടന്ന കുടിയേറ്റങ്ങളിലൂടെയാണ്. പരിമിതമായ സാഹചര്യങ്ങളിലും ഒത്തുചേരലുകളിലൂടെയും അവർ തങ്ങളുടെ വിശ്വാസചൈതന്യം കാത്തുസൂക്ഷിച്ചു.

ആദ്യ കുർബാന: 1980-കളുടെ മധ്യത്തിൽ ബോക്സ് ഹില്ലിലെ സെന്റ് പാസ്കൽ ചാപ്പലിൽ വച്ച് ഫാ. ജേക്കബ് കാവുങ്കൽ SVD ആണ് മെൽബണിലെ ആദ്യ സീറോ-മലബാർ കുർബാന അർപ്പിച്ചത്.

സമൂഹത്തിന്റെ വളർച്ച: 1990-കളിൽ കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചതോടെ 2000-ൽ മലയാളി കത്തോലിക് സൊസൈറ്റി ഓഫ് വിക്ടോറിയ രൂപീകരിച്ചു. മാസാമാസമുള്ള ആരാധനക്രമങ്ങളും ഒരു സ്ഥിരം ചാപ്ലിനു വേണ്ടിയുള്ള ശ്രമങ്ങളും ഈ കൂട്ടായ്മയുടെ നേതൃത്വത്തിൽ നടന്നു.

### 2. സംഘടിത രൂപത്തിലേക്കുള്ള മാറ്റം (2000–2013)

ആരോഗ്യമേഖലയിലെയും മറ്റ് തൊഴിൽ മേഖലകളിലെയും പ്രൊഫഷണലുകളുടെ വരവോടെ സഭ അതിവേഗം വളർന്നു.

2004: രൂപതയുടെ ആദ്യ ചാപ്ലിനായി ഫാ. ജോൺ ഓറവൻകര നിയമിതനായി. സഭയുടെ പാരീഷ് ഘടനയ്ക്ക് ഇതോടെ ഔദ്യോഗിക തുടക്കമായി.

വ്യാപനം: 2010-ഓടെ മെൽബണിലുടനീളം 12 ലധികം കുർബാന കേന്ദ്രങ്ങൾ നിലവിൽ വന്നു. ലത്തീൻ രൂപതകളിൽ സേവനമനുഷ്ഠിച്ചിരുന്ന വൈദികരുടെ പിന്തുണയോടെ സഭ ശക്തിപ്രാപിച്ചു.

### 3. രൂപതയുടെ ഉദയം (2014)

സീറോ-മലബാർ സഭയുടെ ചരിത്രത്തിലെ സുവർണ്ണ നിമിഷമായിരുന്നു 2014 ജനുവരി 11. ഫ്രാൻസിസ് മാർപാപ്പ സെന്റ് തോമസ് ദി അപ്പോസ്തൽ ഓഫ് മെൽബൺ രൂപത പ്രഖ്യാപിച്ചു.

ആദ്യ മെത്രാൻ: രൂപതയുടെ പ്രഥമ ഇടയനായി മാർ ബോസ്കോ പുത്തൂർ നിയമിതനായി. 2014 മാർച്ച് 25-ന് സെന്റ് പാട്രിക് കത്തീഡ്രലിൽ വെച്ച് അദ്ദേഹം ചുമതലയേറ്റു.

അധികാരപരിധി: തുടക്കത്തിൽ ഓസ്ട്രേലിയ മാത്രമായിരുന്ന രൂപതയുടെ പരിധി, 2021-ൽ ന്യൂസിലാൻഡ്, ഓഷ്യാനിയ മേഖലകളിലേക്കും വ്യാപിപ്പിച്ചു.

### 4. ആധുനിക കാലഘട്ടവും പുതിയ നാഴികക്കല്ലുകളും

കേവലം ഒരു മിഷൻ എന്ന നിലയിൽ നിന്നും ഓഷ്യാനിയയിലെ സുശക്തമായ ഒരു കിഴക്കൻ കത്തോലിക്കാ സഭയായി ഇന്ന് മെൽബൺ രൂപത പരിണമിച്ചിരിക്കുന്നു.

രണ്ടാമത്തെ മെത്രാൻ: മാർ ബോസ്കോ പുത്തൂരിന്റെ വിരമിക്കലിനെത്തുടർന്ന്, മാർ ജോൺ പനന്തോട്ടത്തിൽ CMI 2023 മെയ് 31-ന് രൂപതയുടെ രണ്ടാമത്തെ മെത്രാനായി അഭിഷിക്തനായി.

**സെന്റ് അൽഫോൻസാ കത്തീഡ്രൽ:** രൂപതയുടെ ചരിത്രത്തിലെ വിസ്മയകരമായ നേട്ടമായിരുന്നു 2024 നവംബർ 23-ന് എപ്പിംഗിൽ നടന്ന സെന്റ് അൽഫോൻസാ കത്തീഡ്രലിന്റെ കൂദാശ. മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

വളർച്ചയുടെ കണക്കുകൾ: നിലവിൽ 65,000-ത്തിലധികം വിശ്വാസികളും നിരവധി ഇടവകകളും മിഷൻ കേന്ദ്രങ്ങളുമായി രൂപത ക്രിസ്തീയ സാക്ഷ്യത്തിന്റെ ദീപമായി ജ്വലിച്ചുനിൽക്കുന്നു.



**സെന്റ് അൽഫോൻസാ കത്തീഡ്രൽ**



## സെമിനാരി പരിശീലനം (Seminary Formation)

**സെന്റ് ജോൺ പോൾ രണ്ടാമൻ മൈനർ സെമിനാരി, മെൽബൺ രൂപത :** 2014-ൽ മെൽബൺ സെന്റ് തോമസ് രൂപത സ്ഥാപിതമായ കാലം മുതൽ, ഓസ്ട്രേലിയയിലുട നീളമുള്ള വിശ്വാസികൾക്ക് ആത്മീയ ശുശ്രൂഷ നൽകുന്നതിനായി സമർപ്പിതരായ വൈദികരെ വാർത്തെടുക്കുക എന്നത് രൂപതയുടെ ഒരു പ്രധാന ലക്ഷ്യമായിരുന്നു.

**രൂപീകരണത്തിന്റെ വഴികൾ:** ദീർഘമായ പ്രാർത്ഥനകൾക്കും വിവിധ സഭാസമിതികളുമായുള്ള കൂടിയാലോചനകൾക്കുംശേഷം, ബിഷപ്പ് മാർ ബോസ്കോ പുത്തൂർ കേരളത്തിൽ ഒരു മൈനർ സെമിനാരി ആരംഭിക്കാൻ തീരുമാനിച്ചു. തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിൽ മലബാർ മിഷണറി ബ്രദേഴ്സിന്റെ (MMB) ഭവനം ഇതിനായി വാടകയ്ക്ക് ലഭിച്ചു. തൃശ്ശൂർ അതിരൂപതാംഗമായ റവ. ഡോ. ലോറൻസ് തൈക്കാട്ടിൽ ആദ്യ റെക്ടറായി നിയമിതനായി. 2016 ജൂൺ 18-ന് സെമിനാരി പ്രവർത്തനം ആരംഭിക്കുകയും ഓഗസ്റ്റ് 20-ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെടുകയും ചെയ്തു.

**പുതിയ മാറ്റങ്ങൾ :** യാത്രാസൗകര്യങ്ങളുടെ പരിമിതിമൂലം, 2016 നവംബർ 30-ന് സെമിനാരി കൊരട്ടിയിലെ തിരുമുടിക്കുന്നിലേക്ക് മാറ്റി. സിസ്റ്റേഴ്സ് ഓഫ് സേക്രഡ് സയൻസിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ സെമിനാരി പ്രവർത്തിക്കുന്നത്.

**ലക്ഷ്യവും ദൗത്യവും :** നല്ല ഇടയന്മാരാകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ പരിശീലന കളരിയാണ് സെന്റ് ജോൺ പോൾ രണ്ടാമൻ മൈനർ സെമിനാരി. ദൈവവിളി തിരിച്ചറിയുന്നതിനും ആത്മീയമായ അടിത്തറ പാകുന്നതിനുമുള്ള പ്രാഥമിക പരിശീലനമാണ് ഇവിടെ നൽകുന്നത്. ഓസ്ട്രേലിയയിലെ സീറോ മലബാർ സഭയിൽ ശുശ്രൂഷ ചെയ്യാൻ അവരെ പ്രാപ്തരാക്കുക എന്നതാണ് ഈ പരിശീലനത്തിന്റെ പ്രധാന ലക്ഷ്യം.



## സന്തോം ഗ്രോവ്: മെൽബൺ രൂപതയുടെ വളർച്ചയുടെ നാഴികക്കല്ല്

മെൽബൺ സിറ്റിയിൽനിന്ന് 65 കിലോമീറ്റർ അകലെയായി, ഇരുനൂറ് ഏക്കറിൽ അധികം വിസ്തൃതിയുള്ള പള്ളോട്ടൈൻ സന്യാസസമൂഹത്തിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാപനവും അനുബന്ധ സംവിധാനങ്ങളും മെൽബൺ സീറോ മലബാർ രൂപത ഏറ്റെടുത്തു. സാന്തോം ഗ്രോവ് എന്നു നാമകരണം ചെയ്യുന്ന കേന്ദ്രം സീറോമലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ 2025ജൂലൈ 11 -ന് വെഞ്ചരിച്ചു.



മലമുകളിൽ സ്ഥാപിതമായിരിക്കുന്ന കുരിശടി, മുന്നൂറോളം ആളുകൾക്ക് ഒരേ സമയം വിശുദ്ധ കുർബാനയിൽ സംബന്ധിക്കുവാനുള്ള ചാപ്പൽ, എഴുപതിൽ പരം വിദ്യാർഥികൾക്കു പങ്കെടുക്കാവുന്ന ക്യാമ്പ് സൈറ്റ്, എഴുപതോളം മുറികളിലായി ഇരുനൂറോളം ആളുകൾക്ക് താമസത്തിനുള്ള സൗകര്യം, നൂറിൽപ്പരം ആളുകൾക്ക് ഒരേ സമയം ഭക്ഷണം കഴിക്കാവുന്ന ഹാൾ, നിശബ്ദമായി പ്രാർഥിക്കുവാനും ധ്യാനിക്കുവാനും ഉതകുന്ന നിരവധി സൗകര്യങ്ങൾ എന്നിവയെല്ലാം ഈ കേന്ദ്രത്തിലുണ്ട്. രൂപതാതലത്തിലുള്ള ധ്യാനങ്ങൾക്കും യുവജന ക്യാമ്പുകൾക്കും ട്രെയിനിംഗ് പ്രോഗ്രാമുകൾക്കും സാന്തോം ഗ്രോവ് ഒരു വലിയ മുതൽക്കൂട്ടാണ്.

## NEW ZEALAND MISSIONS & COMMUNITIES

### MISSIONS

Auckland
Our Mother of Perpetual Help Syro-Malabar Mission

Christ Church Syro-Malabar Mission

Palmerston North -St. Joseph Syro-Malabar Mission

Farnorth Syro-Malabar Mission

Rotorua Syro-Malabar Mission

Greymouth Syro-Malabar Mission

Tauranga - St Joseph Syro-Malabar Mission

Hamilton- Sacred Hearts Syro-Malabar Mission

Wellington - St. Mary's Syro-Malabar Mission

Levin Syro-Malabar Mission

Whangerai Syro-Malabar Mission

### COMMUNITIES

WANGANUI Syro-Malabar Community

HASTINGS St. Alphonsa Syro Malabar Community

DUNEDIN Syro-Malabar Community

## AUSTRALIA MISSIONS & PARISHES

### MINOR MISSION

Katherine NT- Minor Mission
Tenant Creek NT - Minor Mission
Mackay QLD - Minor Mission
Bundaberg QLD - Minor Mission
Wodonga VIC - Minor Mission
Mildura VIC - Minor Mission
Bunbury WA - Minor Mission
Derby WA - Minor Mission
Geraldton WA - Minor Mission

### PARISHES

CANBERRA ACT
St Alphonsa Parish
DARWIN NT
St Alphonsa Parish
BRISBANE NORTH QLD
St. Alphonsa Parish
BRISBANE SOUTH QLD
St. Thomas The Apostle Parish
TOWNSVILLE QLD
St Alphonsa Parish
ADELAIDE CENTRAL SA
St Alphonsa Parish
ADELAIDE NORTH SA
St Eupharasia Paris
ADELAIDE SOUTH SA
St Mary's Parish

MELBOURNE CATHEDRAL VIC
St Alphonsa Cathedral Parish
MELBOURNE KNANYA VIC
St Mary's Knanaya Parish
MELBOURNE SOUTH - EAST VIC
St Thomas the Apostle Parish
MELBOURNE WEST VIC
St Mary's Parish
PERTH WA
St. Joseph's Parish

### MISSIONS

CANBERRA KNANAYA ACT
Sacred Heart Knanaya Mission
PARAMATTA NSW
St Alphonsa Mission
BOWRAL NSW
St Mary's Mission
CAMPBELLTOWN NSW
St Thomas Mission
GOULBURN NSW
St. Theresa Mission
NEWCASTLE /MAITLAND NSW
St Mary's Mission

NOWRA NSW
St Jude Mission
ORANGE NSW
St Kuriakose Elias Chavara Mission
PENRITH NSW
Marian Mission
HORNSBY NSW
St THomas Mission
VILLAWOOD NSW
Christ the king Mission
WAGGA WAGGA NSW
St Mary's Mission
WOLLONGONG NSW
St Thomas Mission
WYOMING NSW
Holy Family Mission
WYONG NSW
St Alphonsa Mission
ALICE SPRINGS NT
St Mary's Mission
BRISBANE KNANAYA QLD
Holy Fmaily Knanaya Mission

CAIRNS QLD
St Thomas Mission
GOLD COAST WLD
Mary Matha Mission
IPSWICH QLD
Ave Maria Mission
SORINGFEILD QLD
st Joseph's Mission
SUNSHINE COAST QLD
St Mary's Mission
TOOWOOMBA QLD
St Mary's Mission
HOBART TAS
St Thomas Mission
BALLARAT VIC
St Mary's Mission
BENDIGO VIC
St Mary's Mission
GEELONG VIC
St Sebastian Mission
SHEPPARTON VIC
St Alhomsa Mission

# അപ്പോസ്തോലിക വസതി: പാരമ്പര്യം പുനഃസ്ഥാപിച്ച് ലെയോ മാർപാപ്പ



വത്തിക്കാൻ സിറ്റി: പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ വത്തിക്കാനിലെ തന്റെ ഔദ്യോഗിക വസതിയിലേക്ക് താമസം മാറ്റി. പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടതിന് ഏതാണ്ട് പത്ത് മാസങ്ങൾക്ക് ശേഷമാണ്, ഫെബ്രുവരി പതിനാല് ശനിയാഴ്ച ഉച്ചകഴിഞ്ഞ് തന്റെ നാളിതുവരെയുള്ള താമസയിടത്തുനിന്ന് പരിശുദ്ധ പിതാവ് അപ്പസ്തോലിക കൊട്ടാരത്തിലേക്ക് താമസം മാറ്റുന്നത് സംബന്ധിച്ച വിവരം പരിശുദ്ധ സിംഹാസനത്തിന്റെ പ്രെസ് ഓഫീസ് ഡയറക്ടർ മത്തെയോ ബ്രൂണി പത്രപ്രവർത്തകരെ അറിയിച്ചത്.

2013-ൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ സ്ഥാനമൊഴിഞ്ഞ ശേഷം ചുമതലയേറ്റ ഫ്രാൻസിസ് പപ്പാ, വത്തിക്കാനിലെ സാന്താ മാർത്ത ഭവനത്തിൽ താമസിച്ചിരുന്നതിനാൽ, കഴിഞ്ഞ പതിമൂന്നോളം വർഷങ്ങളോളം ഉപയോഗിക്കാതെ കിടന്ന അപ്പസ്തോലിക കൊട്ടാരത്തിലേക്കാണ് പത്രോസിന്റെ പുതിയ പിൻഗാമി എത്തുന്നത്. വിവിധ നിലകളിലായി ഒരുക്കപ്പെട്ടിരിക്കുന്ന ഈ കൊട്ടാരത്തിൽ പരിശുദ്ധ പിതാവ് ഞായറാഴ്ചകളിൽ ഉച്ചയ്ക്ക് പ്രാർഥന നയിക്കാനായെത്തുന്ന ജനാലയുള്ള ഭാഗത്തെ ഓഫീസ്, ലൈബ്രറി, ചെറിയ ഒരു ചാപ്പൽ തുടങ്ങി നിരവധി ഇടങ്ങളാണുള്ളത്.

2025 മെയ് എട്ടിന് റോമിന്റെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടതിന് ശേഷം മെയ് 11 ന് ഈ കൊട്ടാരത്തിലെത്തിയ ലെയോ പാപ്പാ ഫ്രാൻസിസ് പിതാവ് ഉപയോഗിച്ചിരുന്നതും അദ്ദേഹത്തിന്റെ മരണത്തോടെ ഏപ്രിൽ 21 ന് അടച്ച് സീൽ ചെയ്യപ്പെട്ടതുമായ പേപ്പൽ അപ്പാർട്ട്മെന്റ് തുറന്നിരുന്നു.വിശുദ്ധ പത്താം പിയൂസ് പാപ്പായാണ് നിലവിലെ അപ്പസ്തോലിക കൊട്ടാരത്തിൽ ഇപ്പോൾ പാപ്പാ ഉപയോഗിക്കുന്ന അപ്പാർട്ട്മെന്റിൽ ആദ്യമായി താമസിച്ചത്. 1903 മുതൽ 1914 വരെയുള്ള കാലയളവിലാണ് വിശുദ്ധൻ അവിടെ താമസിച്ചിരുന്നത്.

# ദുരിതങ്ങൾക്ക് മുന്നിൽ നിശബ്ദരായിരിക്കാൻ സാധിക്കില്ല: ലെയോ പാപ്പാ

വത്തിക്കാൻ സിറ്റി: യുദ്ധങ്ങളുടെയും സംഘർഷങ്ങളുടെയും മധ്യത്തിൽ മനുഷ്യർ നേരിടുന്ന ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും കണ്ടില്ലെന്ന് നടിക്കാൻ നമുക്കാകില്ലെന്ന് പാപ്പാ. യുദ്ധങ്ങളിൽ മുറിവും പീഡനങ്ങളുമേൽക്കുന്നത് മുഴുവൻ മാനവികതയുമാണെന്ന് മാർച്ച് 22 ഞായറാഴ്ച വത്തിക്കാനിൽ പതിനായിരത്തോളം ആളുകൾക്കൊപ്പം ത്രികാലജപപ്രാർഥന നയിക്കവേ പരിശുദ്ധപിതാവ് പ്രസ്താവിച്ചു. യുദ്ധങ്ങളിൽ മുറിപ്പെടുന്ന ആളുകൾക്കൊപ്പം മുഴുവൻ മാനവികതയുമാണ് മുറിവിന്റെ വേദന പേറുന്നതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു.

മരണവും വേദനയും വിതച്ചുകൊണ്ട് ലോകത്ത് യുദ്ധങ്ങൾ തുടരുന്നത് മാനവികതയ്ക്ക് അപമാനമാണ് വരുത്തി വയ്ക്കുന്നതെന്നും, സഹനങ്ങളിലൂടെ കടന്നുപോകുന്ന ആ ജനങ്ങളുടെ നിലവിളി ദൈവത്തിന് മുന്നിൽ എത്തുന്നുണ്ടെന്നും പാപ്പാ പറഞ്ഞു. ശത്രുതകൾ അവസാനിപ്പിക്കാൻ പരിശുദ്ധ പിതാവ് സംഘർഷങ്ങളിലായിരിക്കുന്നവരോട് ആവശ്യപ്പെട്ടു. യുദ്ധങ്ങളും സംഘർഷങ്ങളും അവസാനിപ്പിക്കുന്നതിൽ സമാധാനപരവും ആത്മാർത്ഥവുമായ ചർച്ചകളുടെ പ്രാധാന്യം എടുത്തുപറഞ്ഞ പാപ്പാ ഇതിനായി താൻ മുൻപ് നടത്തിയിട്ടുള്ള ആഹ്വാനം ശക്തമായി ആവർത്തിച്ചു.



# ആർച്ചുബിഷപ്പ് ലെയോപോൾദോ ജിറേല്ലിക്ക് പുതിയ ദൗത്യം



ന്യൂഡൽഹി: ഭാരതത്തിലെയും നേപ്പാളിലെയും വത്തിക്കാൻ പരിശുദ്ധ സിംഹാസനത്തിന്റെ പ്രതിനിധിയായി സേവനമനുഷ്ഠിച്ചിരുന്ന ആർച്ച്ബിഷപ്പ് ലിയോപോൾഡോ ജിറേല്ലിയെ (73) ക്രൊയേഷ്യയിലെ പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോയായി ലെയോ പതിനാലാമൻ പാപ്പ നിയമിച്ചു. ഇത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം മാർച്ച് 13 ന് വത്തിക്കാൻ നടത്തി. 2021 മാർച്ച് 13 മുതൽ അദ്ദേഹം ഭാരതസഭയിൽ സേവനമനുഷ്ഠിച്ചു വരികയായിരുന്നു. നിരവധി തവണ കേരളംസന്ദർശിച്ചിട്ടുണ്ട്. 1953 മാർച്ച് 13ന് വടക്കൻ ഇറ്റലിയിലെ ലൊംബാർഡിയിലെ ബെർഗാമോയിലുള്ള പ്രിഡോറെയിലാണ് ജനനം. 1987 ജൂലൈ മാസത്തിലാണ് വത്തിക്കാന്റെ നയതന്ത്ര വിഭാഗത്തിലേക്ക് നിയമിക്കപ്പെടുന്നത്. കാമറൂണിലെയും ന്യൂസിലൻഡിലെയും പാപ്പയുടെ നയതന്ത്ര ദൗത്യങ്ങളിൽ ഭാഗമായ മെത്രാപ്പോലീത്ത അമേരിക്കൻ വിദേശകാര്യ മന്ത്രാലയത്തിലെ വത്തിക്കാൻ വിഭാഗത്തിലും അമേരിക്കയിലെ അപ്പസ്തോലിക കാര്യാലയത്തിലെ കൗൺസിലറായും സേവനം ചെയ്തിട്ടുണ്ട്.

2006 ഏപ്രിൽ 13ന് ബെനഡിക്ട് പതിനാറാമൻ പാപ്പ അദ്ദേഹത്തെ ഇന്തോനേഷ്യയിലെ അപ്പസ്തോലിക സ്ഥാനപതിയായും കാപേരെയിലെ ടൈറ്റുലർ മെത്രാപ്പോലീത്തയായും നിയമിച്ചിരുന്നു. സിംഗപ്പൂർ, മലേഷ്യ, ബ്രൂണൈ, ഇസ്രായേൽ എന്നിവിടങ്ങളിലെ ന്യൂൺഷോയായും ജെറുസലേം, പലസ്തീൻ എന്നിവടങ്ങളിലെ അപ്പസ്തോലിക പ്രതിനിധിയായും വിയറ്റ്നാമിന്റെ നോൺ റെസിഡൻഷ്യൽ പൊന്തിഫിക്കൽ പ്രതിനിധി 'അസോസിയേഷൻ ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യൻ നേഷൻസ്' (ഏഷ്യൻ) ന്റെ അപ്പസ്തോലിക ന്യൂൺഷോയായും സേവനം ചെയ്തിട്ടുണ്ട്. ഭാരതത്തിനുള്ള പുതിയ അപ്പസ്തോലിക് ന്യൂൺഷോയുടെ പ്രഖ്യാപനം ഉടനെയുണ്ടാകുമെന്നാണ് സൂചന.

# ദൈവവിളിയുടെ മനോഹാരിത തിരിച്ചറിയണം: ലെയോ പാപ്പാ



വത്തിക്കാൻ സിറ്റി: ആദ്ധ്യാത്മികതയുടെ കണ്ണുകളോടെ നോക്കുന്നവർക്ക് ഇടയനായ ക്രിസ്തുവിന്റെ പിന്നാലെയുള്ള യാത്ര ഏറെ ഭംഗിയുള്ളതാണെന്ന് തിരിച്ചറിയാനാകുമെന്ന് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ. ഈ വർഷത്തെ ഉയിർപ്പ് കാലം നാലാം ഞായറാഴ്ച ആചരിക്കപ്പെടുന്ന ദൈവവിളികൾക്കുവേണ്ടിയുള്ള അറുപത്തിമൂന്നാമത് ആഗോള പ്രാർത്ഥനാദിനത്തോടനുബന്ധിച്ച് നൽകിയ സന്ദേശത്തിലാണ് പരിശുദ്ധ പിതാവ് ദൈവവിളിയുടെ പ്രത്യേകതകളും മൂല്യവും എടുത്തുപറഞ്ഞത്. ആടുകൾക്ക് വേണ്ടി സ്വജീവൻ നൽകാൻ തയ്യാറാകുന്ന നല്ലിടയനായ യേശുവിനെ അനുഗമിക്കുന്നവർ അവന്റേതിന് സമാനമായ മനോഹരമായ ജീവിതമാണ് നയിക്കുകയെന്നും പരിശുദ്ധ പിതാവ് ഓർമ്മിപ്പിച്ചു. ദിവ്യകാരുണ്യ ആരാധനയിലൂടെയും വചനധ്യാനത്തിലൂടെയും അനുദിനജീവിതത്തിൽ മുന്നോട്ട് പോയി, വിവാഹജീവിതം, പൗരോഹിത്യം, സ്ഥിരം ഡീക്കന്മാരാകാനുള്ള വിളി, സമർപ്പിത-സെക്കുലർ ജീവിതരീതികൾ എന്നിവയിലൂടെ തങ്ങളെത്തന്നെ സമർപ്പിക്കാനും ദൈവത്തെ അടുത്തറിയാനും ഏവരെയും പാപ്പാ ക്ഷണിച്ചു. എല്ലാ ദൈവവിളികളും അവ സ്വീകരിക്കുന്നവർക്കും സഭയ്ക്കും വേണ്ടിയുള്ള വലിയൊരു ദാനമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

സജീവമായ വിശ്വാസവും തുടർച്ചയായ പ്രാർത്ഥനയും സഹോദര്യപൂർണ്ണമായ പിന്തുണയും ഉണ്ടെങ്കിലേ ദൈവവിളികൾ പൂക്കുകയും പക്വത പ്രാപിക്കുകയും ചെയ്യുകയുള്ളൂ എന്നും, അത് ലോകത്തിന് മുഴുവൻ സന്തോഷത്തിന്റെയും രക്ഷയുടെയും മാർഗ്ഗമായിത്തീരുമെന്നും പാപ്പാ ഓർമ്മിപ്പിച്ചു. കുടുംബങ്ങൾ, ഇടവകകൾ, സമർപ്പിതസമൂഹങ്ങൾ, മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ, മതാദ്ധ്യാപകർ, അല്മായർ എന്നിവരടങ്ങുന്ന വിശ്വാസിസമൂഹം ഒന്നടങ്കം ദൈവവിളിയെന്ന ദാനം സ്വീകരിക്കപ്പെടുന്നതിനും പോഷിപ്പിക്കപ്പെടുന്നതിനും സമൃദ്ധമായ വിളവ് നൽകുന്നതിനും വേണ്ടി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യണമെന്ന് പാപ്പാ ആഹ്വാനം ചെയ്തു. ദൈവഹിതം കൂടുതൽ മനസ്സിലാക്കാൻ സഹായിക്കുന്ന ആധികാരികവും സഹോദര്യപൂർണ്ണവുമായ ബന്ധങ്ങളുടെയും, വിളിയെ വളർത്താൻ സഹായിക്കുന്ന ആദ്ധ്യാത്മിക വഴികാട്ടിയുടെയും പ്രാധാന്യം സന്ദേശത്തിൽ എടുത്തുപറഞ്ഞു. ദൈവവിളി അതിന്റെ പൂർണ്ണമായ മനോഹാരിതയിൽ യാഥാർത്ഥ്യമാകുന്നതിന് പരിശുദ്ധാത്മാവിന്റെ പ്രകാശത്തിലുള്ള വിചിന്തനം അത്യാവശ്യമാണെന്നും പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിച്ചു.



15-ാം ചരമവാർഷികം
**കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ**
(സീറോമലബാർ സഭയുടെ രണ്ടാമത്തെ മേജർ ആർച്ചുബിഷപ്പ്)



31-ാം ചരമവാർഷികം
**മാർ അബ്രാഹം കാട്ടുമന**
(1992 മുതൽ 1995 വരെ സീറോമലബാർ സഭയുടെ പൊന്തിഫിക്കൽ ഡെലിഗേറ്റ്)